എ. കെ. സി. സി.



"ധീരതയോടെ ഭരിച്ചോള"

ബുള്ളറിൻ.

BANGALORE COLLEGE LIBRARY

VOL. 16. No. 3
MARCH 1964

ലക്ഷ്യവും പരിപാടിയും

സമുദായ പ്രവർത്തനത്തിൽ 60-ൽപരം വർഷത്തെ പരിചയവും പഴക്കവുമുള്ള എ. കെ. സി. സി. ഒരു പുതിയ ഘട്ടത്തിലേയ്ക്കു പ്രവേശിക്കുകയാണു്. എ. കെ. സി. സി. ശാഖയില്ലാത്ത ഒരൊറ്റ ഇടവകയും അതിലംഗമല്ലാത്ത ഒരൊറ്റ വിശ്വാസിയും അതിന്റെ പരിപാടി അറിയാത്ത ഒരൊറ്റ കേരളീയനും ഇനി കേരളത്തിൽ ഉണ്ടായിരിക്കരുതു്.

കേരളത്തിലങ്ങോളമിങ്ങോളം ശാഖകൾ സ്ഥാപിച്ചും രൂപതാടിസ്ഥാനത്തിൽ സംഘടിച്ചും ഇടവകതോറും പ്രവർത്തിച്ചുംവരുന്ന എ. കെ. സി. സി. യിൽ ആഴ്ചതോറും ആയിരക്കണക്കിനു് അംഗങ്ങൾ ചേർന്നുകൊണ്ടിരിക്കുകയാണു്. സമുദായത്തിന്റെ സർവ്വം സ്പർശിയായ അഭ്യുദയത്തിനായി മിഷനറിപിയോടെ രംഗത്തിറങ്ങിയിരിക്കുന്ന വമ്പിച്ച ഒരു ജനാവലിയെ ഞങ്ങൾ കാണുന്നു. ഈ ശുഭാവസരത്തിൽ സംഘടനയുടെ ലക്ഷ്യത്തെയും പരിപാടിയെയും വിശദീകരിക്കാനും വ്യാഖ്യാനിക്കാനും ആവശ്യപ്പെട്ടുകൊണ്ടു് കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഇവിടെ കത്തുകൾ വന്നുകൊണ്ടിരിക്കുകയാണു്.

സഭാഭരണം സംബന്ധിച്ച കാര്യങ്ങളിൽ ഇടപെടാതെയും ഒരു തനി രാഷ്ട്രീയ കക്ഷിയായി നിലകൊള്ളാതെയും കേരളീയ കത്തോലിക്കരുടെ മതപരവും സാമുദായികവും, സാംസ്ക്കാരികവും സാമ്പത്തികവും രാഷ്ട്രീയവുമായ താല്പര്യങ്ങളുടെ പരിരക്ഷണത്തിനും സമുദായത്തിന്റെ സർവ്വതോന്മുഖമായ ഉൽക്കർഷത്തിനും വേണ്ടി യത്നിക്കുകയാകുന്നു ഈ കോൺഗ്രസിന്റെ ലക്ഷ്യം.

വ്യക്തവും വിപുലവുമായ ഒരു പരിപാടിയുമുണ്ടു് കോൺഗ്രസിനു്. അതതു കാലങ്ങളിൽ പ്രാധാന്യമർഹിക്കുന്ന പൊതുപ്രശ്നങ്ങളും സംബന്ധിച്ചു് സമുദായാംഗങ്ങൾക്കു് പ്രബോധനം നൽകുകയും പൊതുജനാഭിപ്രായം രൂപവൽക്കരിക്കുകയുംചെയ്യുക; സമുദായാംഗങ്ങളുടെ പൗരാവകാശങ്ങളെയും അവശതകളെയുംപറ്റി യഥാസ്ഥാനങ്ങളിൽ ഉൽബോധിപ്പിക്കുകയും അവശതാപരിഹാരത്തിനും അവകാശപ്രാപ്തിക്കും ഉപയുക്തമായ നടപടികളും സ്വീകരിക്കുകയും ചെയ്യുക; സമുദായാംഗങ്ങളുടെ സാമ്പത്തികോന്നമനത്തിനു വേണ്ടിയുള്ള പദ്ധതികളും ആവിഷ്കരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക; ദരിദ്രജനങ്ങൾ, തൊഴിലാളികൾ മുതലായവർ അർഹിക്കുന്ന സാമൂഹ്യനീതി അവർക്കു ലഭിക്കുന്നതിനും തൊഴിലാളികൾക്കു് ജീവിതവേതനം നൽകപ്പെടുന്നതിനും വേണ്ടി യത്നിക്കുകയും മേൽപറയപ്പെട്ടവരുടെ ഉൽക്കർഷത്തിനു വേണ്ടി ലഘുനിക്ഷേപപദ്ധതികളും, സഹകരണസംഘങ്ങളും, ശവസംസ്ക്കാരനിധികളും, വിവാഹസഹായനിധികളും, ഭവനനിർമ്മാണ പദ്ധതികളും ആദിയായവ ഏർപ്പെടുത്തുകയുംചെയ്യുക; സമുദായാംഗങ്ങളിൽ മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുക; കത്തോലിക്കസഭയുടെ വിദ്യാഭ്യാസാദർശങ്ങൾ പുലർത്തുന്നതിനു വേണ്ടി വിദ്യാർത്ഥിസദനങ്ങളും, നിശാപാഠശാലകളും, വയോജനവിദ്യാഭ്യാസകേന്ദ്രങ്ങളും, വായനശാലകളും, ഗ്രന്ഥാലയങ്ങളും, മുദ്രാലയങ്ങളും, പത്രങ്ങളും, സാമൂഹ്യപ്രവർത്തനകേന്ദ്രങ്ങളും ഇവ നടത്തുകയോ ഇവയ്ക്കു് ധനസഹായം ചെയ്യുകയോ ചെയ്യുക; നിർദ്ധനരായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസപ്രോത്സാഹനാർത്ഥം വിദ്യാഭ്യാസനിധികളും ഏർപ്പെടുത്തുകയും വേതനങ്ങളും സഹായധനങ്ങളും കടവായ്പയും നൽകുകയും ചെയ്യുക; സമുദായാംഗങ്ങളും തമ്മിൽ ഉണ്ടാകുന്ന വ്യവഹാരങ്ങളും രഞ്ജകസമിതികളും ഏർപ്പെടുത്തി ഒത്തുതീർപ്പിൽ അവസാനിപ്പിക്കുക; അടിയന്തിരങ്ങളും, വസ്ത്രാഭരണങ്ങളും ആദിയായവയിൽ സമുദായാംഗങ്ങൾ മിതത്വം പാലിക്കുന്നതിനുവേണ്ട പ്രചരണം നടത്തുകയും പ്രോദ്ദനം നൽകുകയും ചെയ്യുക; സമുദായാംഗങ്ങളുടെ കലാപരവും സാഹിത്യപരവുമായ പ്രോത്സാഹനത്തിനും അഭിവൃദ്ധിക്കും വിജ്ഞാനത്തിനും വേണ്ടി കലാപരിപാടികളും, മത്സരങ്ങളും, പ്രദർശനങ്ങളും മുതലായവ നടത്തുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുക; കത്തോലിക്കസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ഗ്രന്ഥങ്ങൾ പ്രചരിപ്പിക്കുന്നതിനും ഒരു പ്രസിദ്ധീകരണശാലയും വിവിധ കേന്ദ്രങ്ങളിൽ ബുക്ക്സ്റ്റാളുകളും ഏർപ്പെടുത്തുക; സമുദായത്തിലെ സ്ത്രീകളുടെ പുരോഗമനത്തെ സഹായിക്കുന്നതിനു് മഹിളാസമാജങ്ങൾ സംഘടിപ്പിച്ചു് പ്രത്യേക പ്രവർത്തനപദ്ധതികളും സ്വീകരിക്കുക; സമുദാ



''നിങ്ങളുടെ പൂവൻകോഴി അമേരിക്കൻപൂവൻകോഴിയാണെന്നു പറയാൻ കാര്യമെന്താ?''

''അവൻ ദിവസവും നട്ടുച്ചനേരത്താണു കൂവുക. ആ സമയം അമേരിക്കയിലാണു പാതിരാത്രി.''

X X X

പ്രായം ചെന്ന തന്റെ മകൾക്കൊരു 40 വയസ്സുള്ള ചെറുക്കനെ വേണമെന്നു പറഞ്ഞതനുസരിച്ചു വിവാഹദല്ലാൾ വളരെനാൾ അന്വേഷിച്ചു. ഒരു ദിവസം അയാൾ വന്നിട്ടു പറഞ്ഞു. ''സാർ 40 വയസ്സുള്ള ആളിനെ കണ്ടുകിട്ടാൻ പ്രയാസം. ഇരുപതു വയസ്സുവീതമുള്ള രണ്ടു പേരായാലെന്താ?''

X X X

''ഈ പഞ്ചായത്തിനകത്തിരുന്നു പഴമെല്ലാം എവിടെടാ? അപ്പൻ അപ്പുക്കുട്ടനെ വിളിച്ചു ചോദിച്ചു.

''കച്ചി തിന്നിട്ടു പശുവിനു കരച്ചിലാരുന്നു....''

''അതിനു?''

''പഴം തിന്നേച്ചു തൊലിയെല്ലാം പശുവിനു കൊടുത്തു.''

X X X

''പാൽ നമുക്കു ഒഴിച്ചുകൂട്ടുവാൻ പാടില്ലാത്ത ഒരു വസ്തുവാണു്. കാരണം പറയണം?''

''സാർ, പാൽ ഒഴിച്ചാൽ അതു ഒലിച്ചുപോകും.''

X X X

കാമുകൻ കാമുകിയുമായി തെറ്റിപ്പിരിഞ്ഞപ്പോൾ പറഞ്ഞു.

''ശരി, എന്റെ ഓർമ്മക്കായി ഞാൻ നിനക്കു സമ്മാനിച്ച തുവാല എവിടെ?'' കാമുകി ഒരു വലിയ തോണ്ടക്കെട്ടു അയാളുടെ മുന്നിൽക്കൊണ്ടുവച്ചിട്ടു പറഞ്ഞു: ''ഇതാ ഇതിൽനിന്നും നിങ്ങളുതന്നതു ഏതാണെന്നുവച്ചാൽ തിരഞ്ഞെടുത്തുകൊള്ളൂ.

X X X

''അറിഞ്ഞില്ലേ—നമ്മുടെ വടക്കേതിലെ അന്തപ്പനെ കറന്റടിച്ചു.''

''അല്ലെങ്കിലും അവനെ ആരും അടിക്കുമെടീ. അവന്റെ സ്വഭാവം അരത്തമാ.';

X X X

കുമ്പസാരിക്കുവാൻചെന്ന വൈദികനോടു പാപം പറഞ്ഞു. ''അച്ഛനും അമ്മയും പറഞ്ഞാൽ അനുസരിക്കയില്ല.''

''അച്ഛനേയും അമ്മയേയും അ

യത്തിലെവിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും സാമൂഹ്യസേവനപരിശീലനം നൽകുന്നതിനുവേണ്ടി ക്യാമ്പുകൾ, പഠനക്ലാസുകൾ ആദിയായവ നടത്തുക; സമുദായത്തിലെ വിദ്യാർത്ഥികളെയും യുവജനങ്ങളെയും തൊഴിലാളികളെയും സംഘടിപ്പിക്കുകയും അവർക്കു നേതൃത്വം നൽകുകയും ചെയ്യുക; ഈ കോൺഗ്രസിന്റെ ലക്ഷ്യപ്രാപ്തിയ്ക്കുവേണ്ടി ബഹുജനസമ്മേളനങ്ങളും ചർച്ചായോഗങ്ങളും വിളിച്ചുകൂട്ടുകയും പ്രസിദ്ധീകരണങ്ങൾ പുറപ്പെടുത്തുകയും ചെയ്യുക; ഈ കോൺഗ്രസിന്റെ പ്രവർത്തനം ജനതാമധ്യത്തിൽ പ്രചരിക്കുന്നതിനു വേണ്ടി ഇതിന്റെ ഔദ്യോഗിക ജിഹ്വയായി ഒരു ആനുകാലികപത്രിക പ്രസിദ്ധപ്പെടുത്തുക; കത്തോലിക്കാ സഭയുടെ ആദർശങ്ങൾക്കും തത്വങ്ങൾക്കും പ്രബോധനങ്ങൾക്കും ഈ കോൺഗ്രസിന്റെ ഭരണഘടനയ്ക്കും പ്രഖ്യാപിത നയത്തിനും വിരുദ്ധമാകാത്ത വിധത്തിൽ രാഷ്ട്രത്തിന്റെയും സമുദായത്തിന്റെയും നന്മയെ ലക്ഷ്യമാക്കി ഇതരസമുദായങ്ങളും അവരുടെ സംഘടനകളുമായി കഴിയുന്നത്ര സമ്പർക്കംപുലർത്തുകയും സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യുക—ഇവയാണു് എ. കെ. സി. സി. യുടെ പ്രഖ്യാപിത പരിപാടി. ഇവയിൽ ഓരോന്നിനെപ്പറ്റിയും ധാരാളമായി വ്യാഖ്യാനിക്കാനും വിശദീകരിക്കാനുമുണ്ടെങ്കിലും അവയെല്ലാം സമുദായാഭിമാനികളുടെ ചർച്ചക്കും ചിന്തയ്ക്കും തല്ക്കാലം വിട്ടുകൊടുക്കുകയാണു്.

ഈ പരിപാടി കേരളത്തിന്റെ ഒരറ്റംമുതൽ മറ്റേ അറ്റംവരെ പ്രാവർത്തികമാക്കാൻ കിണഞ്ഞുത്സാഹിക്കുന്ന സംഘടനയ്ക്കു് മൂന്നു പ്രധാന കാര്യങ്ങളെ അഭിമുഖീകരിക്കേണ്ടതുണ്ടു്. ക്ഷയിക്കാത്ത സാമ്പത്തികസ്ഥിതി. ഇടവകതോറും പ്രവർത്തിക്കാൻ ക്രൈസ്തവചൈതന്യമുള്ള ഒരുകൂട്ടം ധർമ്മഭടന്മാർ തയ്യാറാകുന്ന, സമുദായപ്രശ്നങ്ങളെ പഠിച്ചു മറ്റുള്ളവരെ അതേരീതിയിൽ ചിന്തിപ്പിക്കാൻ കഴിവുള്ളവരുടെ ഒരു വ്യൂഹം—ഈ മൂന്നു മണ്ഡലങ്ങളും വിപുലമാക്കുകയും വ്യവസ്ഥാപിതമാക്കുകയും സ്ത്രീകളും പുരുഷന്മാരും അംഗങ്ങളായി ജാഗ്രൂകരായി പ്രവർത്തിക്കുകയും വൈദികരും അവൈദികരും കൂടുതൽ അടുത്തു സഹകരിക്കുകയും രാഷ്ട്രീയ ഭിന്നാഭിപ്രായങ്ങൾ സമുദായപ്രവർത്തനങ്ങളെ ബാധിക്കാതെ സൂക്ഷിക്കുകയും ചെയ്താൽ അഞ്ചുമിനിട്ടുകൊണ്ടു കേരളത്തിലുടനീളം വിജയപ്രദമായി നടപ്പിലാക്കാവുന്നതേയുള്ളു സംഘടനയുടെ ലക്ഷ്യവും പരിപാടിയും.

(എഡിറ്റർ)

"തൊഴിലാളി": പാവങ്ങളുടെ പടവാൾ

കേരളം മുഴുവൻ ചുറ്റിനടന്ന അവശർക്കും ആലംബഹീനർക്കും വേണ്ടി ഒരു രക്ഷകനെപ്പോലെ ശബ്ദിക്കുന്ന യുഗപ്രഭാവനായ ഫാദർ വടക്കന്റെ സ്വരം കേരളത്തിലങ്ങോളമിങ്ങോളം മാറ്റൊലിക്കൊള്ളും. പലർക്കും ഒരു പ്രശ്നമായ ആ ധീരഭടൻ ഇന്നു പല പ്രശ്നങ്ങൾക്കും പരിഹാരം കുണ്ടുത്തുന്ന പ്രതിഭാശാലിയാണു്. ഫോർട്ടുകൊച്ചിയിൽ നൽകിയ സ്വീകരണയോഗത്തിൽ ''തൊഴിലാളി'' പത്രധർമ്മത്തെ വിശദീകരിച്ചുകൊണ്ടു ചെയ്ത പ്രസംഗം.

(ഫാദർ വടക്കൻ)



ഈ നാധിപത്യ രേണത്തെ സ്നേഹിക്കുന്ന പൗരവേദിയിലെ ഒരു മുന്നണിപ്പോരാളിയാണു് പത്രം. ഒരു പ്രത്യേക ആദർശത്തിനു വേണ്ടിയാണു് ഞാനും എന്റെ പത്രവും സഹപ്രവർത്തകരും നിലകൊള്ളുന്നതു്. പാവപ്പെട്ടവർക്കും ഈ രാജ്യത്തു ജീവിക്കേണ്ടതുണ്ടു്. ദുരിതങ്ങളും പുരോഗതിയെ കൂടിയാലും ശരി ഞങ്ങളും ഈ അഭിപ്രായത്തിൽ തന്നെ ഉറച്ചു നിൽക്കുമെന്നതിന്റെ അച്ചാരമായിട്ടാണു് ഞാൻ ഈ സംഭാവന നിങ്ങളിൽ നിന്നു സ്വീകരിക്കുന്നതു്.

തൊഴിലാളി നിധിയിലേക്കുള്ള സംഭാവനകൾ സ്വീകരിക്കുന്നതിനുവേണ്ടി അടുത്തയവസരത്തിൽ താൻ കൊട്ടിയൂർ പ്രദേശം സന്ദർശിച്ചപ്പോൾ ഉണ്ടായ അനുഭവങ്ങൾ എന്നിൽ പുളകമുണ്ടാക്കിയ കഥ ഞാൻ അനുസ്മരിക്കുന്നു. നാലോ അഞ്ചോ പ്രാവശ്യമേ ഞാനവിടെ ഇതിനു മുമ്പു ചെന്നിട്ടുള്ളൂ. എന്നാലും ഈയവസരത്തിൽ ഞാനവിടെ ചെന്നപ്പോൾ ലഭിച്ച സ്വീകരണങ്ങളും അവരുടെ സ്നേഹവായ്പുകളുടെ പ്രകടനങ്ങളും കണ്ടപ്പോൾ രണ്ടു വർഷമെങ്കിലും നിരന്തരമായി എന്തെങ്കിലും ഞാനവർക്കു വേണ്ടി പ്രവർത്തിച്ചിരുന്നെങ്കിൽ എന്നു ഞാൻ ഓർത്തുപോയി. ആ അനുഭവം വച്ചുകൊണ്ടു് ഇന്നാട്ടിലെ പ്രതിലോമശക്തികളോടു ചിലതു ഉറച്ചു പറയുവാൻ ഞാൻ ധൈര്യപ്പെടുന്നു.

പ്രതിലോമശക്തികളോടു്

ഞാൻ ഒരു രാഷ്ട്രീയപ്രവർത്തകനൊന്നുമല്ല. ആദ്യന്തികമായും ഞാനൊരു സാമൂഹ്യപ്രവർത്തകൻ മാത്രമാണു്. സാമൂഹികമായ കാഴ്ചപ്പാടിലൂടെയായിരിക്കും ഞാൻ കാര്യങ്ങളും വിലയിരുത്തുന്നതും വിമർശിക്കുന്നതും. അതു് ആരോടുമുള്ള പ്രത്യേക വിരോധംകൊണ്ടോ പ്രത്യേകമതം കൊണ്ടോ അല്ല. അടിസ്ഥാനപരമായി സാമൂഹ്യദോഹംകൊണ്ടു മാത്രമാണു്.

തെറ്റു് ആരു ചെയ്താലും എതിർക്കും

കൊട്ടിയൂർ ലഭിച്ച സ്വീകരണത്തെപ്പറ്റി ഞാൻ നേരത്തെ പറഞ്ഞുവല്ലോ, അവിടെ നിന്നു ഞാൻ പ്രതീക്ഷിച്ചിരുന്നതിലേറെയായിരുന്നു തൊഴിലാളി നിധിയിലേക്കു ലഭിച്ച സംഭാവനകൾ. ഒരു മനുഷ്യനും അവിടെ ചെന്നാൽ ഇത്ര നല്ല സ്വീകരണം ലഭിച്ചെന്നു വരില്ല. ഇതു് എന്റെ പ്രവർത്തനത്തിന്റെ മെച്ചംകൊണ്ടല്ല വലിപ്പം പറയുകയുമല്ല. സ്നേഹമുള്ളവരെ കാണാനാണു് ജനങ്ങൾ ദാഹിക്കുന്നതു്. മറ്റുള്ളവർ ധൈര്യമായി അവരുടെ കാര്യത്തിൽ മുന്നോട്ടു വരാതിരുന്നതുകൊണ്ടാണു് എനിക്കങ്ങനെയുള്ള സ്വീകരണം ലഭിച്ചതു്. സ്വാർത്ഥം ഞങ്ങളേയും സ്പർശിക്കുന്നപക്ഷം അന്നു ഞങ്ങളും നശിക്കും.

കഷ്ടം-തൊഴിലാളിപ്പാർട്ടി തന്നെ അധികാരത്തിൽ വന്നാലും ശരി അവരും തെറ്റു ചെയ്യുന്ന പക്ഷം അതിനെ ഞാൻ എതിർത്തുകൊള്ളുമെന്നു നിങ്ങൾക്കുറപ്പു തരുന്നു.

ഞാൻ അവിടെ പോയി. പോലീസു് പള്ളിയിൽ കടന്നു നടത്തിയ മർദ്ദനത്തിന്റെ ഫലമായി തെറിച്ച രക്തത്തുള്ളികളും അവിടെ പതിഞ്ഞിരിക്കുന്നതു് ഞാൻ കണ്ടു.

നാം വളരെ കഷ്ടപ്പെട്ടു് അധികാരത്തിൽ കയറ്റിയ മന്ത്രിമാരുടെ കീഴിലുള്ള പോലീസു് ഒരു മുസ്ലീം പള്ളിക്കകത്തു കയറി ആ വിധം തല്ലിയതു് കണ്ടപ്പോൾ ഞാൻ വികാരഭരിതനായി. അതിനെ ഞാൻ ശക്തിയായി എതിർത്തു. ഒരു ഹിന്ദുക്ഷേത്രത്തിലായിരുന്നു ഇങ്ങനെ സംഭവിച്ചിരുന്നതെങ്കിലും അതേ വികാരം എന്നിൽ ഉളവാകുമായിരുന്നു. ഇതിനെപ്പറ്റി ഞാൻ എതിർത്തതു് പലർക്കും ഇഷ്ടപ്പെട്ടിട്ടുണ്ടായിരുന്നില്ല.

ഒരു പ്രത്യേക ആദർശത്തിനുവേണ്ടിയാണു് എന്റെ പത്രവും സഹപ്രവർത്തകരും നിലകൊള്ളുന്നതു്. അതിൽ ഉറച്ചു നിൽക്കുന്ന ഞങ്ങൾക്കു് പലരേയും എതിർക്കുകയും അഭിനന്ദിക്കുകയും വേണ്ടിവരും. അതു് ആരോടെങ്കിലുമുള്ള പ്രത്യേകവിരോധംകൊണ്ടോ പ്രത്യേകമതം കൊണ്ടോ അല്ല. അടിസ്ഥാനപരമായി സാമൂഹ്യദോഹംകൊണ്ടു മാത്രമാണു്.

നസരിപ്പിക്കാനുള്ള കടമ നിനക്കില്ല മകനേ.''

X X X

അങ്ങേ വീട്ടിലൊരു പ്രസവം നടന്നു. ഭാര്യപറഞ്ഞു.

''ആണോ പെണ്ണോ?''

''ഇതെന്തോ ചോദ്യമാ? ആണങ്ങളെവിടെയെങ്കിലും പ്രസവിച്ചുകേട്ടിട്ടുണ്ടോ?''

X X X

മകൻ കാണിക്കുന്ന കുസൃതി കണ്ടിട്ടു് അമ്മ കോപിച്ചു പറഞ്ഞു— ''ഇന്നച്ചനിങ്ങോട്ടു വരട്ടെ. ഞാൻ ശരിയാക്കിയേക്കാം.''

''എൻറമ്മച്ചീ, അച്ചൻ പാവമാ. അച്ചനെ ഒന്നും ചെയ്യരുതു്.''

ജനാധിപത്യത്തെ സ്നേഹിക്കുന്ന പൗരപ്രമുഖരിലെ ഒരു മുന്നണിപ്പോരാളിയാണ് "തൊഴിലാളി" പത്രം. ആ ചുമതല ശരിയായി നിറവേറ്റിക്കാൻ കഴിയാതെ വന്നാൽ, അതിനു പ്രായശ്ചിത്തം വളച്ചൊടിക്കേണ്ടി വന്നാൽ തൊഴിലാളി അന്നു ഞാൻ നിർത്തും. അങ്ങിനെ ഒരു ഘട്ടവും ഒരു പക്ഷെ നേരിട്ടേക്കാം. അത്രയ്ക്കു ഭീഷണിയും പ്രതിലോമത്തവും, അതിനെതിരായി ആഞ്ഞടിക്കുന്നുണ്ട്. ബുദ്ധിക്ക് തകരാറില്ലാത്തിടത്തോളം കാലം ഈ പ്രതിലോമശക്തികളേയും നെയാമികമായി തന്നെ കമ്മ്യൂണിസത്തേയും ഞാൻ എതിർക്കുന്നതായിരിക്കും.

താത്വികമായി കമ്മ്യൂണിസത്തിനു പരാജയം

കമ്മ്യൂണിസം ഇവിടെ വിജയിച്ചിരിക്കയാണെന്നോ, വിജയിക്കുമെന്നോ എനിക്കു അഭിപ്രായമില്ല. കറേക്കാലം കൂടി അവക്കു വല്ല വിജയവും സിദ്ധിച്ചേക്കാം. പക്ഷെ താത്വികമായി കമ്മ്യൂണിസം പരാജയപ്പെട്ടിരിക്കയാണ്. അധ്യാത്മികതത്വത്തിനാണ് വിജയം സിദ്ധിച്ചു വരുന്നതു് ജോൺ മാർപ്പാപ്പാ തിരുമേനിയെ താൻ സന്ദർശിച്ച കാര്യം ഫാദർ അനസ്മരിച്ചു. അദ്ദേഹത്തിന്റെ തല തൊട്ട കാല വരെ മുഴുവൻ ഏയേമായിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തെ സന്ദർശിച്ച ക്രൂഷ്ചേവിന്റെ മകനും കണ്ണുനീരുമായി പുറത്തേക്കു വന്നതു്. അവരുടെ ഭീതിയാണ്. ഇപ്പോൾ സ്റ്റാലിയന്റെ പ്രേതത്തെയായ പത്രാധിപർ, വികാരാത്മകനായിട്ടാണ് ജോൺ മാർപ്പാപ്പായുടെ സന്നിധിയിൽ നിന്നു പുറത്തു വന്നതു്.

ഭൗതികത്വം ആദ്ധ്യാത്മികത്വവുമായി അടുത്തു വരികയാണ് നമ്മെ കാണുന്ന കമ്മ്യൂണിസ്റ്റുകാരും എല്ലാവരും തന്നെ ദൈവത്തിനും മതത്തിനും എതിരായിട്ടുള്ളവരൊന്നുമല്ല. ദൈവത്തിനും മതത്തിനും എതിരായതുകൊണ്ടാണ് കമ്മ്യൂണിസത്തിന്റെ ആ തത്വശാസ്ത്രം മുഴുവൻ മനസ്സിലാക്കിയിട്ടോ അതിൽ ചെന്നു പെട്ടവരല്ല അവർ. അവർ മുഴുവൻ കൊള്ളരുതാത്തവരാണെന്നു പറയാനുമില്ല. സാമൂഹ്യനീതി പുലർന്നു കാണുന്നവരാണ് അവരിൽ പലരും. തൊഴിലാളികൾക്കു ന്യായമായ കൂലി കിട്ടാനുള്ള പ്രവർത്തനത്തിൽ അവർ വളരെയധികം സഹിച്ചിട്ടുണ്ട്. സാമൂഹ്യനീതിയായിരുന്നു അവരുടെ ലക്ഷ്യം. അതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ പ്രമാണികൾക്കു് ഇഷ്ടപ്പെടില്ല. ഔചിത്യാത്മകത്വത്തിനുവേണ്ടി ഈ പ്രമാണികം അങ്ങിനെയുള്ള പ്രവർത്തകരെ കമ്മ്യൂണിസ്റ്റു മുദ്രകുത്തുകയും, മതത്തിനെതിരാക്കുകയും കമ്മ്യൂണിസ്റ്റ് പാളയത്തിലേക്ക് തള്ളിവിടുകയുമാണ് ചെയ്തിട്ടുള്ളതു്.

തുണിയില്ലാത്ത പരിഷ്ക്കാരം

ചില പിള്ളേരുടെ വസ്ത്രധാരണം കണ്ടാൽ ഉന്തിയും പൊന്തിയും നില്ക്കുന്ന ഭാഗങ്ങളും പുറത്തു തള്ളിയിട്ട കണ്ടവരെയെല്ലാം ആകർഷിച്ചിട്ടുപ്പിക്കാൻ നടക്കുന്ന തെരുവുതെണ്ടികളാണെന്നേ തോന്നുകയുള്ളു. തുണി ഒട്ടും ധരിക്കാത്ത കാലം വരുമോ?

(ജോർജ്ജ് അന്തിക്കാട്)

നാം ഇന്നോളം കണ്ടുവരുന്നതു് എല്ലാം ഫാഷനുകളാണ്. കെട്ടിടങ്ങളും, വണ്ടികളും എന്നിങ്ങനെ ഏതു കാര്യത്തിലും ഫാഷനുകളാണ്. മനുഷ്യന്റെ കാര്യത്തിലും അവ

കമ്മ്യൂ: പ്രവർത്തകരിൽ ഉറച്ച ഈശ്വരവിശ്വാസികളുണ്ട്

ശബരിമലക്കു നോമ്പുനോറ്റിരിക്കുന്ന എത്രയോ പേരെ കമ്മ്യൂണിസ്റ്റുകളുടെ കൂട്ടത്തിൽ നമുക്കു കാണാൻ കഴിയുന്നുണ്ട്. അവർ മുഴുവൻ നിരീശ്വരവിശ്വാസികളാണെന്നു പറയാൻ കഴിയുമോ? അവർ മുഴുവനും തന്നെ ഇതു് അഭിനയിക്കയാണെന്നു പറയാനും വയ്യ. സാമൂഹികദുരിതങ്ങൾക്കെതിരായി, ജീവിതസാഹചര്യങ്ങൾ നന്നാക്കുന്നതിനുവേണ്ടിയുള്ള സമരത്തിൽ, കമ്മ്യൂണിസത്തിലേക്കു തള്ളിവിടപ്പെട്ടിട്ടുള്ളവരുടെ ആദ്ധ്യാത്മികതയെ നശിപ്പിക്കുന്നതിനു് കമ്മ്യൂണിസത്തിനു കഴിഞ്ഞിട്ടില്ല. ഇവരെ ഈ നിലയിലേക്കെത്തിച്ചതിനു് ഇവിടത്തെ മുതലാളികളാണ് കാരണക്കാർ.

ഇന്നത്തെ രാഷ്ട്രീയസ്ഥിതിഗതികളെപ്പറ്റി എന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ടുള്ള ചില സൂചനകൾ നേരത്തെ സംസാരിച്ച പ്രാസംഗികർ നടത്തുകയുണ്ടായി. അതിലേക്കൊന്നും കടക്കാൻ വിചാരിക്കുന്നില്ല. ഒരു പത്രപ്രവർത്തകനെന്ന നിലയ്ക്ക് കേരളരാഷ്ട്രീയത്തെ ഇന്നത്തെ രാഷ്ട്രീയസ്ഥിതിഗതിയെപ്പറ്റി എന്റെ പത്രത്തിനെന്തു വീക്ഷണമാണുള്ളതെന്നു പറയാം. കമ്മ്യൂണിസ്റ്റുകളുടെ ഒരു ഭരണം വേണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ സാമൂഹ്യദ്രോഹങ്ങൾക്കെതിരായുള്ള അവരുടെ പ്രവർത്തനങ്ങളെ എതിർക്കാൻ ഞാൻ ഒരുക്കമല്ല.

കമ്മ്യൂ മന്ത്രിമാരെ പിടിച്ചിറക്കൽ മാത്രമായിരുന്നില്ല, മെച്ചപ്പെട്ട ഒരു കേരളം കെട്ടിപ്പടുക്കുകകൂടിയായിരുന്ന വിമോചനസമരത്തിന്റെ രചനാത്മകമായ ലക്ഷ്യം ആ ലക്ഷ്യം നമ്മൾ മറന്നു. ഇനിയും ആ തെറ്റു തിരുത്തുവാനുള്ള ജനാധിപത്യപരമായ ഒരു ഐക്യമാണ് വേണ്ടതു്. വികാരപരമായി ജനങ്ങളെ കമ്മ്യൂണിസത്തിലേക്കു് പോകാൻ ഇടയാക്കുന്ന സാഹചര്യങ്ങളെ മാറ്റുകതന്നെ വേണം. ഇതിനു വേണ്ടിയായിരിക്കണം ഇവിടെ ജനാധിപത്യൈക്യം കെട്ടിപ്പടുക്കേണ്ടതു്. മെച്ചപ്പെട്ട ഒരു കേരളം കെട്ടിപ്പടുക്കാനുള്ള ശ്രമത്തിൽ കമ്മ്യൂണിസ്റ്റുകാർക്കു് ചിലതു ചെയ്യാൻ കഴിയും. വ്യക്തമായ പ്രതിഭ അതിനു വേണം. ആ പ്രവർത്തനം അനുസ്യൂതവും അഭംഗവുമായിരിക്കണം. എങ്കിലേ ഒരു ജനാധിപത്യരാഷ്ട്രം, ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുവാൻ കഴിയൂ. അതിനു് ആരൊക്കെ മുന്നോട്ടു വരുമെന്നു പറയാൻ വയ്യ പക്ഷെ ആ പ്രോത്സാഹം പൊട്ടിവിരിഞ്ഞുവരുന്നുണ്ട്.

ഒരു ധാർമ്മികജനാധിപത്യ വിപ്ലവം അനിവാര്യം

ധീരമായ സേവനം നടത്തുന്നതിനുള്ള പ്രതികരണമാണ് ഇവിടെ കാണുന്നതു്. മനുഷ്യർക്കു വേണ്ടിയുള്ള സേവനം നടത്തുന്നവരെ കാണാനുള്ള ദാഹമാണ് ജനങ്ങൾക്കുള്ളതു്. അങ്ങിനെയുള്ള പ്രവർത്തകരെയാണ് ധാരാളം വേണ്ടതു്. സാമൂഹ്യരംഗത്തു് ഇന്നു വന്നിട്ടുള്ളവർ ആനക്കുള്ളമ്മാരാണ്. രാജ്യത്തു് മെച്ചപ്പെട്ട ഒരു ജീവിതം ഉണ്ടാക്കുവാൻ ഉശിരുള്ള ഒരു ഹോമം വേണ്ടിയിരിക്കുന്നു. ശുദ്ധരായ, ധാർമ്മികമായ ഒരു ജനാധിപത്യവിപ്ലവം ഇവിടെ നടത്തേണ്ടതുണ്ട്. വലിയൊരു സാമൂഹ്യശുദ്ധം നടത്തിയേ കഴിയൂ. അതിനു പറ്റിയ ധാരാളം പ്രവർത്തകരെ വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. ആ ആശയപ്രചരണമാണിന്നു തൊഴിലാളി നടത്തുന്നതു്.

ഇവിടെ നടക്കുന്ന എന്തും മൂടിവയ്ക്കാനും വളച്ചൊടിക്കാനും കഴിയുന്ന വലിയ പത്രങ്ങളുണ്ട് അവക്കു് അനേകം പേജുകളും അടിച്ചു തള്ളാനും അനേകങ്ങളുടെ അടുത്തു എത്തിക്കാനുമുള്ള കഴിവുകളുമുണ്ട്. കൊച്ചു പത്രങ്ങൾക്കു് ഇവയെ നേരിടാൻ ബുദ്ധിമുട്ടുണ്ട്. പാവങ്ങളുടെ നയാപൈസകൊണ്ടു് അങ്ങിനെയുള്ളവയെ നിലനിർത്താൻ കഴിയൂ. നീതിക്കും നെറിക്കുംവേണ്ടി പാവങ്ങൾക്കു പടവാൾ ഉയർത്താൻ പറ്റിയ പത്രങ്ങളും ഉണ്ടാവണം. സമാധാനവും സമൃദ്ധിയും വരുത്തുന്ന ഒരു പുലരി നമ്മുടെ നാട്ടിൽ പൊട്ടിവിടരട്ടെ. അതിനുവേണ്ടി പ്രവർത്തിക്കാൻ ഏവരും തയ്യാറാകണം.

എ. കെ. സി. സി. ബുള്ളറ്റിൻ

ഭാര്യയെ അളന്നുനോക്കി

ചക്കയാണെങ്കിൽ തുന്നിച്ചുനോക്കാം. പൊന്നുരച്ചുനോക്കാം. ഭാര്യയെ അളന്നുനോക്കാൻ ഭർത്താവിനു അടങ്ങാത്ത ഒരു കൊതി. അവസാനം തന്നെ എത്രത്തോളം സ്നേഹിക്കുന്നുണ്ട്.

(കിളിമാനൂർ)

അരികിലിരുന്ന ഭർത്താവിന്റെ വിരിമാറിൽ എന്തൊക്കെയോ അവ്യക്തചിത്രങ്ങൾ ഭാര്യ വരച്ചുകൊണ്ടിരിക്കും. ഭാര്യയുടെ തിളങ്ങുന്ന നേത്രങ്ങളിലും മിന്നുന്ന അളിവേണിയിലും ഉറുനോക്കിക്കൊണ്ടിരിക്കും ഭർത്താവ്.

അതു കാണുന്ന അന്യർക്ക്, അസൂയനെഞ്ചിൽനിന്നും നാവിലേക്ക് ഊറ്റവരും.

''ഓ, ഒരു സായ്പും മദാമ്മേം''

അത്രയ്ക്കു സുന്ദരമായിരുന്ന അവരുടെ ജീവിതം. ആ ദാമ്പത്യത്തിനു ദൃഢതയുണ്ട്. ഐക്യമുണ്ട്. പരസ്പരവിശ്വാസമുണ്ട്. സ്നേഹത്തിൽ ഉരുകി ഉറച്ചതാണതു. ധാരണയിൽ നിർമിഗ്നമാണതു.

പക്ഷേ, മനുഷ്യൻ പരീക്ഷണപ്രിയനാണ്. അടുക്കുന്ന വസ്തുവിനെ കൂടുതൽ കൂടുതൽ അറിയാൻ അവൻ ആഗ്രഹിക്കുന്നു.

എന്നാൽ. എങ്ങനെയാണ് മനസ്സിന്റെ ആഴം അറിയുക.

'തന്നതില്ലപരന്നുള്ളകാട്ടുവാൻ
മന്നിലെന്നുമെയ്യുവായമീശ്വരൻ'

നാണയം നിലത്തടിച്ച ശബ്ദംകേട്ട് നിശ്ചയിക്കാം. ചക്കയാണെങ്കിൽ തുന്നിച്ചു നോക്കാം. പൊന്നുരച്ചുനോക്കാം. ഭാര്യയെ അളന്നുനോക്കാൻ ഭർത്താവിനു വല്ലാത്തൊരു അഭിവാഞ്ഛ. അവസാനം തന്നെ എത്രത്തോളം സ്നേഹിക്കുന്നുണ്ട്? പ്രതികൂല പരിതഃസ്ഥിതികൾ കലംകത്തി ഒഴുകിവന്നാലും അവയെ മുറിച്ചു മുന്നേറാൻ കെല്പുണ്ടാകുമോ? പൊൻപണങ്ങളുടെ പാദസേവ വെറുക്കുന്ന വിപ്ലവാത്മകപ്രേമമാണോ അവസാനത്തേതു?

ഭർത്താവിനു വ്യക്തമായൊരു അഭിപ്രായം കിട്ടിയേ തീരൂ.

ഇരുവരും അത്താഴം ഊണു കഴിഞ്ഞു പുമുഖത്തു സൊള്ളപറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഭർത്താവു എടുത്തിട്ടു.

'കേട്ടോ. രമണീ, നിന്റെ സൗന്ദര്യം പ്രസിദ്ധമാണ്. നമ്മുടെ വിവാഹറീപ്പാർട്ടിക്കുവന്ന ഒരു സിനിക്കാരനെ നിനക്കു ഓർമ്മ ഉണ്ടാകുമോ? അയാളെ നിനക്കു ഓർമ്മകാണുകയില്ല? ഉവ്വോ?

'റെയിൽവേ ഉദ്യോഗസ്ഥനാണോ? രമണി കടന്നുചോദിച്ചു.

'അതെ, ഞങ്ങളുടെ ഓഫീസർ'

ഭർത്താവു റെയിൽവേയിൽ ക്ലാർക്കാണ്.

അദ്ദേഹം?

രമണി കഥയറിയാൻ വെമ്പി.

'നിന്നെപ്പറ്റി എപ്പോഴും ചോദിക്കും. വലിയ താല്പര്യമാണ്. നിന്റെ സൗന്ദര്യവർണ്ണനയാണ് ഞങ്ങടെ തമ്മിൽ അടുത്തതിൽ അദ്ദേഹത്തിന്റെ ജോലി.'

ഇതുകേട്ട താരുണ്യത്തിന്റെ പുളകം പൂശിയ രമണിയുടെ നയനങ്ങൾ പൊട്ടി പ്രകാശിച്ചു. പുകഴ്ത്തലിൽ പൊങ്ങാത്ത പെണ്ണുങ്ങളുണ്ടോ?

തന്റെ മുഖത്തു പ്രസന്നത അത്യധികമായി പ്രസരിച്ചെന്നു അവൾക്കുതന്നെ തോന്നി.

രമണി ചുണ്ടുകൾ വക്രിച്ചു, വിരക്തി പ്രകടമാക്കി.

'അയാളെന്തിനു എന്നെക്കുറിച്ചു താല്പര്യപ്പെടുന്നു,'

'ഒരാളുടെ സൗന്ദര്യവും പെരുമാറ്റവും മറ്റൊരാളെ ആകർഷിക്കുന്നതു എന്തുകൊണ്ടാണ് എന്നു ചോദിച്ചാൽ മറുപടി ശകലം പതുങ്ങലിലാണ്,

'ചുമ്മാതിരി, കിറുക്കു പറയാതെ!'

അവൾ ലജ്ജാവിവശയായി ശിരസ്സു കുനിച്ചു.

'ഒരാളുടെ സൗന്ദര്യം മറ്റൊരാളെ ആകർഷിച്ചു എന്നു പറഞ്ഞാൽ അതു കിറുക്കാകുന്നതെങ്ങനെയാണു രമണി ? എനിക്കു നിന്റെ വാദം മനസ്സിലാകുന്നില്ല.'

'ങാ. മനസ്സിലാവണ്ട. എനിക്കു നിങ്ങളോടു തർക്കിക്കാൻ നാവില്ല. പക്ഷെ, ഒരു കാര്യം. എല്ലാഭർത്താക്കന്മാരുടെയും മുന്നിൽ അന്യൻ ഒരുത്തൻ തന്റെ ഭാര്യയെക്കുറിച്ചു് ഇങ്ങനെ പുകഴ്ത്താൻ ധൈര്യപ്പെടുമെന്നു തോന്നുന്നില്ല.

'കേമംതന്നെ നിന്റെ ബുദ്ധി. നിനക്കു സൗന്ദര്യം ഉണ്ടെന്നു പറഞ്ഞതിനു ഞാൻ അദ്ദേഹത്തിന്റെ തലമണ്ട തല്ലിപ്പൊളിക്കുണം ഭാര്യേ? ഒരു പെണ്ണിന്റെ സൗന്ദര്യപ്രശംസ സംബന്ധിച്ചു് ഒരാളുടെ ആത്മപത്നിയേയും മറ്റൊരാളുടെ പോലീസ് സ്റ്റേഷനെയും അഭയം പ്രാപിക്കണമെന്നാണ് നിന്റെ ബുദ്ധി.

എന്റെ സാറെ, നിങ്ങളോടു സംസാരിക്കാൻ എന്റെ നാക്കിനു നീളംപോരെന്നു ഞാൻ പറഞ്ഞു.'

'തമാശകളയു, രമണീ. ഇതു നമ്മുടെ ജീവിതത്തെ സ്പർശിക്കുന്നതാണ്. നമ്മളും മൂവരും ഭാഗഭാക്കായ ഒരു സംഗതി അദ്ദേഹം എന്നോടു പറഞ്ഞിരിക്കുകയാണ് അതിൽ നിന്റെ അനുവാദം മാത്രമേ വേ

കുറവല്ല. തലമുടി, മീശ, ആടയാഭരണങ്ങൾ എന്നിങ്ങനെ വസ്ത്രാലങ്കാരത്തിലും അതിനേറെതായ പങ്കു വഹിക്കുന്നുണ്ട്. പുരുഷന്മാരാണെങ്കിൽ അരണവാലൻ, ഏലിവാലൻ, പതിനൊന്ന്, കോൺഗ്രസ് മീശ, കമ്യൂണിസ്റ്റ് മീശ എന്നീ മീശകളും എണ്ണത്തിലും വണ്ണത്തിലും ധാരാളമുണ്ട്. ഇപ്പോൾ മീശയുടെ പേരിലാണ് ചിലരെ അറിഞ്ഞുവരുന്നതു. സ്ത്രീകളാണെങ്കിൽ തിരുകിക്കേളു, ഉഴുന്നവട, മസാലവട, നുറുക്ക്, കുഞ്ചിവാലു, അങ്കവാലു, പാമ്പിൻപുറു, കാളക്കൊമ്പു, കുതിരവാൽ എന്നിങ്ങനെയാണ് അവരുടെ കുന്തളാലങ്കാരം. പുരുഷവിഭാഗം— വസ്ത്രാലങ്കാരത്തിലും അവർ പുറകോട്ടല്ല. പെൻസിൽപോലെയുള്ളവനും അസ്ഥിപഞ്ജരംപോലെയുള്ളവനും പാൻറും കോട്ടും ധരിച്ചുകൊണ്ടു പോകുന്നതു കണ്ടാൽ സങ്കടംതോന്നും. പുറകുവശം ടാറിട്ട റോഡുപോലെ ഒരേ നിരപ്പിലായിരിക്കും. അങ്ങനെയുള്ളവർ ഷർട്ടും മുണ്ടും ധരിക്കുകയായിരിക്കും മെച്ചം. ഓരോരുത്തരും അവരവരുടെ ശരീരപ്രകൃതിക്കു യോജിച്ച വസ്ത്രങ്ങൾതെരഞ്ഞെടുക്കണം.

ഫാഷനുകളുടെ നാഴികക്കല്ലു് സിനിമയാണല്ലൊ. നമ്മുടെ നാട്ടുകാർ അവരുടെ പുറകേ ഫാഷൻനോക്കി പോകുന്നതു് അപകടകരമാണ്. നമ്മുടെ നാട്ടിൽ ഇപ്പോഴും പൊതിവന്നിരിക്കുന്ന ഒരു ഫാഷനാണ് ടർളിൻ ഉടുപ്പുകൾ. അപ്രകാരമുള്ള ഉടുപ്പുകൾ ധരിക്കുന്നതിന്റെ പിന്നിൽ.....? യുവതീയുവാക്കന്മാർതമ്മിലുള്ള പരസ്പരാകർഷണം ആണ് അതിന്റെ മുഖ്യോദ്ദേശ്യം.

കൂടുതൽ നഗ്നതയിൽ സൗന്ദര്യം കാണുന്ന കുറേ മങ്കമാരുണ്ട്. അവരുടെ കാര്യത്തിലേയ്ക്കു കടക്കാം. അവരുടെ സ്വപ്നം ഇതായിരിക്കാം.

വിലകൂടിയ നൈലോൺസാരിയും മറ്റും വാങ്ങി ധരിക്കുന്നതുകൊണ്ട് എന്റെ സൗന്ദര്യത്തിൽ ലോകം എന്നെ സ്തുതിക്കും. സ്നേഹത്തിന്റെ ഒരു വാക്കിനും എന്റെ പുഞ്ചിരിക്കുംവേണ്ടി ചെറുപ്പക്കാർ എന്റെ പുറകേ കൂടും. ലോകത്തിൽ സൗന്ദര്യറാണിയായി ഞാൻ പരിലസിക്കും. ഇത്തരത്തിലുള്ള ഒരു ധാരണയാണ് അവരുടേതെങ്കിൽ അതു് അപകടത്തെ വിളിച്ചുവരുത്തുന്നതായിരിക്കും. വസ്ത്രാലങ്കാരത്തിൽ എന്തിനാണ നഗ്നതയ്ക്കു് സ്ഥാനംകൊടുക്കുന്നതു്?

ണ്ട്.'

'എന്താണ്?' എന്താണ്?'

രമണിയുടെ ഉൽക്കണ്ഠ പെരുകി.

'അദ്ദേഹത്തിനു നിന്നെ ഒന്നു കാണണം. ഇന്നു വരും. ഞാൻ സമ്മതിക്കയും ചെയ്തു. നീ എതിർക്കയില്ലെന്നു വിശ്വസിക്കുന്നു.'

'ഇതെന്തൊക്കെയാണു പറയുന്നതു്? തമാശപറയുന്നതു ഞാനല്ല, നിങ്ങളാണു്. അതോ, നിങ്ങളും കൂട്ടുകൂടിച്ചോ?

'ഞാൻ പറയട്ടെ, രമണീ. നീ ഇതൊന്നു കേൾക്കൂ. അപ്പോഴും നീ തന്നെ സമ്മതിക്കും. ഇങ്ങോട്ടു തിരിയൂ. ഞാൻ ചെവിയിൽ പറയാം.'

രമണി വിരക്തി ഭാവിച്ചു തിരിഞ്ഞു നോക്കി.

അയാൾ മെല്ലെ പറഞ്ഞു,

'നിന്നെ കണ്ടു മടങ്ങുമ്പോൾ അദ്ദേഹം നിന്റെപക്കൽ 2000 രൂപ ഏല്പിക്കും. അതുകൊണ്ടു നമ്മുടെ സ്വപ്നം കടങ്ങളും തീരും.'

അവളെ പ്രലോഭിപ്പിക്കുവാൻ അയാൾ തുടരെ മധുരോക്തികൾ ഒരുക്കുന്നുണ്ടു് അവളാകട്ടെ, ശ്രദ്ധിക്കുന്നില്ലെന്നു നടിച്ചുകൊണ്ടു ചെവി കൂർപ്പിക്കുകയും ഭർത്താവിന്റെ സംസാരമദ്ധ്യേ അവളുടെ ശ്രദ്ധ തടയപ്പെട്ട, 2000 രൂപായുടെ നാമശ്രവണത്തിൽ രമണിയുടെ പുണ്ണുകളിൽ പുഞ്ചിരിപ്പൂഞ്ചാരം പൊടിഞ്ഞുവന്നു. കണ്ണുകളിൽ നിവ്വാണദീപ്തമായ പ്രകാശവും.

കണ്ണഞ്ചിപ്പിക്കുന്ന രണ്ടായിരം പച്ച കറൻസി നോട്ടിന്റെ മുഗ്ദ്ധരൂപം അവളുടെ കൺമുനകളിൽ കോർത്തു കിടന്നു പിടച്ചു. അവ, എണ്ണിത്തിട്ടപ്പെടുത്തുമ്പോഴുള്ള കശകശ ഗഞ്ജനം കാതുകളിൽ ഗാനധാര പകർന്നു.

പക്ഷേ, മനഃസാക്ഷിക്കു മുന്നിൽ തിരശ്ശീല വിരിക്കാൻ രമണി വ്യഗ്രത കാട്ടി, വയർ കത്തിക്കാളുമ്പോഴും വെറും 'ഫാഷനുവേണ്ടി' ചില അഥിതികൾ ക്ഷണക്ഷണനം നിരസിക്കാറുണ്ടല്ലോ?

അവൾ പാതി സമ്മതിച്ച മട്ടിൽ പറഞ്ഞു. 'ഞാൻ നിങ്ങളെയേ സ്നേഹിക്കുന്നുള്ളൂ.'

'അതെന്താ, രമണി എനിക്കു നിന്നെ അറിഞ്ഞുകൂടെ?'

ഭർത്താവു ഉറപ്പുകൊടുത്തു.

'അല്ല, പുന്നെ പറയൂ. നിങ്ങൾ പറയുന്നതെന്തും അനുസരിക്കാൻ ഞാൻ ബാദ്ധ്യസ്ഥയാണല്ലോ?. അതുകൊണ്ടുമാത്രമാണു മനസ്സില്ലാമനസ്സോടെയെങ്കിലും സമ്മതിക്കുന്നതു്.'

'അതെ: ഇഷ്ടമില്ലാത്തു പലതും നമുക്കു ജീവിതത്തിൽ ചെയ്യേണ്ടതായി വരും. ഇതൊന്നും ഞാൻ പറയേണ്ടതില്ല. വിവരമുള്ളവളാണു നീ. ഞാൻ പറയുന്നതിനു മുമ്പുതന്നെ മനസ്സിലാക്കികഴിഞ്ഞു കുടുംബത്തിൽ ഭാര്യക്കു വിദ്യാഭ്യാസം ഉണ്ടായിരുന്നാലുള്ള നേട്ടം ഇതാണു്. ഇല്ലെങ്കിൽ ഞാനിപ്പം എത്രനേരം നാക്കു ലയ്ക്കേണ്ടിവന്നേനേ.'

'ഇതിലപ്പുറം ഞാൻ നിങ്ങൾക്കു വേണ്ടി ചെയ്യാൻ ഒരുക്കമാണു്; മരിക്കാൻ പോലും. അല്ലാതെ ഞാൻ പണത്തെ ഓർത്തല്ല.'

'എനിക്കു നിന്നെ അറിയാം രമണീ.'

'അല്ല, എന്നു പറയൂ.' രമണി ഊന്നിയുറപ്പിച്ചു.

'ഞാൻ എന്നാൽ ചെല്ലട്ടെ.'

'ഭർത്താവു ഇരിപ്പിടത്തിൽ നിന്നു എഴുന്നേറ്റു.

പക്ഷേ, ഒരു കാര്യം. തീർച്ചയായും ഞാനയാളെ കൂട്ടിപ്പിക്കും.'

'അതു നിന്റെ സാമർത്ഥ്യംപോലിരിക്കും. എന്തായാലും കൊള്ളാം. അദ്ദേഹത്തെ പിണക്കി അയക്കരുതു്. അതു നമുക്കൊരു തീരാനഷ്ടം ആയിരിക്കും. ഒരു നീണ്ട സുഖത്തിനുവേണ്ടി അല്പം അല്പം ക്ലേശമൊക്കെ സഹിക്കാം ചൊരിമണ്ണിനു പരുപരുപ്പുണ്ടു്. പക്ഷെ, ചുവടുറപ്പിച്ചു നിൽക്കാൻ സാധിക്കും. മാർദ്ദവമുള്ള നിലം പലപ്പോഴും തെന്നിവീഴുന്നതായിരിക്കും.'

തന്റെ അഭിമതത്തോടു ഒട്ടിക്കാനുള്ള ന്യായവാദങ്ങൾകൊണ്ടു അയാൾ മനഃശാസ്ത്രപരമായിത്തന്നെ അവളെ സമീപിച്ചു.

അവളാകട്ടെ അനുനയശീലം ചമഞ്ഞു കൂടുതൽ കൂടുതൽ അടുക്കുകയും.

അയാൾക്കു മനസ്സിലാക്കാൻ കഴിഞ്ഞു, തന്റെ ഓരോ വാക്കും അതിന്റെ ഫലം പ്രതിഫലിപ്പിച്ചെന്നു്.

പരീക്ഷണഫലം, കാണാൻ അയാളുടെ മനം വെമ്പിക്കൊതിച്ചു.

രമണി ഒരു വിശ്വസ്തഭാര്യയാണോ? എല്ലാത്തിനും ഉപരിയായി ചാരിത്ര്യത്തെ വിലമതിക്കുന്നുണ്ടോ? ഇത്തരം വെപ്രാളം പിടിച്ച ചിന്തകൾ മനസ്സിന്റെ മരുപ്പറമ്പിലൂടെ ഓരിയിട്ടുകൊണ്ടു നടന്നു.

നൂലാമാലകൾക്കു് ഒരു തുമ്പുകിട്ടിക്കഴിഞ്ഞു. എന്നാലും അന്ത്യം കാണാറായില്ല.

'എന്നാൽ ഞാൻ ഇറങ്ങുന്നു. അദ്ദേഹം ഇപ്പോൾ വരും.' എന്നു പറഞ്ഞു ഭർത്താവു് പുറത്തേക്കു ഇറങ്ങി.

രമണിയുടെ കൺകോണിൽ രണ്ടായിരം കറൻസിനോട്ടുകൾ വശ്യസ്മിതം ചെയ്തുകിടക്കുന്നു. എണ്ണിത്തിട്ടപ്പെടുത്തുമ്പോഴുള്ള കശകശശബ്ദം കാതുകളിൽ സംഗീതം മുഴക്കുന്നു.

സകല സന്മാർഗ്ഗമൂല്യങ്ങളും അശുഭതരംഗണിയിൽ കവർന്നൊലിച്ചുപോയി.

അക്കങ്ങളില്ലാതെ 2000 രൂപ അവൾ ഇന്നേവരെ കണികണ്ടിട്ടില്ല. അപ്പോൾ, കാണാനും, അതു കൈകാര്യം ചെയ്യാനുമുള്ള, അവസരത്തിനെതിരായ ചുറ്റുപാടുകളെ വിസ്മരിച്ചുകളയുക സ്വാഭാവികമാണു്.

കുന്നിറങ്ങുന്ന അവശഗാത്രയായ മുത്തശ്ശിഅമ്മയേപ്പോലെ സമയം നിരങ്ങിനീങ്ങിക്കൊണ്ടിരുന്നു.

നീലാകാശം പുഞ്ചിരിതൂകുന്നുണ്ടു്. ജനാലയിലൂടെ വെളിയിലേക്കു നോക്കുമ്പോഴുണ്ടു്, ചന്ദ്രികയെ കാറ്റു് മേഘത്തിനൊറ്റിക്കൊടുക്കുന്നു.

വടക്കേപ്പുറത്തെ കിഴവനാഞ്ഞിലിയിലിരുന്ന ഒരു മൂങ്ങാമുത്തശ്ശി മൂളി. ആറ്റിനക്കരനിന്നു് ഓലിയിടുന്ന നാള്ളുടെ ശബ്ദം ഇക്കരെ പ്രതിധ്വനിച്ചുകൊണ്ടിരുന്നു.

സർവ്വത്ര ദേനം!

മങ്ങിയ നിലാവൊഴുകുന്ന, താഴെ, പെരുവഴിയിൽ ഒരു മോട്ടോർ കാറിന്റെ തീക്ഷ്ണമായ ലൈറ്റു കീറിമുറിച്ചുകൊണ്ടു് നടന്നുകൊണ്ടു കടന്നുവരുന്നു. അതിനോടൊപ്പം ഇരമ്പലും ഹോണടിയും.

ആ പ്രകാശധാര കപ്പത്തോപ്പും അമ്പലക്കുളവും ആമ്പൽപ്പൊയ്കയും നീന്തികടന്നു വീട്ടുമുറ്റത്തു ചിരിപൊട്ടിനിൽക്കുന്ന കടമുല്ലച്ചുവട്ടുവരെ എത്തി.

രമണിയുടെ ആശാഭരിതമായ നീണ്ട കണ്ണുകൾ ജലധാരപോലെ വെട്ടിത്തിളങ്ങി. മനസ്സിന്റെ മരുപ്പറമ്പു നിറയെ കറൻസിനോട്ടാണു്. ഒന്നുരണ്ടുമല്ല, നൂറുമല്ല. ഇരുപതു നൂറുകൾ!! ഒപ്പം പുണ്ടുകളിൽ വികാരാഗ്നി ആളിപ്പടരുകയും ചെയ്തു. ആത്മാർത്ഥമായ സങ്കല്പമുത്തങ്ങൾ അവിടെ ഇരുന്നു എരിഞ്ഞുനീറി.

പെട്ടെന്നു് പാൻറും കോട്ടും ധരിച്ച ഒരു രൂപം കിടക്കവാതുക്കൽ ദൃശ്യമായി, തല്പാവുണ്ടു്. തടിച്ചു കറുത്ത ഫ്രെയിമുള്ള കണ്ണട മുഖം നിറയെ കനത്ത രോമം, നീണ്ട താടി, ചുരുണ്ട നേരിയ പുകപൊങ്ങുന്ന പുകക്കുഴൽ. കണ്ണട ഒഴിച്ചാൽ ചരിത്രപുസ്തകത്തിൽ കാണുന്ന ശിവാജിയുടെ രൂപം തോന്നും.

പുഴു ഇരുത്തൊട്ടുകുന്ന ലാളിത്യത്തോടെ അയാൾ പുണ്ടുത്തുനിന്നു പുകക്കുഴൽ എടുത്തു, എന്നിട്ടു ഹൃദ്യമായ പുഞ്ചിരി തൂകി. അതിലശേഷം വിടത്വം തീണ്ടിയിരുന്നില്ല.

രമണിയും മന്ദഹസിച്ചു. ഹൃയേം ഉറന്നുതന്നു.

'തുമാരാനാം ക്യാഹൈ? (നിങ്ങളുടെ പേരെന്താ) അയാൾ ചോദിച്ചു.

'മേരാ നാം രമണി.'

'ബഹുത് സുന്ദർ നാം.' (വളരെ സുന്ദരമായ പേരു്) രമണി ഹാർദ്ദമായി പഞ്ചിരിതൂകി.

അയാൾ പരുങ്ങിനിന്നു. എന്തു പറയണമെന്നോർത്തു കുഴയുകയാണെന്നതോന്നും കണ്ടാൽ.

പക്ഷെ അധികനേരം അയാൾക്കാനില തുടരേണ്ടിവന്നില്ല. രമണി അയാളുടെ കൈത്തു കടന്നുപിടിച്ചു.

'ബൈഠിയേ' (ഇരുന്നാലും)

പറയുന്നതിനും പെരുമാറുന്നതിനും അവൾക്കു യാതൊരു സങ്കോചവും ഇല്ല. എല്ലാം പഴകി പരിചയിച്ചു. കറതീർന്നവണ്ണം. സ്വന്തം ഭർത്താവിനോടു് എങ്ങനെയോ, അങ്ങനെതന്നെ. അയാളെ സ്വാഗതംചെയ്യാൻ അവളുടെ കണ്ണും കരളും മലക്കെ തുറന്നിട്ടുകൊടുക്കയാണു്.

'ആപ്പു് മൈ പ്രേം ഹൈയ്'. (ഞാൻ താങ്കളെ സ്നേഹിക്കുന്നു.)

ഭാഗ്യപ്പെട്ട കുരിശ്

ലോകരക്ഷകൻ മരണക്കിടക്കയായി തിരഞ്ഞെടുത്ത ആ വിശുദ്ധകുരിശിന്റെ പിന്നിലുള്ള ചരിത്രത്തെ ലേഖകൻ സമർത്ഥമായി വിവരിക്കുന്നു.

(ഇഗ്നേഷ്യസ് വട്ടക്കുന്നേൽ)

രക്ഷകന്റെ വിജയക്കൊടിയായ കുരിശിനെ നശിപ്പിക്കണമെന്ന കരുതി യൂദന്മാർ കാൽവരിയുടെ താഴ്വരയിൽ അതു കുഴിച്ചുമൂടി- രണ്ടു കള്ളന്മാർ തൂങ്ങിയ കുരിശുകളേയും ക്രിസ്തുവരിച്ച മുൾമുടിയേയും ആണികളേയും അവിടെ ഭദ്രമായി സൂക്ഷിച്ചു. ക്രിസ്തുവിന്റെ മരണശേഷം നാലുറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ ടൈറസ് ചക്രവർത്തി യരുശലേം ആക്രമിച്ചു കൊള്ളചെയ്തു. ക്രിസ്തുമതവിരോധിയായിരുന്ന ചക്രവർത്തി വീനസ് ദേവനു് ഒരു ദൈവാലയം കാൽവരിയിൽ പണിതീർത്തു, ക്രിസ്തുവിന്റെ കല്ലറയുടെ സമീപത്തായി ജൂപ്പിറ്റർ ദേവനു് മറ്റൊരു ദേവാലയം നിർമ്മിച്ചു. നൂറ്റാണ്ടുകൾ കടന്നുപോയി. കാറ്റു മാറി വീശി. കോൺസ്റ്റന്റൈൻചക്രവർത്തിയുടെ ഭരണകാലത്തു് കുരിശുയാളത്തിന്റെ ശക്തിയാൽ മാക്സെൻസിയസിനെ തോല്പിച്ചു. ആകാശത്തിൽ വലിയൊരു കുരിശും അതിന്മേൽ ''ഈ അടയാളത്താൽ നീ ശത്രുവിനെ കീഴ്പ്പെടുത്തും'' എന്ന വാക്കുകളും കണ്ടു ഉടൻതന്നെ ചക്രവർത്തി മതമർദ്ദനം അവസാനിപ്പിച്ചു. ക്രിസ്ത്യാനികളെ ജയിൽവിമുക്തരാക്കുകയും മതസ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്തു. ചക്രവർത്തി ക്രിസ്തുമതത്തെ ആശ്ലേഷിച്ചു. മാപ്പാപ്പാമാരെ സഹായിച്ചു റോമ്മാപട്ടണം മുഴുവനും പാപ്പായുടെ ആധിപത്യത്തിനു വിട്ടുകൊടുത്തു. ചക്രവർത്തിയുടെ മാതാവായ ഹെലനാ ഒരു വലിയ ക്രിസ്തുമതവിശ്വാസിയായി പാലസ്റ്റൈനിന്റെ പല ഭാഗങ്ങളിലും ധാരാളം ദേവാലയങ്ങൾ സ്ഥാപിച്ചു.

ഹെലനാരാജ്ഞിയുടെ സഹായത്താൽ കാൽവരിയിൽ കുഴിച്ചുമൂടപ്പെട്ട വിശുദ്ധ കുരിശിനെ കണ്ടുപിടിക്കാൻ പരിശ്രമം തുടങ്ങി. സംശയാസ്പദമായ പല സ്ഥലങ്ങളിലും പരിശോധന നടത്തി. ഒരിടത്തുനിന്നു മൂന്നു കുരിശുകളും അവയോടൊപ്പം സംസ്കരിക്കപ്പെട്ടിരുന്ന മറ്റു സാധനങ്ങളും കുഴിച്ചെടുക്കപ്പെട്ടു. എങ്കിലും ക്രിസ്തുവിനെ തറച്ച കുരിശു് ഏതാണെന്നു് വ്യക്തമായി അറിയുവാൻ കഴിഞ്ഞില്ല, മക്കാറിയോസ് എന്നു പേരായ ഒരു മെത്രാനായിരുന്ന അക്കാലത്തു് യരുശലേത്തു് സഭാഭരണം നടത്തിയിരുന്നതു്, ഒരു രോഗിണിയായ സ്ത്രീയെ ആ കുരിശുകളുടെ സമീപംകൊണ്ടുപോയി. വിശുദ്ധ കുരിശിനെ സ്പർശിച്ചപ്പോൾ അവളുടെ രോഗം അത്ഭുതകരമായി മാറി. ഇങ്ങനെ അത്ഭുതരോഗശമനംവഴി ക്രിസ്തുവിനെ തറച്ച കുരിശു് കണ്ടുപിടിക്കപ്പെട്ടു.

കാൽവരിയിൽ വിശുദ്ധ കുരിശിനെ കണ്ടെത്തിയ സ്ഥാനത്തു' ഒരു ദൈവാലയം നിർമ്മിച്ചു. പുതുതായി കണ്ടുപിടിച്ച വിശുദ്ധ കുരിശിനെ ആ ബസ്സീക്കയിൽ സ്ഥാപിച്ചു. ആ കുരിശിൽനിന്നും ഒരു വലിയ ഭാഗം മുറിച്ചെടുത്തു് ഹെലനാ സ്വന്തം പുത്രനു കൊടുത്തു. ചക്രവർത്തി ആ വിശുദ്ധവസ്തുവിനെ റോമായിൽ ഭദ്രമായി നിക്ഷേപിച്ചു. കുഴിച്ചെടുക്കപ്പെട്ട ആണികളെ ഹെലനാ തന്റെ സഹോദരനു കൊടുത്തു. തലയിൽ ശിക്ഷിക്കുവാനോ അവമാനിക്കുവാനോ കുരിശോ കുരിശടയാളമോ ഉപയോഗിച്ചുകൂടെന്നൊരു രാജകീയവിളംബരവും പ്രഖ്യാപനം ചെയ്തു. അതുവരെ പരിഹാസത്തിന്റെയും അവജ്ഞയുടെയും പര്യായമായിരുന്ന കുരിശു് അന്നുമുതൽ അഭിമാനത്തിന്റെയും ആശ്വാസത്തിന്റെയും നിദാനമായിത്തീർന്നു. നമ്മുടെ രക്ഷകൻ തൂങ്ങിമരിച്ച ആ വിശുദ്ധ കുരിശിന്റെ സാന്നിദ്ധ്യം നമുക്കെന്നുമാത്രം ആശ്വാസപ്രദമാണു്. ഈ വിശുദ്ധ കുരിശു മുഖാന്തിരം അനേകായിരം വിശ്വാസികളും ദുരിതങ്ങളിൽനിന്നു് മോചനം നേടുകയും രോഗവിമുക്തരാകുകയും ചെയ്യുന്നു.

എന്നു പറഞ്ഞു രമണി തന്റെ കരങ്ങൾ അയാളുടെ തോളിൽ ഇട്ടു. അവളുടെ ചുടുള്ള നിശ്വാസം അയാളുടെ മുഖത്തു പതിച്ചു. അയാളുടെ നിശ്വാസം അവളുടെ മുഖത്തും.

പരസ്പരം കണ്ണിൽ കണ്ണിൽ നോക്കി; ഒന്നും മിണ്ടാതെ അവരം നിശ്ശബ്ദത തകർത്തു.

'ക്യാ, ബാത്ത്?' കേം കെ ചുപ് ച്ചാപ്പ്?'

(എന്തു സംഗതി, എന്തുകൊണ്ടാണു് ഒന്നും മിണ്ടാത്തതു്?)

പൊടുന്നനെ തീയിൽ നിപതിച്ചപോലെ അയാളവളെ പിന്നോട്ടു തള്ളി.

രമണി സോഫയിൽപ്പൊന്തമലർന്നടിച്ചു വീണു.

'കലടേ'—സിക്കുകാരൻ മലയാളം സംസാരിച്ചു.

'സ്ത്രീപുരുഷന്മാരെയും സ്നേഹിക്കും, അവനെറ പിന്നാലെ പോകും....ഇല്ലേ?' രമണി തിരിഞ്ഞുനോക്കുമ്പോൾ സിക്കുകാരന്റെ താടിയും മീശയും തലപ്പാവും കണ്ണടയും ഒന്നും ഇല്ല. എല്ലാം തറയിൽ അവിടവിടെ തെറിച്ചുകിടപ്പുണ്ടു്. ആകൃതിക്കു മാത്രമേ വ്യത്യാസമുള്ളൂ. അവളുടെ ഭർത്താവു്: ബീഭത്സമായ നിശ്ശബ്ദത.

എ കെ സി സി ബുള്ളറ്റിൻ

നരകം പണിയുന്ന വർഗ്ഗം

ഭാവിയും കുടുംബവും നോക്കാത്ത ചില മനുഷ്യർ ലക്കും ലഗാനമില്ലാതെ മദ്യപിച്ചു സ്വത്തും കുടുംബവും നശിപ്പിക്കുന്ന സമ്പ്രദായത്തിനെതിരെ സമുദായാഭിമാനികളും പടവാളും ഉയർത്തണം.

(ജോർജ്ജ് വെളിയത്തിൽ)

പല കാരണങ്ങളാണു് സമുദായത്തെ മറ്റുള്ളവരുടെ മുമ്പിൽ അപമാനിതയാക്കിയിരിക്കുന്നതു്. ഏറ്റവും പ്രധാനപ്പെട്ട ഒന്നു് നമ്മുടെ ദുഷിച്ച മദ്യപാനമാണു്. ജീവൻ നിലനിർത്തുവാൻ ശുദ്ധവായു അത്യാവശ്യമായതുപോലെയാണു് നമ്മുടെ ക്രിസ്ത്യൻസഹോദരങ്ങളിൽ ചിലർക്കു് ''ശുദ്ധമായ മദ്യം.'' ''അവനിച്ചിരെ ചെന്നില്ലേൽ....'' ബാക്കി പറയുന്നില്ല. അതു തകരാറാണു്. അടുപ്പിൽ തീയെരിഞ്ഞില്ലെങ്കിലും, കഞ്ഞുങ്ങൾ വിശന്നു പൊരിഞ്ഞാലും, നമ്മുടെ ചില 'മാന്യന്മാ''രായ ആളുകൾക്കു് 'അവനിച്ചിരി' ചെല്ലണം.

മദ്യപാനികളെ ഒന്നായി ആക്ഷേപിക്കുവാൻ ഞാനാഗ്രഹിക്കുന്നില്ല. ആരോഗ്യപരമായ ചുരുക്കം ചില കാരണങ്ങളാൽ ചിലർ മദ്യം ഉപയോഗിക്കുന്നുണ്ടു്. അതിൽ പരാതിയില്ല. എന്നാൽ ഒരു ''ഉണർവി'',ന വേണ്ടി മദ്യത്തിന്റെ നിത്യസേവകന്മാരായി മിനക്കെട്ടു നടക്കുന്ന ചിലരുണ്ടു്. അവരാണു് സമുദായത്തിലെ കുരിശുകൾ. അത്തരക്കാരിൽ ഈ ''അവൻ'' പ്രവർത്തിക്കുന്ന അസഹ്യമായ താന്തോന്നിത്തരങ്ങളാണു് ഒടുങ്ങാത്ത അമർഷത്തിനു വഴിതെളിക്കുന്ന

ചെറുകഥ

നിന്നെ അറസ്റ്റ് ചെയ്തിരിക്കുന്നു

തങ്കത്തിന്റെ ഹൃദയം ശക്തിയായി അടിക്കുന്നതു് അവൾക്കു വ്യക്തമായി കേൾക്കാമായിരുന്നു. വിറക്കുന്ന കാലുകളോടും തുടിക്കുന്ന ഹൃദയത്തോടുംകൂടി അവൾ മുറിയിൽ കാലെടുത്തുവച്ചു. അയാൾ പുഞ്ചിരിച്ചുകൊണ്ടു് തങ്കത്തിന്റെ രണ്ടു കൈകളും കൂട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു! ''നിന്നെ അറസ്റ്റു ചെയ്തിരിക്കുന്നു.''

— പൊന്നാനി തങ്കച്ചൻ —

തങ്കം അടുക്കളയിൽ തിരക്കിട്ടു ജോലിയിലാണു്. രാവിലെ അനുജന്മാരും അനുജത്തിമാരും സ്കൂളിലേക്കു് പോകാറാകുമ്പോഴേക്കും കഞ്ഞി ശരിപ്പെടുത്തണം. റോസു് നിറമുള്ള സാരിയിലും ബ്ലൗസിലും അല്പാല്പം കരി പുരണ്ടിരിക്കുന്നു. ഒരു ഫാക്ടറിതൊഴിലാളിയുടെ മകളാണു് തങ്കം. അല്പം വിളനിലവും മറ്റും ഉള്ളതിനാൽ അഞ്ചാറംഗങ്ങളുള്ള ആ കുടുംബം ഒരു വിധം സുഖമായിക്കഴിഞ്ഞുപോരുന്നു.

അച്ഛൻ വിളിക്കുന്നതുകേട്ടു, തങ്കം അകത്തേക്കു ചെന്നു. അപ്പോൾ രണ്ടു മൂന്നുപേർ ഗെയിറ്റു് കടന്നുവരുന്നതു് അവൾ കണ്ടു. അച്ഛൻ പറഞ്ഞപ്രകാരം അവൾ കിണ്ടിയിൽ വെള്ളം കൊണ്ടുവെച്ചു. അവർ അച്ഛനുമായി കുറച്ചു സമയം സംസാരിച്ചുകൊണ്ടിരുന്നു. തങ്കം കാപ്പി ശരിപ്പെടുത്തിക്കൊണ്ടിരുന്നപ്പോഴാണു് അച്ഛൻ വീണ്ടും വിളിക്കുന്നതു കേട്ടതു്. അവൾ വാതിൽ മറഞ്ഞു നിന്നുകൊണ്ടു് എന്തോ എന്നു് വിളികേട്ടു. അപ്പോൾ അതിൽ പ്രായം ചെന്ന മനുഷ്യൻ പറഞ്ഞു. ''മോളൊന്നു് ഇറങ്ങിവന്നാട്ടെ. ഞങ്ങളെല്ലാം ഒന്നുകാണട്ടെ' തങ്കം അനങ്ങാതെ അവിടെത്തന്നെനിന്നു. അവരെല്ലാം എഴുന്നേറ്റു ചെന്നു് അവളെക്കണ്ടു. തങ്കം തല അല്പംനിവർത്തി അവരെയെല്ലാം ഒന്നുനോക്കി. പെട്ടെന്നു് അവളുടെ കണ്ണുകൾ ആ സുന്ദരനായ ചെറുപ്പക്കാരന്റെ മുഖത്തു് പതിഞ്ഞു. ഉടനെ അവൾ അവിടെ നിന്നും പോയിക്കളഞ്ഞു. ഇതു് ഒരു പെണ്ണുകാണൽ ആയിരുന്നു.

നന്നേ ചെറിയ കുട്ടിയായിരുന്നപ്പോൾ തങ്കത്തിനു് പോലീസുകാരെ വളരെ ഭയമായിരുന്നു. പോലീസുകാർ കള്ളന്മാരുടേയും മറ്റും കൈകളിൽ ആമം വെച്ചുകൊണ്ടുപോകുന്നതു് അവൾ കണ്ടിട്ടുണ്ടു്. എന്നാൽ അവൾ പോലീസുകാരുടെ മുൻപിൽ നിർഭയം നിന്ന ആ സംഭവം അവളുടെ മനോമുകുരത്തിൽ തെളിഞ്ഞുവന്നു. ആ ചരിത്രം എത്രത്തോളംതെളിഞ്ഞുവന്നുവോ അത്രത്തോളം വ്യക്തമായി അവൾ ആ സുന്ദരനായ ചെറുപ്പക്കാരനേയും കണ്ടു. അതേ! കാക്കിയുടുപ്പിന്നുള്ളിലെ ആ സുന്ദരാകാരം!

ഈ അവസരത്തിലാണു് വിദ്യാർത്ഥികൾ അവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ മുന്നോട്ടുവന്നതു്. അവകാശവാദങ്ങൾ ഗവമേണ്ടു് നിഷ്ഠുരണം തള്ളിക്കളഞ്ഞപ്പോൾ ഒരു സമരത്തിന്നു് അവർ നിർബ്ബന്ധിതരായിത്തീർന്നു. കർത്തവ്യനിർവഹണത്തിന്നു കേരളത്തിലെ വിദ്യാർത്ഥിവർഗ്ഗം ഒറക്കെട്ടായി മുന്നോട്ടുവന്നു. ഓരോ സ്കൂളുകളിലും സമരസമിതിരൂപംകൊണ്ടു. തങ്കവും സമരസമിതിയിലെ ഒരംഗമായിരുന്നു.

തങ്കം എല്ലാം വ്യക്തമായി ഓർക്കുന്നുണ്ടു്. ക്ലാസ്സിൽ നന്നായിപഠിക്കുന്ന തങ്കം അദ്ധ്യാപകന്മാരുടെ കണ്ണിലുണ്ണിയായിരുന്നു. അവളുടെ സൽസ്വഭാവവും സൌന്ദര്യവും അവളെ സ്കൂളിലെ എണ്ണപ്പെട്ട വിദ്യാർത്ഥിനിയാക്കിമാറ്റി. വിദ്യാർത്ഥിനിനേതാവായി തങ്കം ഐകകണ്ഠ്യേനതിരഞ്ഞെടുക്കപ്പെട്ടു. തങ്കം സമരത്തിൽ വിദ്യാർത്ഥിനികൾക്കു് നേതൃത്വം നൽകുന്നതറിഞ്ഞപ്പോൾ അദ്ധ്യാപകന്മാർ അവളെ ഗ്രണദോഷിച്ചു; അവളുടെ പഠിപ്പു് മോശമാകാതിരിപ്പാൻ. പക്ഷേ തങ്കം തന്റെ കർത്തവ്യം ഭംഗിയായി നിർവഹിക്കാൻ തന്നെ തീരുമാനിച്ചു. ദിവസങ്ങൾരണ്ടുമൂന്നു കടന്നുപോയി. ''അടുത്ത ദിവസം വിദ്യാർത്ഥിനികൾ പിക്കറ്റുചെയ്യണം എന്നൊരറി

തു്. വെള്ളത്തിൽ കിടന്നില്ലെങ്കിൽ ജീവൻ നശിച്ചുപോകുന്ന മത്സ്യത്തെപ്പോലെയാണു്. ചിലയാളുകൾ അവരുടെ അകത്തു് ''അവനിച്ചിരി'' ചെന്നില്ലെങ്കിൽ ജീവൻ നശിക്കുന്നമട്ടാണു്.

കുടിക്കുന്നവൻ കുടിക്കട്ടെ. എന്തിനു ശപിക്കപ്പെട്ട മനുഷ്യർ അതുവഴി കുടുംബത്തേയും സമുദായത്തേയും അവഹേളിക്കുന്ന മദ്യപാനികൾ സുബോധത്തോടെ ചിന്തിക്കട്ടെ, ഈ ദുഷിച്ച പ്രവണത എത്രയെത്ര സുഭഗസുന്ദരമായ കുടുംബങ്ങളെയാണു് താറുമാറാക്കിയിട്ടുള്ളതു്. എത്രയെത്ര ഇളംമനസ്സുകളെയാണു് ഭാവിയിലെ പാഴ്ചരക്കുകളാക്കുന്നതു്! ചുരുക്കത്തിൽ സമാധാനനിർഭരമായ കുടുംബജീവിതത്തിലേക്കു് നരകത്തിലെ കത്തിക്കാളുന്ന തീക്കൊള്ളിയല്ലേ അവർ വലിച്ചെറിയുന്നതു്?

തന്റെ മാതൃകാപരമായ ജീവിതംകൊണ്ടു് ധന്യമാക്കേണ്ട കുടുംബത്തെ—തന്റെ നേതൃത്വവും ശിക്ഷണവും വഴി രക്ഷിച്ചെടുക്കേണ്ട മക്കളെ ദുഷിച്ച മാർഗ്ഗത്തിലേക്കാണു് തിരിച്ചുവിട്ടുന്നതെങ്കിൽ വരും തലമുറയോടു ചെയ്യുന്ന ക്ഷമിക്കാൻ സാധിക്കാത്ത ഒരപരാധമല്ലേ അതു്?

കുടുംബജീവിതത്തിന്റെ ഗുരുനാഥനായ കുടുംബനാഥൻ ഏതു നിലയിലാണു് മക്കളെ കുടുംബജീവിതം അഭ്യസിപ്പിക്കുന്നതു്? കുടുംബപ്രാർത്ഥനയുടെ നേരത്തു് കുടുംബനാഥനെവിടെയാണു്? കള്ളഷാപ്പിലും തെങ്ങിന്റെ മുകളിലും! അപമാനം! ലജ്ജാകരം!! എന്തിനു കുറ്റംപറയുന്നു; പണ്ടൊരിക്കൽ തെങ്ങിന്റെ മുകളിലിരുന്ന അപ്പനു് ഒരു പാവം മകൻ, കുടുംബപ്രാർത്ഥന കഴിഞ്ഞു് സ്മൃതിചെല്ലുവാൻ അങ്ങു കയറിച്ചെന്നപോലും! എന്തൊരു മാതൃകാപരമായ ജീവിതം!!

സാത്താന്റെ സന്തതിയെ അകത്താക്കി അന്തിനേരത്തു് കയറിവന്നു് 'പൂരപ്പാട്ടു് പാടി ഇല്ലാത്ത പൊല്ലാപ്പു' സൃഷ്ടിച്ചു് കുടുംബത്തെ നരകതുല്യമാക്കുന്ന ആളുകളാണോ സമുദായത്തിന്റെ അഭിമാനസ്തംഭങ്ങൾ? കള്ളം കുടിച്ചു് ലക്കും ലഗാനുമില്ലാതെ കയറിവന്നു് ഭാര്യയേയും മക്കളേയും നീചമായി മർദ്ദിക്കുന്ന വരാണോ മാതൃകാജീവിതം നയിക്കുന്ന കുടുംബത്തലവന്മാർ! നമുക്കു് അപമാനം തോന്നുന്നില്ലേ? ഇതര സഹോദരസമുദായങ്ങൾ നമ്മെക്കൊണ്ടു് ''കഷ്ടം,'' വെക്കുന്നില്ലേ?

ഞായറാഴ്ചദിവസത്തിന്റെ ഇരുപത്തിനാലുമണിക്കൂറും കള്ളുകുടിച്ചു് പേക്കൂത്തു് കാണിക്കുന്നതാണോ ശരിയായ ക്രിസ്തീയ ജീവിതം! എന്തിനേറെ, പരിശുദ്ധമായ ദുഃഖവെള്ളിയാഴ്ച ലോകത്തിന്റെ മുഴുവൻ പാപഭാരം ഏറ്റു മരക്കുരിശിൽ മരിച്ച ദൈവസുതന്റെ മരണദിനത്തിൽപോലും മുക്കാറും കള്ളുകുടിച്ചു്, പള്ളിയിൽവന്നു് കൈരണ്ടും വിരിച്ചുപിടിച്ചു് ''കുരിശിന്റെ വഴി'' യെ നടന്നുപോയ നീചന്മാരായ കുടിയന്മാരെ ഞാൻ കണ്ടിട്ടുണ്ടു്. എന്തൊരു കഷ്ടം? എന്തൊരപമാനം!; ആരിതു സഹിക്കും? ആരു് മാപ്പു തരും?

നമുക്കൊന്നു് ഉറക്കെ ചിന്തിക്കാം. നമ്മുടെ തെറ്റുകൾ തിരുത്താം. നാം നമുക്കുതന്നെ അപമാനകാരണങ്ങളായിതീരാതിരിക്കുവാൻ ശ്രമിക്കാം. മറ്റുള്ളവരുടെ മുമ്പിൽ നമ്മുടെ സമുദായത്തെ അപമാനപ്പെടുത്തുന്നു—അപകടപ്പെടുത്തുന്നു—മദ്യത്തിന്റെ മാന്ത്രികശക്തിയിൽനിന്നു് അകന്നു ജീവിക്കുവാൻ നമുക്കു് ശ്രമിക്കാം. അതുവഴി കുടുംബത്തെയും സമുദായത്തേയും സർവ്വോപരി നമ്മുടെ ആത്മാവിനേയും നമുക്കു് രക്ഷിക്കാം.

എ. കെ. സി. സി. ബുള്ളറ്റിൻ

വാർത്തകൾ ചുരുക്കത്തിൽ

റോമിൽ

ഫെബ്രുവരി 16 മുതൽ 21വരെ മാർപ്പാപ്പയും റോമൻ കൂരിയാംഗങ്ങളും ധ്യാനത്തിലായിരുന്നതിനാൽ ഈ ദിവസങ്ങളിൽ സന്ദർശനങ്ങളും ഔദ്യോഗികമായഇടപാടുകളുംഅനുവദിച്ചിരുന്നില്ല.

പോളിസി മാറിയെന്നു

പോപ്പ് ആറാമൻ പാപ്പ ജോൺമാർപ്പാപ്പയുടെ പോളിസികളെല്ലാം മാറിയെന്ന് ആരോപണം ഉന്നയിച്ച കമ്മ്യൂണിസ്റ്റുപത്രങ്ങൾക്ക് ഒസർവത്താരെ റൊമാനൊ' ചൂട്ടമറുപടി കൊടുത്തിരിക്കുന്നു.

ഐകമത്യം

യൂറോപ്പിലെ രാജ്യങ്ങളെല്ലാം സാമൂഹ്യികരാഷ്ട്രീയകാര്യങ്ങളിൽ ഏകതാനതയോടെ വർത്തിക്കുന്നതു ലോകസമാധാനത്തിനുതകുമെന്നു പോപ്പ് മാർപ്പാപ്പ ഉൽബോധിപ്പിച്ചിരിക്കുന്നു.

ജർമ്മനിയിൽ

സഭയെ അധുനാതന രീതിയിൽ നവീകരിക്കുമ്പോൾ സത്താപരവും അടിസ്ഥാനപരവുമായ വസ്തുതകളുടെ മൗലികത്വം കളങ്കം കൂടാതെ സൂക്ഷിക്കണമെന്നു കാർഡിനൽ ഡോഫ്നർ അഭ്യർത്ഥിച്ചിരിക്കുന്നു.

ഇംഗ്ലണ്ട്

ഇവിടെ ദരിദ്രരുടെ സഹായാർത്ഥം ഫെബ്രുവരി21-നു് ഒരു ദേശീയോപവാസദിനമായി ആചരിച്ചു് മിച്ചം പാവപ്പെട്ടവർക്കായി ജനങ്ങൾ സർക്കാരിനെ ഏല്പിച്ചു.

അച്ചന്മാർ അറസ്റ്റിൽ

സുഡാനിൽ മിഷൻവേല ചെയ്തിരുന്ന അഞ്ചു യൂറോപ്യൻവൈദികരെ സുഡാൻ പോലീസ് അറസ്റ്റുചെയ്തു ജയിലിൽ ഇട്ടിരിക്കുന്നു, മതമർദ്ദനം ഇപ്പോഴും തുടരുന്നുണ്ടു്.

പള്ളിമാറാൻ ഉത്തരവു്

ഏറിയാഗോവും ബുദ്ധമതക്കാർ തിങ്ങിപ്പാർക്കുന്ന സിലോണിലെ അരാധപുരം പട്ടണത്തിൽ നിന്നു ഒരു കത്തോലിക്കദൈവാലയം ഉടനെ മാറ്റിസ്ഥാപിക്കാൻ സർക്കാർ കല്പിച്ചിരിക്കുന്നു.

സ്പെൽമാൻ സംസാരിക്കുന്നു.

അമേരിക്കയിൽ ഒരിക്കലും ജാതിയുടെ അടിസ്ഥാനത്തിൽ നീഗ്രോകളെ അവഗണിക്കരുതെന്നു കാർഡിനൽ സ്പെൽമാൻ ഉൽബോധിപ്പിച്ചിരിക്കുന്നു

കന്യാസ്ത്രീകളെ സൂക്ഷിക്കുക

പരിപ്പും പരിശീലനവുമില്ലാതെ സഭയിലേക്കു തള്ളിക്കയറുന്ന കന്യാസ്ത്രീകൾ ഇന്നു സഭക്കു ഗുണത്തെക്കാളധികം ദോഷമാണു ചെയ്യുന്നതെന്നു പെറുവിലെ പേപ്പൽ സ്ഥാനപതി കർബോനി ഓർമ്മിപ്പിച്ചിരിക്കുന്നു.

വിജയവാഡ

മേരിസ്റ്റെല്ല കോലായത്തിന്റെ വാർഷികം ഫെബ്രുവരി 6-നു ഡോക്ടർ കെ. എൽ. റാവുവിന്റെ അധ്യക്ഷതയിൽ ആഡംബരപൂർവ്വം കൊണ്ടാടുകയുണ്ടായി.

ഗോവായിൽ നൊവേന

ഗോവാബസലിക്കയിൽ സെന്റു് ഫ്രാൻസിസ് സേവ്യറിന്റെ ബഹുമാനാർത്ഥം നടത്തുന്നനൊവേനയിലും പ്രദർശനത്തിലും പതിവിലേറെ തീർത്ഥാടനങ്ങൾ സംബന്ധിച്ചുവരുന്നു.

മാംഗളൂർ

സ്ത്രീകൾക്കുവേണ്ടിയുള്ള സമാജസേവാമന്ദിരത്തിന്റെ ഉൽഘാടനം മാർച്ചു് 2-നു കെ. ആർ. രാമചന്ദ്രൻ സമുചിതമായി നിർവ്വഹിക്കയുണ്ടായി.

വിശാഖപട്ടണം

ഇവിടത്തെ വ്യാകുലമാതാവിൻ പള്ളിയിലെ തിരുനാൾ സഹായമെത്രാൻ ഗോപുഇഗ്നേഷ്യസിന്റെ കാർമ്മികത്വത്തിൽ മാതൃകാപരമായി ആഘോഷിച്ചു.

സംയുക്തസമിതി

ഉഗണ്ടയിലെ കത്തോലിക്കരും അ

പ്രായത്തോടെയാണു് അന്നത്തെ സമരസമിതിമീറ്റിങ്ങു് ആരംഭിച്ചതു്. ആ അഭിപ്രായം കൊണ്ടുവന്നതു് തങ്കമായിരുന്നു.

സമരസമിതിയുടെ തീരുമാനപ്രകാരം അടുത്ത ദിവസം തങ്കത്തിന്റെ നേതൃത്വത്തിൽ പിക്കറ്റിങ്ങു് ആരംഭിച്ചു കുറച്ചു സമയം കഴിഞ്ഞപ്പോഴേക്കും ഒരു പോലീസുവാൻ ചീറിവരുന്നതു് അവർ കണ്ടു. അഞ്ചു പത്തു കാക്കിക്കുപ്പായക്കാർ ജീപ്പിൽനിന്നു ചാടിയിറങ്ങി. തങ്കം ആവേശത്തോടെ കൂടുതൽ ഉച്ചത്തിൽ മുദ്രാവാക്യം വിളിച്ചുപറഞ്ഞു. കുറച്ചധികം പ്രായംചെന്ന ഒരു പോലീസുകാരൻ അവരെ അറസ്റ്റു് ചെയ്തായിപ്പറഞ്ഞെങ്കിലും ആരും അതു് കേട്ടതായിപ്പോലും നടിച്ചില്ല. ഇതിനിടയിൽ പോലീസുകാർ അവിടെ കൂടിയിരുന്ന വിദ്യാർത്ഥികളെ ഓടിക്കാൻ ഒരു വിഫലശ്രമം നടത്തി. വീണ്ടും അവർ പിക്കറ്റുചെയ്യുന്നവരുടെ അടുത്തേക്കുവന്നു. പോലീസ് മേധാവി അനുചരന്മാർക്കു് ആജ്ഞനൽകി. ''എല്ലാവരിനേയും പിടിച്ചുവാനിലിട്ടു.'' അനുചരന്മാർമുന്നോട്ടുവന്നു. കൂട്ടത്തിൽ സുന്ദരനായ ഒരു പോലീസുകാരൻ മുന്നോട്ടുവന്നു 'നിങ്ങളെ അറസ്റ്റുചെയ്യുന്നു, എന്നു് പറഞ്ഞെന്നുതോന്നുന്നു. അപ്പോഴേക്കും 'തൊട്ടുപോകരുതു്' എന്നൊരു ശബ്ദം അവിടെ മാറ്റൊലിക്കൊണ്ടു. ആയിരക്കണക്കിനു വിദ്യാർത്ഥികളുള്ള ആ വിദ്യാലയത്തിൽ ഒരു നിമിഷം ശ്മശാന നിശ്ശബ്ദതകളിയാടി. 'അറസ്റ്റു് ചെയ്യണമെങ്കിൽ വനിതാപ്പോലീസുമായിവരൂ, തങ്കം സഗൌരവം പറഞ്ഞു പോലീസുകാർ തിരിച്ചുപോയി. തങ്കം ഏല്ലാം വ്യക്തമായിഓർത്തു. അതേ ഇന്നുകണ്ട ആ മനുഷ്യൻ അന്നത്തെ പോലീസുകാരൻ തന്നെ. തങ്കം തന്റെ ഓർമ്മകളുടെ ചുരുളുകൾ നീക്കുമ്പോൾ മറ്റൊഗതിയു് വിവാഹക്കാര്യം പിരിമുറുകിക്കൊണ്ടിരുന്നു. പിതാവു് മകളുടെ ഇഷ്ടം ആരാഞ്ഞെങ്കിലും അവൾ ഒന്നും ശബ്ദിച്ചില്ല. മൗനം സമ്മതലക്ഷണം, എന്നുപറഞ്ഞുകൊണ്ടു് പിതാവു് വിവാഹം ഉറപ്പിച്ചു. തങ്കം ആരോടും സംസാരിക്കാനോ വല്ലതും ചെയ്യാനോ ഒന്നും ഇഷ്ടപ്പെട്ടില്ല. അവളുടെ ചിന്തമുഴുവൻ ആ സുന്ദരനായ പോലീസുകാരനേയും അന്നത്തെ സംഭവങ്ങളേയും പറ്റിയായിരുന്നു. 'തൊട്ടുപോകരുതു്' എന്ന ശബ്ദം അവളുടെ കണ്ണുകളിൽ ആയിരക്കണക്കിനു് മൊട്ടുസൂചികൾ ഒന്നായിവന്നു താക്കുന്നതുപോലെ തങ്കത്തിനു് അനുഭവപ്പെട്ടു

ഒടുവിൽ ആ സുദിനവും വന്നെത്തി. കല്യാണം കഴിഞ്ഞു വധൂവരന്മാർ ബന്ധുക്കളോടുകൂടി വരന്റെ വീട്ടിലേക്കു് പോയി. തങ്കത്തിന്റെ ഹൃദയം ശക്തിയായി അടിക്കുന്നതു് അവൾക്കു വ്യക്തമായി കേൾക്കാമായിരുന്നു. വിറക്കുന്ന കാലുകളോടും തുടിക്കുന്നഹൃദയത്തോടും കൂടി അവൾ മുറിയിൽ കാലെടുത്തുവെച്ചു. അയാൾ പുഞ്ചിരിച്ചുകൊണ്ടു് തങ്കത്തിന്റെ രണ്ടുകൈകളും കൂട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു ''നിന്നെ അറസ്റ്റു് ചെയ്തിരിക്കുന്നു.

ക്രൈസ്തവ യുവാക്കളോട്

— സി. ഠരി. കെ. ചിറവം —

ഭൂതകാലമാം 'പാരഡൈസി'-
ങ്കൽ നി-
ന്നേതു വണ്ണമീ വർത്തമാനകണ്ടത്തിൽ
കേവലം നിപതിച്ച നാം പേരെഴും
കേരളീയസ്ഥിയാനി ക്രിസ്ത്യരേ?
യേശുദേവന്റെ മാവ്വിടത്തിങ്കലെ
പോരകൊണ്ട ചുവന്ന കയ്യാലല്ലേ
നൂനം നമ്മുടെ പൂവ്വരെ മാത്തോമ്മാ
സ്ഥാനം ചെയ്തിച്ച മാർഗ്ഗത്തിൽ—
പേർത്തും?
ക്രൈസ്തവത്തൊമ്മച്ചൻ തൊട്ട പലപല
മായമറ്റ സമുദായസ്നേഹികം,
ശോഭചേർത്തില്ലേ പണ്ടെഴുപത്തുനാ—
ലാഭരണങ്ങളം ചാർത്തി-പദവികം..?
താഴം രാജകിരീടമയത്താനും,
ചൂഴം പാഴുപജാപം തകർപ്പാനും,
തെല്ലോ നമ്മുടെ പൂവ്വികർ
ചിന്തിനാർ
ഫുല്ലതാരുണ്യരക്തമണികളെ?
ധ്യാനമണ്ഡലജാതയാം ദിവ്യസൽ—
ജ്ഞാനഗംഗയിൽ കേരളം മുക്കിയ
മാനനീയ കവികുലാഗ്രേസര-
ന്മാരുമില്ലയൊ നമ്മുടെ പൂവ്വരിൽ?
ക്രൂശുവിട്ട പരോപകാരത്തിനായ്
പൊങ്കിരീടമണിഞ്ഞ തലകളം,
വീതശങ്കമരക്ഷിതരക്ഷയ്ക്കായ്
വീരഖഡ്ഗമെടുത്ത കരങ്ങളും,
നെഞ്ഞിലാനന്ദപൂന്തേനൊഴുക്കുവാൻ
മഞ്ഞുള്ളകവിപാടിയ വായ്കളം,
വ്യാകുലം മിഴിനീർ പരസങ്കട—
ത്തീ കെടുത്തുവാൻ തുകിയ കൺകളും
സത്യകാരണാന്വേഷണവ്യഗ്രമാം
തപ്തചിന്തയാൽ വേർത്ത ഫാലങ്ങളും,
ഇസ്സമുദായഗാത്രത്തിലന്വേ—
ന്നേ.ത്തിണങ്ങി വിളങ്ങിയാരു-
ന്നിതേ.
(ആ മനോഹര കാലമേ, സങ്കല്പ-
സീമയിൽ മാത്രമായ്ക്കഴി
ഞ്ഞല്ലോ നീ!)
നാട്ടിനും, നഗരത്തിനും, വീട്ടിന—
മുട്ടിനും, ഉയിർപോകും പയറിനും,
ആണിയായി വിളങ്ങിയിരുന്ന ന—
സ്രാണിയെങ്ങനെ താണുപോയിത്ര—
മേലും?
വില്പാർ വട്ടത്തെ ചെങ്കോൽ—
തഴമ്പിന്നും
നല്ലപോലങ്ങു മായാത്ത കൈ—
കരുക്കൾ,
രാജ്യസേവനചക്രം തിരിക്കുവാൻ
യോജ്യതയില്ലെന്നായോ?
ശിവശിവ!
ബ്രാഹ്മണന്റെ സമസ്ത പദവിയും
താത്രരേഖയിൽ കിട്ടിയ നാടിതിൽ
പള്ളികെട്ടിനമസ്കരിപ്പാനുമീ—
ന്നുള്ള ബുദ്ധിമുട്ടെത്രയെന്നോക്കുവിൻ!
വീട്ടിൽ നമ്മളടിമകം; സ്വന്തമാം
നാട്ടിൽനമ്മം വിദേശികം;ഓർക്കു
വിൻ!
വല്ലപാട്ടം മരിച്ചാലും നമ്മംക്കി—
ന്നില്ല വേണ്ടോളം മണ്ണുമറ്റുവാൻ.
[എന്തിനന്യരെചൊല്ലുന്നു ദൂഷണം
സ്വന്തകാര്യമനേകമിരിക്കവേ.]
അന്യജാത്യഭിമാനികനാം;ജാതി
സ്പർദ്ധകൊണ്ടു മിഴികളിരുണ്ടവർ;
അർത്ഥമില്ലാത്ത മംമൂൽച്ചരടിനാൽ
വ്യർത്ഥമായി സ്വയംനിബന്ധിച്ച
വർ;
ഒത്തൊരുമയില്ലാത്തവർ; സ്വാർത്ഥി
കർ;
കൃത്യബോധമെന്നുള്ളതില്ലാത്തവർ.
ബാലവേളി, ദുസ്ത്രീധനരീതിയെ—
ന്നേല്പമാത്രദൂഷിച്ച മാമൂലുകം
ഇത്തിൾപോലെ പടർന്ന സദാജീവ—
രക്തമൂറിക്കുടിച്ച ശവങ്ങളം നാം.
സർവ്വപാപപ്രസൂതിയാം മദ്യത്തിൻ
ദുർവ്വിഷത്തിൽമയങ്ങിനശിക്കുവോർ
അന്യരുന്നതിമാർഗ്ഗത്തിൽ മേല്പുമേൽ
വെന്നുവെന്നുകുതിച്ച തേറുമ്പോഴം
നമ്മം ചുമ്മാതെ കാലംകളയുവോർ
തമ്മിൽതല്ലിയും വാശിവളർത്തിയും.
അമ്മ—കൈരളീദേവി—സുകൃതിനി
ശമ്മദ്യയിനി, നിർമ്മലരൂപിണി,
നമ്മംമക്കളെന്നോക്കുമ്പോഴൊക്കെയും
നന്മമേനിയായ്കേഴുവതില്ലയോ?
പോരും പോരും ഉറക്കം:ഉണരുവിൻ
കേരളീയ നസ്രാണിയുവാക്കളെ!
പൂർവ്വശുജവീരരക്തത്തിൽ നി—
ന്നാവിർഭൂതരായോർ നിങ്ങളെന്നാ
കിൽ
വീരകേരളമാനിനിമാർ പെറ
ധീരപുരുഷരെങ്കിൽ—മടിക്കാതെ
സ്വസമുദായസേവനൈകാന്ത—
ബദ്ധസന്നദ്ധസേനയിൽ ചേരുവിൻ.

റ്റ്രിക്കൻസും യോജിച്ച പൊതുക്കാര്യന
ത്തിപ്പുകംക്കായും രാഷ്ട്രീയോന്ന മന
ത്തിനായും ഒരു സംയുക്തസമാജം രൂപ്പെ
ത്തി പ്രവർത്തിച്ചുവരുന്നു.

എടതുവായിൽ

മരിയൻ സൊഡാലിറ്റിയുടെയും
രിയൻ ഗിൽഡിന്റെയും സംയുക്ത
കം ഫെബ്രുവരി 23-ന ആഘോ
ിച്ചിരിക്കുന്നു.

കണ്ണോത്ത്

മലബാറിലെ സുപ്രസിദ്ധമായ ക
ണ്ണോത്ത് പള്ളി നിത്യസഹായ മാതാ
ിപ്പിന്റെ തിരുനാൾ ക്ഷേത്രസംവർദ്ധക
ായും മാതൃകാപരമായും നടത്തിയിരി
ക്കുന്നു. തിരുവും ''ലൂർദ്'' മോഡലി
ായിരുന്നു പ്രദക്ഷിണം.

ചുങ്കപ്പാറ

തിരുവല്ല രൂപതയിൽപെട്ട സെ
ന്റ്ജോർജ്ജ് പള്ളിയിലെ പുരുഷ
മിഷൻ ലീഗ്, സൊഡാലിറ്റി, സ
ൻഡേസ്കൂൾ ഇവകളുടെ സംയുക്തവാർഷി
കം ഫെബ്രുവരി 23-ന അഭിവന്ദ്യ മാർ
ത്തനാസിയോസ് തിരുമനസ്സിലെ
ദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു.

മാള

സെൻറ് വിൻസൻറ്ഡിപോൾസ
ഖ്യത്തിന്റെ ആഭിമുഖ്യത്തിൽ വിശുദ്ധ
വാരത്തിൽ പുരുഷന്മാർക്കായി നടത്തി
വരാറുള്ള ഏകാന്തധ്യാനം മാള സെൻറ്
ആൻറണീസ് ഹൈസ്കൂളിൽവച്ച നടത്തു
വാൻ നിശ്ചയിച്ചിരിക്കുന്നു.

ഇടക്കൊച്ചി

വി. അന്തോണീസിന്റെ കപ്പേള
യിൽ അത്ഭുതപ്രവർത്തകനായ വി. അ
ന്തോണീസിന്റെ തിരുനാൾ ഫെ. 23—
ന ആഡംബരപൂർവ്വം ആഘോഷിച്ചു.

പ്രതിഷേധയോഗം

എ. കെ. സി. സി. 119-ാംനമ്പ
ർ വെച്ചൂർ ശാഖയുടെ ആഭിമുഖ്യത്തിൽ
ശങ്കരസ്കൂരിന്റെ നെറികെട്ട കീരി
ത്തോട് കടിയിറക്കിനെ പ്രതിഷേധി
ക്കാനും കീരിത്തോട്ടുകാരോട് അനുഭാവം
പ്രകടിപ്പിക്കാനുമായി 8-3-' 4- ൽ മാർ
മിഖായേൽ സ്മാരകഹാളിൽവച്ച ചേർന്ന
യോഗത്തിൽ ശാഖാപ്രസിഡണ്ട് ശ്രീ.
എൻ. കെ. ജോസ് കടിയിറക്കിന്റെ
വിനകളെയും സ്കൂരിന്റെ ക്രൂരതയെ
യും പറ്റി പ്രസംഗിക്കയുണ്ടായി.

തെക്കൽ

ചെങ്ങളി കീരിത്തോട്ടിലെ പ്ര
ശ്നം ആറിത്തണുക്കുമ്പോഴേ
ക്കും ഇതാ തെക്കൽ പ്രശ്നം
പൊന്തിവന്നിരിക്കുന്നു. അധി
കൃതർ സമുചിതമായി നടപടി
സ്വീകരിക്കാമെന്നു പറഞ്ഞി
രിക്കെ, ഞങ്ങളിപ്പോഴും കൂടുത
ലൊന്നുമെഴുതുന്നില്ല.

പോലീസ് വലയത്തിൽ നടന്ന നരവേട്ട

ചൂരുളികീരിത്തോട്ടിൽ നടന്ന കിരാതവൃത്തികേടും നന ഞ്ഞ കണ്ണുകളോടെയാണു നാമെല്ലാം കേട്ടതു്. ജനാധിപ ത്യവിരുദ്ധമായ ഈ തെമ്മാടിത്തരം കാട്ടാനും അതു ചോ ദിച്ചാൽ ധിക്കാരം പറയാനും മാത്രം നമ്മുടെ നാടു് അധ: പതിച്ചു പോയോ?

— പ്രസിഡണ്ടു് പി. സി. എബ്രഹാം —



അഖിലകേരള കത്തോലിക്കാ കോൺഗ്രസ് വക്കിംഗ്ഗ്രൂപ്പ് മുമ്പാകെ, പ്രസിഡണ്ടിന്റെ നിർദ്ദേശാനുസരണം വക്കിംഗ്ഗ്രൂപ്പ് കമ്മിറ്റിയിൽ പങ്കുകൊണ്ട സമുദായനേതാക്കന്മാരും ചേർന്നു 8-3-64-ൽ കീരിത്തോട്ടുസംഭവങ്ങളെ സംബന്ധിച്ചു് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഒരു പ്രസ്താവന പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഒന്നിലധികം കാരണങ്ങളാൽ കീരിത്തോട്ടിൽ കുടിയിരുത്തപ്പെട്ട കർഷകരെയാണു് കേരളസർക്കാർ നിർദ്ദാക്ഷിണ്യം കുടിയിറക്കിയതു്. സംസ്ഥാനപുനഃസംഘടനാപ്രശ്നം സൂക്ഷ്മമായ അവസരത്തിൽ കേരളത്തിനു ഡോളർ സമ്പാദിച്ചുകൊടുക്കുന്ന പീരുമേട്-ദേവികുളം താലൂക്കുകൾ മദ്രാസ് സംസ്ഥാനത്തിൽ ലയിപ്പിക്കേണ്ടതാണെന്നു് തമിഴ്നാട്ടുകാരുടെ ശക്തിയായ വാദം ഉണ്ടായി. അന്നധികാരത്തിലിരുന്ന മന്ത്രിസഭയും രാഷ്ട്രീയ കക്ഷികളും കീരിത്തോട്ടുതുടങ്ങിയ സ്ഥലങ്ങളിൽ കേരളീയരായ ജനങ്ങളെ കുടിയേറിപ്പാർക്കുന്നതിനു് ആഹ്വാനവും സഹായസഹകരണങ്ങളും നൽകി. ക്ഷുദ്രജന്തുക്കൾ പരിഹരിക്കുന്നതിനും കുടിയേറ്റക്കാരെ സർക്കാരും രാഷ്ട്രീയ പ്രവർത്തകരും പ്രോത്സാഹിപ്പിക്കുകയുണ്ടായി. ഫോറസ്റ്റുദ്യോഗസ്ഥന്മാർ കുടിയേറ്റത്തിനു കൂട്ടുനിൽക്കുകയും ചെയ്തു. അതുമല്ലാതെ ഒരു സുപ്രഭാതത്തിൽ സർക്കാർവനഭൂമി ആക്രമിച്ചു കൈവശപ്പെടുത്തിയതുമല്ല. സാധുക്കളായ ഈ കർഷകജനത ഇക്കാരണങ്ങളാൽത്തന്നെ ഇപ്പോഴും നടക്കുന്ന കുടിയിറക്കുസംഭവങ്ങളും മനുഷ്യത്വത്തിനും, സാധാരണനിയമത്തിനും നിരക്കുന്നതല്ലായെന്നുള്ളതു് സ്പഷ്ടമാണു്.

ഇറക്കുന്നതിനുവേണ്ടിയുള്ള കുടിയിറക്കു്

മലയോരങ്ങളിൽ കുറെ വർഷങ്ങളായി കുടിയേറിപ്പാർത്തു് കഠിനാദ്ധ്വാനം ചെയ്തു വിലപ്പെട്ട ദേഹണ്ഡങ്ങളും ചെയ്തിട്ടുള്ള ഈ കർഷകജനതയെ അവിടങ്ങളിൽ നിന്നും ഒഴിപ്പിച്ചു് ഇതരസ്ഥലങ്ങളിൽ കുടിയിരുത്തേണ്ടതായി വന്നാൽ അതിനുമുമ്പായി താഴെപ്പറയുന്ന കാര്യങ്ങൾ ക്കായി ഗവൺമെണ്ടുദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ചേർന്ന ഒരുന്നതാധികാരക്കമ്മിറ്റിയെ നിയമിക്കേണ്ടതും പ്രസ്തുത കമ്മിറ്റിയിൽ അൻദ്യോഗസ്ഥന്മാർക്കു ഭൂരിപക്ഷം ഉണ്ടായിരിക്കേണ്ടതുമാണു്. ഇങ്ങനെ നിയമിതമാകുന്ന കമ്മിറ്റി ഏതേതു പ്രദേശങ്ങളിൽ കുടിയിറക്കു ഒഴിച്ചുകൂട്ടാൻ പാടില്ലാത്തതാണെന്നും എത്ര കുടുംബങ്ങളെ കുടിയിറക്കേണ്ടിവരുമെന്നും കുടിയിറക്കപ്പെടുന്നവർക്കു കൊടുക്കുന്ന നഷ്ടപരിഹാരം, പ്രതിഫലം. അവരെ കുടിയിരുത്തേണ്ട സ്ഥലങ്ങളും തുടങ്ങിയവ കാലേക്കൂട്ടി പ്രസിദ്ധം ചേയ്യേണ്ടതുമാകുന്നു. ഈവിധമുള്ള ഒരു റിപ്പോർട്ടും അതനുസരിച്ചുള്ള നടപടികളും അംഗീകരിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പു് യാതൊരു കുടിയിറക്കും പാടില്ലായെന്നു കമ്മിറ്റി തീരുമാനം ചെയ്യുന്നു.

ഭാവനയും മനുഷ്യത്വവുമില്ലാത്ത നടപടി

വനപ്രദേശങ്ങൾ തെളിയുന്നതുകൊണ്ടു കുറഞ്ഞുപോകുമെന്നു് നാളിതുവരെ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. അതിന്റെ പേരിലും വനസംരക്ഷണത്തിന്റെ മറവിലും വനപ്രദേശങ്ങളിൽനിന്നും കുടിയിറക്കുകയെന്നതു് ന്യായീകരിക്കാവുന്നതുമല്ല. അതുപോലെതന്നെ ഇന്നു ജീവിച്ചിരിക്കുന്നവർക്കു താമസത്തിനും ക്ഷേണത്തിനും സൗകര്യങ്ങൾ ചെയ്യാതെ, ഭാവിതലമുറയുടെ പേരിൽ ഇന്നത്തെ തലമുറയെ അവഗണിക്കുന്നതു് ഒരു പരിഷ്കൃതഗവൺമെണ്ടിനും ചേർന്നതല്ല. ഇന്നത്തെ കുടിയിറക്കു സംരംഭങ്ങൾ ആരംഭിച്ചതുമുതൽ പ്രതിദിനം 75,000രൂപാ ശ്രേഷ്ക്കമായ കേരളസർക്കാരിന്റെ ഖജനാവിൽനിന്നും കുടിയിറക്കാനും നരവേട്ടയ്ക്കും ചെലവാകുന്നുണ്ടു്. ഈ തുക മനുഷ്യോചിതമായും, ന്യായമായും ഉപയോഗിച്ചിരുന്നുവെങ്കിൽ യാതൊരുക്രമവും അനീതിയുംകൂടാതെതന്നെ കീരിത്തോട്ടിലെ കുടിയേറ്റക്കാരെപുനരധിവസിപ്പിക്കാമായിരുന്നുവെന്നുംകമ്മിറ്റി വിശ്വസിക്കുന്നു.

പോലീസ് മർദ്ദനം

കീരിത്തോട്ടിലെ കുടിയിറക്കുസംരംഭങ്ങളും ആരംഭിച്ചതു ഭയാനകവും, കിരാതവുമായ ഒരു പരിതസ്ഥിതിയിലാണു്. എം. എസ്പി., എസ്. എ. പി, മൈസൂർപോലീസ് തുടങ്ങിയ ഒരു വലിയ പോലീസുസന്നാഹത്തെ കീരിത്തോട്ടിലേയ്ക്കു അയയ്ക്കപ്പെട്ടു. ടീയർഗ്യാസും ലാത്തിച്ചാർജ്ജും നടത്തപ്പെട്ടുവെന്നു ഗവർമ്മേൻറുദ്യോഗസ്ഥരിൽനിന്നും സമ്മതിക്കുന്നുണ്ടു്. വെടിവെയ്പു നടന്നുവെന്നും പൊതുജനങ്ങൾക്കു വിശ്വസിക്കാൻ മതിയായ കാരണങ്ങളും ഉണ്ടു്. മർദ്ദനമുറകളും അഴിച്ചു വിട്ടശേഷം ചൂരുളിയും പരിസരങ്ങളും പോലീസ് വലയത്തിലിരുന്നു. ഉത്തരവാദപ്പെട്ട എംഎൽഎമാരെയും രാഷ്ട്രീയകക്ഷികളിൽപ്പെട്ട പ്രമുഖവ്യക്തികളെപ്പോലും സംഭവസ്ഥലത്തേയ്ക്കു കയറിച്ചെല്ലാൻ അനുവദിച്ചിരുന്നില്ല. മർദ്ദനംകൊണ്ടു മുതിർന്നവരായ കത്തോലിക്കർക്കു അന്ത്യകൂദാശകൂടി കൊടുക്കുന്നതിനു വൈദികരെപ്പോലും കടത്തിവിട്ടില്ല എന്നുള്ളതു് ചരിത്രത്തിൽ ഇതുവരെ കേട്ടിട്ടില്ലാത്ത സംഭവമാണു്. കോൺഗ്രസ് എംഎൽഎമാർ ഉൾപ്പെടെ പല നിയമസഭാംഗങ്ങളും നിയമസഭയിൽത്തന്നെ ആവശ്യപ്പെട്ടിട്ടും കേരളമുഖ്യമന്ത്രി ജനാധിപത്യവിരുദ്ധമായിട്ടും നിർബന്ധബുദ്ധിയോടുകൂടിയും ഭൂഡീഷ്യൽ അന്വേഷണം യാതൊരുകാരണവശാലും അനുവദിക്കുകയില്ലെന്നും അവിടെ ബലപ്രയോഗങ്ങളും നടന്നിട്ടുണ്ടെങ്കിൽ അതിന്റെ എല്ലാ ഉത്തരവാദിത്വങ്ങളും അദ്ദേഹം ഏറ്റെടുക്കുന്നു എന്നുമാണു് പ്രസ്താവിച്ചതു്. ഇന്നും കീരിത്തോട്ടിലേയ്ക്കു് മുഖ്യമന്ത്രിയുടെയോ സർക്കാരധികൃതരുടെയോ പ്രത്യേകാനുമതി കൂടാതെ പ്രവേശിക്കുന്നതിനുള്ള അനുവാദവുമില്ല, ഇക്കാരണങ്ങളാൽത്തന്നെ കീരിത്തോട്ടിൽ സർക്കാരിന്റെ പോലീസ് അംഗീകരിക്കപ്പെട്ടിട്ടുള്ള നിയമങ്ങളും നടപടികളും മറികടന്നു് നിഷ്ഠുരമായ മർ

സംഘടനാകാര്യം

വർക്കിംഗ് കമ്മിറ്റിയോഗം

അഖിലകേരള കത്തോലിക്ക കോൺഗ്രസ് വക്കിംഗ് കമ്മിറ്റിയുടെ ഒരു യോഗം 2–2–64 ഞായറാഴ്ച കാലത്ത് പതിനൊന്നുമണിക്ക് ഹെഡോഫീസിൽ വച്ച് പ്രസിഡണ്ട് ശ്രീ പി സി എബ്രാഹമിന്റെ അദ്ധ്യക്ഷതയിൽ കൂടി. താഴെ പറയുന്ന അംഗങ്ങളും യോഗത്തിൽ ഹാജരുണ്ടായിരുന്നു.

മെ. പി. സി. എബ്രാഹം, ഇ. എം. ജോസഫ്, കെ. എം. ജോസഫ്, വി. ജെ. കുര്യൻ, എൻ. എൽ. ജോസഫ്, സിറിയക്ക് ജെ, നിധിയിരി,

പ്രത്യേക ക്ഷണമനുസരിച്ച് ശ്രീമാന്മാരായ എബ്രാഹം മാരേട്ട്, തോമസ് സെബാസ്റ്റ്യൻ, ലോനപ്പൻ നമ്പാടൻ എന്നിവരും യോഗത്തിൽ സംബന്ധിച്ചു.

പ്രാർത്ഥനാനന്തരം 29–12–63-ലെ റിപ്പോർട്ട് വായിച്ച പാസാക്കി. അനന്തരം താഴെപ്പറയുന്ന പ്രമേയങ്ങളും പാസാക്കി.

1) അഖിലകേരള കത്തോലിക്ക കോൺഗ്രസിന്റെ മുൻഖജാൻജി, ഒരു സജീവപ്രവർത്തകൻ, നേതാവ് എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള കൊല്ലംകാരൻ ശ്രീ കെ വി മാത്യുവിന്റെ ആകസ്മികമായ നിര്യാണം കത്തോലിക്കാസമുദായത്തിനും കത്തോലിക്ക കോൺഗ്രസിനും വലിയ നഷ്ടമാണ്. അദ്ദേഹം സാമുദായികകാര്യങ്ങളിൽ മാത്രമല്ല, ജീവകാരുണ്യപരമായ പ്രവർത്തനങ്ങളിലും സംസ്ഥാനത്തിന്റെ രാഷ്ട്രീയകാര്യങ്ങളിലും സജീവമായി പ്രവർത്തിച്ചുപോന്ന ഒരു മഹാനായിരുന്നു എന്നുള്ള വസ്തുത അനുസ്മരിക്കയും അദ്ദേഹത്തിന്റെ നിര്യാണത്തിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെ അനുശോചിക്കുകയും പരേതന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊള്ളുകയും ചെയ്യുന്നു.

2) മലങ്കര സുറിയാനിസഭയുടെ പരമാധികാരിയായ ഗീവർഗ്ഗീസ് മാർ ബസാലിയോസ് തിരുമേനിയുടെ ദേഹവിയോഗത്തിൽ അഖിലകേരള കത്തോലിക്ക കോൺഗ്രസും കത്തോലിക്കാസമുദായവും അഗാധമായി ദുഃഖിക്കുന്നു. തിരുമേനിയുടെ ദേഹവിയോഗം ക്രൈസ്തവസഭകളെസംബന്ധിച്ചിടത്തോളം ഒരു തീരാനഷ്ടമാണ്. മനുഷ്യസ്നേഹപരമായ സമീപനത്തിൽ തിരുമേനി പ്രത്യേകിച്ച് പ്രകീർത്തിക്കപ്പെട്ടിരിക്കുന്നു. സുറിയാനിസഭയ്ക്കും മാനവസമുദായത്തിനും ഉണ്ടായിട്ടുള്ള ആ തീരാനഷ്ടത്തിൽ കത്തോലിക്ക കോൺഗ്രസിനുള്ള അനുശോചനം ഇവിടെ രേഖപ്പെടുത്തുകയും തിരുമേനിയുടെ ആത്മാവിന് നിത്യശാന്തി നേർന്നുകൊള്ളുകയും ചെയ്യുന്നു.

ശ്രീ കെ വി മാത്യുവിന്റെ ആത്മശാന്തിക്കായി ഒരു പാട്ടുകുർബാനയും ഒപ്പീസും ചൊല്ലുന്നതിന് കാഞ്ഞിരപ്പള്ളി പള്ളി പെ. ബ. വികാരിയച്ചനോട് അതിലേക്കാവശ്യമായ പണം അയച്ചുകൊടുത്തു അദ്ദേഹത്തെ ചുമതലപ്പെടുത്തണമെന്ന് യോഗം തീരുമാനിച്ചു.

കുട്ടപ്പന ഇടവകയിൽ ക്രിസ്തുമസ് രാത്രിയിൽ ഒരു ഹെഡ് കാൺസ്റ്റബിളും കുറേപോലീസുകാരും കൂടി അവിടെ നടന്നുകൊണ്ടിരുന്ന ഒരു കുടുംബയോഗത്തിൽ അതിക്രമിച്ചുകടന്ന് അവിടെ കൂടിയിരുന്നവരെ ഭീഷണിപ്പെടുത്തുകയും അവരുടെ പേരുകൾ എഴുതിയെടുക്കുകയും ചെയ്തതായി ഒരു പരാതി കിട്ടിയിട്ടുണ്ട്. ഈ പരാതിയെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിനു കത്തോലിക്കാകോൺഗ്രസ്സിൽനിന്നും ഒരു കമ്മീഷനെ ഏർപ്പെടുത്തുന്നതിനും അതുപോലെ തന്നെ മർദ്ദിതർക്കും കുടിയിറക്കപ്പെട്ടവർക്കും വേണ്ടി ദുരിതാശ്വാസനടപടികളും സ്വീകരിക്കുന്നതിനും കേസിലകപ്പെട്ടവർക്കുവേണ്ട സഹായസഹകരണങ്ങളും ചെയ്തുകൊടുക്കുന്നതിനും ഒരു കമ്മറ്റിയേയും ഏ കെ സി സി രൂപീകരിക്കുന്നുണ്ട്.

പാക്കിസ്ഥാൻ അഭയാർത്ഥികൾ

പാക്കിസ്ഥാൻ ഗവർമ്മെണ്ട് ക്രൈസ്തവരോട് അനുവർത്തിക്കുന്ന നയങ്ങളിൽ ക. കോൺഗ്രസ് വക്കിംഗ്കമ്മിറ്റിക്കുള്ള അമർഷവും ഉൽക്കണ്ഠയും രേഖപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രമേയവും കമ്മിറ്റി സ്വീകരിക്കുകയുണ്ടായി. പാക്കിസ്ഥാനിൽനിന്നും വരുന്ന അഭയാർത്ഥികൾക്കുവേണ്ടി സേവനവും സഹായസഹകരണവും എത്തിച്ചുകൊടുക്കുന്നതിനും ഒരു സേവനസന്നദ്ധസംഘത്തെ രൂപവൽക്കരിക്കുന്നതിനും ദുരിതാശ്വാസ നടപടികൾക്കായി ഒരു നിധി ഏർപ്പെടുത്തുന്നതിനും തീരുമാനിച്ചു.

ചർച്ചകളിൽ ക. കോൺഗ്രസ് വക്കിംഗ്കമ്മിറ്റിയിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ട പലാ രൂപതാസംഘംപ്രസിഡന്റു ശ്രീ ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളിയും പ്രസ്തുത സംഘത്തിന്റെ പ്രതിനിധികളും, ചങ്ങനാശേരി അതിരൂപതാസംഘം പ്രസിഡണ്ടും മുനിസിപ്പൽ ചെയർമാനുമായ ശ്രീ സെബാസ്റ്റ്യനും, അവിടത്തെ രൂപതാസംഘം പ്രതിനിധികളും സജീവമായി പങ്കെടുത്തിരുന്നു.

ഏ കെ സി സി ബുള്ളറ്റിൻ

ട്ടനമുറകളും അകാരണമായി അഴിച്ചുവിട്ടുവെന്നും തെളിവുകളും നശിപ്പിച്ചുവെന്നും വിശ്വസിക്കേണ്ടിയിരിക്കുന്നു.

സമ്പൂർണ്ണമായ അന്വേഷണം വേണം

കീരിത്തോട്ടിൽ വെടിവെയ്പ്പുനടന്നോ, ലോക്കപ്പിൽവച്ചു കുടിയേറ്റക്കാരെ മർദ്ദിച്ചോ എന്നൊരന്വേഷണം മാത്രം നടത്തിയതുകൊണ്ടു മാത്രം തൃപ്തിപ്പെടുകയില്ല. കുടിയിറക്കു സംരംഭങ്ങളും തുടങ്ങിയ അന്നുമുതൽ ഇന്നുവരെ കീരിത്തോട്ടിൽ നടന്നതായി പറയുന്ന എല്ലാ കാര്യങ്ങളെയും സംബന്ധിച്ചു ഒരു ജൂഡീഷ്യൽ അന്വേഷണം ഈ വൈകിയ വേളയിലെങ്കിലും നടത്തുന്നതു് അപകടത്തിന്റെ വക്കിലെത്തിയിരിക്കുന്ന കേരളത്തിലെ ജനാധിപത്യം സംരക്ഷിക്കുന്നതിനു കുറെയൊക്കെ സഹായകമായേക്കാം. ഈ ജൂഡിഷ്യൽ അന്വേഷണത്തിനു നിയോഗിക്കപ്പെടുന്ന വ്യക്തി ഒരു ഹൈക്കോടതി ജഡ്ജിയുടെ പദവിയുള്ള സമുന്നതനായ ഒരു ദേഹവും പ്രത്യേകിച്ചു് കേരളത്തിനു പുറത്തു നിന്നുമുള്ള ഒരാളുമായിരിക്കണം. അല്ലാതെ നാമമാത്രമായ ഒരന്വേഷണംകൊണ്ടു യാതൊരു പ്രയോജനവുമുണ്ടാകുമെന്നു കമ്മിറ്റി വിശ്വസിക്കുന്നില്ല.

ജനാധിപത്യവിശ്വാസികളായ കേരളത്തിലെ ജനങ്ങളും തെരഞ്ഞെടുത്തു നിയമസഭയിലേയ്ക്കയച്ച അവരുടെ പ്രതിനിധികളും, അവരിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വം ഈ കുടിയിറക്ക [സംരംഭങ്ങളിൽ വിസ്മരിക്കുകയാണു ചെയ്തിട്ടുള്ളതെന്നും ഈ അവസരത്തിൽ പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

ജനാധിപത്യവഴക്കം ലംഘിച്ചു.

കീരിത്തോട്ടിൽ നടന്ന കുടിയിറക്കും മർദ്ദനമുറകളും ഒരു ജനാധിപത്യ ഗവർമ്മെണ്ടിനും ഭൂഷണമല്ല. ജനാധിപത്യത്തിന്റെ വഴക്കങ്ങളും, പാരമ്പര്യങ്ങളും കേരളത്തിൽ, അവഗണിക്കപ്പെട്ടുകഴിഞ്ഞു. സാധാരണസ്ഥിതിയിൽ ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ട ഈ ഗവർമ്മെണ്ടിനു അധികാരത്തിൽ തുടരുന്നതിനുപോലും അവകാശമില്ലെന്നു പറയുവാനും കമ്മിറ്റി ആഗ്രഹിക്കുന്നു.

ദുരിതാശ്വാസകമ്മിറ്റി

കീരിത്തോട്ടു സംഭവങ്ങളെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിനു കത്തോലിക്കാകോൺഗ്രസ്സിൽനിന്നും ഒരു കമ്മീഷനെ ഏർപ്പെടുത്തുന്നതിനും അതുപോലെ തന്നെ മർദ്ദിതർക്കും കുടിയിറക്കപ്പെട്ടവർക്കുംവേണ്ടി ദുരിതാശ്വാസനടപടികളും സ്വീകരിക്കുന്നതിനും കേസിലകപ്പെട്ടവർക്കുവേണ്ട സഹായസഹകരണങ്ങളും ചെയ്തുകൊടുക്കുന്നതിനും ഒരു കമ്മറ്റിയേയും ഏ കെ സി സി രൂപീകരിക്കുന്നുണ്ട്.

വഴി തെറ്റാതെ സൂക്ഷിക്കാം

കഴിഞ്ഞ ലക്കത്തിൽ ശ്രീ ഉലകംതറ "എന്നെ വഴിതെറ്റിച്ചവർ" എന്ന ലേഖനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന കാര്യങ്ങളെ പണ്ഡിതനായ ലേഖകൻ വിമർശനബുദ്ധ്യാ വീക്ഷിക്കുന്നു.

– ഡോ. ജോർജ്ജ് പാലത്തുമ്പാട്ട് –

1964 ഫെബ്രുവരിയിലെ എ.കെ.സി.സി. ബുള്ളറ്റിനിൽ "എന്നെ വഴി തെറ്റിച്ചവർ" എന്ന ശീർഷകത്തിൽ ശ്രീ. മാത്യു ഉലകുന്തറ എഴുതിയ വിമർശനലേഖനം പശ്ചാത്തലമാക്കിക്കൊണ്ട് നമ്മുടെ സമുദായത്തിന്റെയും സമുദായത്തിൽ അല്പം തലികാപാടവമുള്ള എല്ലാവരുടേയും ശ്രദ്ധയ്ക്ക് ചില വസ്തുതകൾ നിരത്തി വയ്ക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

ശ്രീ. മാത്യു ഉലകുന്തറയുടെ 1963 ഡിസംബർ 2-ാം തീയതിയിലെ ഒരു കൗമുദി ലേഖനമാണ് ശ്രീ. വി. എൽ. തോമസ് വിവാദവിഷയമാക്കിയിരിക്കുന്നതെന്നു കാണുന്നു. ആ കൗമുദി ലേഖനം നിഷ്പക്ഷബുദ്ധ്യാ വായിക്കുന്ന അഭിജ്ഞനായ ഒരു കത്തോലിക്കനും ശ്രീ. ഉലകുന്തറ ഒരു വൈദികവിദ്വേഷിയാണോ അല്ലയോ എന്നുള്ളതു ഒരു പ്രശ്നമായി തോന്നുകയില്ല. എന്നാൽ, ലൈംഗികവിഷയത്തിൽ കത്തോലിക്കാസഭയുടെ ആധികാരികനിലപാട് എന്തെന്ന മനസ്സിലാക്കാതെ, സഭയുടേതല്ലാത്ത അയഥാർത്ഥവിലയിരുത്തലുകൾ സഭയുടേതെന്നു പറഞ്ഞു അന്യരെ തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള ശ്രമത്തിൽ പ്രതിപക്ഷബഹുമാനമെന്ന ഉന്നതമാനദണ്ഡത്തിൽ നിന്നും വളരെയധികം താണിറങ്ങി അദ്ദേഹം എഴുതിയ ബുള്ളറ്റിനിലെ ലേഖനത്തിലും അതേ വിവേകക്കുറവു ദൃശ്യമാക്കിച്ചിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു.

ലൈംഗികവിഷയങ്ങളിൽ കത്തോലിക്കാസഭയുടെ ഔദ്യോഗിക പ്രബോധനങ്ങളും എന്തെന്നു ഗ്രഹിച്ചിട്ടുള്ള ഒരു കത്തോലിക്കനും എങ്ങനെ എഴുതുവാൻ സാധിക്കും. "കത്തോലിക്കാസമുദായത്തിനു ലൈംഗികകാര്യങ്ങളിൽ അടിസ്ഥാനപരമായ ശ്രദ്ധിബോധവും അയവില്ലാത്ത യാഥാസ്ഥിതികത്വവുമാണുള്ളതു" എന്ന പച്ച മലയാളത്തിൽ പറഞ്ഞാൽ ഇക്കാര്യത്തിൽ സഭ ഒരു "മുരടച്ചി" യാണെന്നാണ് ലേഖകൻ ധരിച്ചിട്ടുള്ളതെന്നു തോന്നുന്നു. ഈ ധാരണ തികച്ചും അടിസ്ഥാനരഹിതവും വാസ്തവവിരുദ്ധവുമാണെന്നു 1-ാം നൂറ്റാണ്ടു മുതൽ ഇതു സംബന്ധമായ സഭയുടെ പഠിപ്പിക്കലുകൾ പരിശോധിച്ചാൽ ബോദ്ധ്യമാകുന്നതാണ്. ഒന്നാം നൂറ്റാണ്ടിലെ "നോസ്റ്റിക്സ്" മുതലിങ്ങോട്ടുള്ള വിപരീതികളും പിന്നീട് തല പൊക്കിയ മനിക്കേയൻ പാഷണ്ഡികളും ലൈംഗികകാര്യങ്ങളെ നിയമാനുസൃതമായ വൈവാഹികകടമകൾ നിർവ്വഹിക്കുന്നതുപോലും പാപമാണെന്നും തിന്മയുടെ ദൈവമണ്ഡലത്തിന്റെ ഉടമസ്ഥനെന്നും പഠിച്ചു നടന്നപ്പോഴും കത്തോലിക്കാസഭ അതിനെ സുധീരം എതിർത്തു വിവാഹത്തിന്റെയും സന്താനോല്പാദനത്തിന്റെയും പരിശുദ്ധതയെ അന്നേ അറിഞ്ഞു യാഥാർത്ഥ്യബോധത്തോടെ സമർത്ഥിച്ചിട്ടുണ്ട്.

"ലൈംഗികകാര്യങ്ങളെക്കുറിച്ചുള്ള സമീപനത്തിൽ കത്തോലിക്കാസഭ കാലോചിതമായ വ്യതിയാനങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു...." എന്നു ശ്രീ. ഉലകുന്തറ പറയുമ്പോൾ, സഭ ഈ വിഷയത്തിൽ ഇതിനു മുമ്പു ഏറെക്കുറെ തെറ്റായ, അഥവാ യഥാർത്ഥത്തിൽ നിന്നും വ്യതിചലിച്ച ഒരു നിലപാടായിരുന്നു കൈക്കൊണ്ടിരുന്നതു എന്നല്ലേ സൂചന? അതിനു അദ്ദേഹം ഉപോൽബലകമായി ഉന്നയിക്കുന്നതു 1964 ജനുവരി 24-ാം തീയതിയിലെ ടൈം വാരിക (മാസികയല്ല) യിലെ ഒരു ലേഖനമാണു. ടൈം വാർത്താവാരികയിലെ അഭിപ്രായപ്രകടനങ്ങൾക്കു ഒരു ആധികാരികസ്വഭാവം നൽകുന്നതുതന്നെ തികച്ചും അശാസ്ത്രീയമാണു. "The second sexual revolution" എന്ന ശീർഷകത്തിൽ തുടങ്ങുന്ന ആ ലേഖനത്തിലെ പരാമർശത്തിലധിവും ലൈംഗികകാര്യങ്ങളിൽ അടിക്കടി കാട്ടുകയറിപ്പോകുന്ന അമേരിക്കയുടേയും മറ്റും 'പുരോഗമന' സിദ്ധാന്തങ്ങളെപ്പറ്റിയാണു. ആ കാഴ്ചപ്പാടുകളെ പ്രതിനിധാനയും അതിന്റെ അടുത്ത ലക്കം വാരികയിലെ 'Letters'ൽ വിവാദവിഷയമാക്കിയിട്ടുമുണ്ടു. ഒരു ന്യൂസ് മാഗസിൻ എന്നതിനേക്കാൾ 'വ്യൂസ്' മാഗസിൻ എന്നു ഈ വാരികയെ സംബോധന ചെയ്താൽ അതായിരിക്കും പലപ്പോഴും ശരിയെന്നാണു അനേകവർഷങ്ങളായി ഈ വാരികയുടെ ഒരു വരിക്കാരനായിരിക്കുന്ന എനിക്കു തോന്നുന്നതു. അതിൽ വി. അഗസ്റ്റീനോസിന്റെ കാഴ്ചപ്പാടു എന്നു പറഞ്ഞിരിക്കുന്നതു ആദ്യം മനിക്കേയൻ പാഷണ്ഡതയിൽ വിഹരിച്ചിരുന്ന അഗസ്റ്റീനോസിനെ ഉദ്ദേശിച്ചാണെങ്കിൽ മാത്രമേ അതു ശരിയാകുകയുള്ളു. മനിക്കേയൻ പാഷണ്ഡതയെ വലിച്ചെറിഞ്ഞു കത്തോലിക്കാസത്യം ആശ്ലേഷിച്ച വി. അഗസ്റ്റീനോസിന്റെ പ്രസംഗത്തിലോ, പ്രബന്ധങ്ങളിലോ ലൈംഗികകാര്യങ്ങളെപ്പറ്റി അയഥാർത്ഥബോധമുണ്ടായിരുന്നതായി തെളിയിക്കുന്ന ഒരൊറ്റ പ്രസ്താവനയെങ്കിലും ചൂണ്ടിക്കാണിക്കുവാൻ ഞാൻ വായനക്കാരെ വെല്ലുവിളിക്കുന്നു. സത്യം നേരെ മറിച്ചാണു. ജഡത്തിന്റെ ബലഹീനത പുരുഷനെന്നപോലെ അനുഭവിച്ചിരുന്ന അഗസ്റ്റീനോസ് ഇന്നത്തെ ഏതാണ്ടു 'പുരോഗമന' വാദിയെപ്പോലും പാപിലാക്കുന്ന യാഥാർത്ഥ്യബോധത്തോടെയാണു തന്റെ ആത്മകഥാകഥനത്തിലും മറ്റും ഈ വിഷയം കൈകാര്യം ചെയ്യുന്നതു. ടൈം വാരികയിൽ ഒരുവനു അഭിപ്രായം പ്രകടിപ്പിച്ചതു ഉദ്ധരിച്ചു, ദൈവിക വിജ്ഞാനത്തിലും കാകളഞ്ഞ മാനുഷിക വിജ്ഞാനത്തിലും അധിഷ്ഠിതമായ കത്തോലിക്കാസഭയുടെ പ്രസ്തുത വിഷയത്തിലുള്ള പ്രബോധനത്തിന്റെ വിവേകത്തെ ചോദ്യം ചെയ്യുന്നതു വാസ്തവത്തിൽ വിവേകത്തിന്റെ ലക്ഷണമല്ല.

ണ്ണിഈശോയുടെ തിരുസ്വരൂപം തല്ലിത്തകർക്കുകയും ചെയ്ത സംഭവത്തിന്റെ ശരിയായ റിപ്പോർട്ട് അവിടത്തെ ബ. വികാരി റവ. ഫാ. ജോസ് ഇല്ലിക്കൽ അയച്ചതനുസരിച്ചും, ശ്രീ ജയിംസ് കണ്ണങ്കരയിൽ 26-1-64-ൽ അയച്ചതനുസരിച്ചും കുമരകത്തു ശ്രീ എ. പി. ആലും പറമ്പിൽ 25-1-64-ൽ അയച്ച എഴുത്തും. കാത്തലിക് യൂണിയൻ ഓഫ് ഇന്ത്യാ 22-1-64-ൽ അയച്ച എഴുത്തും വായിച്ചു റിക്കാർഡ്ചെയ്യുകയും എ. പി. ആലുംപറമ്പന്റെ എഴുത്തു അടുത്ത കമ്മിറ്റിയിലേക്കു ചർച്ചക്കായി മാറ്റിവയ്ക്കുകയും ചെയ്തു.

വക്കീം ഗ് കമ്മിറ്റിയിലേക്കു എബ്രാഹാം എ. മാരേട്ടിനെ പ്രസിഡണ്ടു നോമിനേറ്റുചെയ്തു.

മെയ് 15 വരെ സംഘടനാകാലമായി നിശ്ചയിക്കുകയും ഇപ്പോഴുള്ള ശുപതാസംഘങ്ങളും ഉള്ള ശുപതകളിൽ ശുപതാസംഘമുഖേന സംഘടനാപ്രവർത്തനം നടത്തണമെന്നും മറ്റു ശുപതകളിൽ ശാഖകൾ സ്ഥാപിക്കുന്നതിനും ശുപതാസംഘങ്ങൾ ശുപവൽക്കരിക്കുന്നതിനും വക്കിംഗ് കമ്മിറ്റിതന്നെ നടപടികൾ സ്വീകരിക്കണമെന്നും യോഗം തീരുമാനിച്ചു.

ഇതുവരെ തെരഞ്ഞെടുപ്പു നടത്തിട്ടില്ലാത്ത ശാഖകളും 1964 മാർച്ച് അവസാനത്തിനകം തെരഞ്ഞെടുപ്പുകളും നടത്തേണ്ടതാണെന്നും തെരഞ്ഞെടുപ്പു തീയതി കഴിഞ്ഞു 15 ദിവസത്തിനകം വിവരം കേന്ദ്രകാര്യാലയത്തിലും ശുപതാസംഘത്തിലും അറിയിക്കുകയും നിശ്ചിതസംഖ്യകൾ അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാകുന്നു,

വാഷിംഗ്സമ്മേളനം നടത്തുന്ന കാര്യം അടുത്ത വക്കിംഗ്കമ്മിറ്റിയിൽ തീരുമാനിച്ചു. യോഗം 5മണിയോടുകൂടി മംഗളമായി അവസാനിച്ചു.

'ഓടയിൽ നിന്നി'നെ എന്തുകൊണ്ട് എതിർത്തു?

''ഓടയിൽ നിന്നി''നെ ഇവിടത്തെ ചില കത്തോലിക്കരും അകത്തോലിക്കരും വൈദികരും അവൈദികരും അദ്ധ്യാപകരും മാതാപിതാക്കളും ഒക്കെ എതിർത്തതു് അശ്ലീലകൃതി എന്നതിലധികമായി, കൗമാരപ്രായം കടന്നു് യൗവനത്തിലേക്കു് കാലൂന്നുന്ന പത്താം സ്റ്റാൻഡാർഡിലെ അപക്വമതികളായ വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കു് പാഠപുസ്തകമാക്കുന്നതിലുള്ള മനശാസ്ത്രവിരുദ്ധമായ നടപടിയേ ചൊല്ലിയായിരുന്നു എന്നു് ശ്രദ്ധിച്ചിരുന്നെങ്കിൽ മനസ്സിലാക്കാമായിരുന്നു. പത്താം സ്റ്റാൻഡാർഡിലോ അതിനു താഴെയോ പഠിക്കുന്ന കുട്ടികൾ ഇത്തരം കൃതികൾ വായിക്കുന്നില്ലേ എന്ന ചോദ്യത്തിന് സാംഗത്യമില്ല. ഇത്തരം കൃതികൾ വായിക്കുന്നതിനെ എതിർത്തുകൊണ്ടല്ലായിരുന്നു പ്രക്ഷോഭണം. വാസ്തവത്തിൽ ഈ ഓടയേക്കാൾ മോശമായ എത്രയെത്ര ഓടക്കഥകൾ ഇന്നു പുറമേ സ്വച്ഛന്ദം വിഹരിക്കുന്നു. അവകളെ ആരു് എതിർക്കുന്നു! എന്നാൽ ഉർവ്വരങ്ങളുടെ സമാഹാരമായ ഈ ഓടപ്പൂവിനെ സ്കൂളിൽ പത്താം സ്റ്റാൻഡാർഡിൽ ക്ഷണിച്ചിരുത്തി പാഠപുസ്തകനിലവാരത്തിൽ ബഹുമാനിക്കുന്ന വിദ്യാഭ്യാസാധികൃതരുടെ ആദർശശൂന്യതയാണു് ഇവിടെ അപലപിക്കപ്പെടുന്നതു്. അതിനെ അപലപിച്ചവർ ഇല്ലാത്ത അശ്ലീലതയെ ചൊല്ലി വല്ലാത്ത സമരമുണ്ടാക്കിയവരാണെന്നു് പറയുന്നവർ പ്രശ്നത്തിന്റെ ശരിയായ വശം ഗ്രഹിക്കാത്തവരാണു്.

പ്രക്ഷോഭണം എന്തുകൊണ്ടു് ജയിച്ചില്ല?

ഓടയെച്ചൊല്ലിയുള്ള പ്രക്ഷോഭണം വനരോദനമായിപ്പോയതിനും കുറെക്കാർ പ്രക്ഷോഭണക്കാർ അല്പന്മാരായിരുന്നല്ലോ. നമ്മുടെ രാഷ്ട്രീയരംഗം ആദർശശൂന്യന്മാരുടെയും അവസരവാദികളുടെയും കുത്തരംഗമായിത്തീർന്നിരിക്കുന്നതാണു് അതിന്റെ പരാജയകാരണം പപ്പുവിനെ ഒരു നേബിയം കാരക്കൂറായി കാണുന്ന ഒരു വിദ്യാഭ്യാസമന്ത്രിയുടെ കീഴിൽ ഇതിനേക്കാൾ മോശമായതും പ്രതീക്ഷിക്കേണ്ടിയിരിക്കുന്നു. ലോകം പിന്നെന്തുപറയാനല്ലോ; പോകട്ടെ. രാഷ്ട്രീയക്കാർ സത്യത്തേയും സദാചാരത്തേയും നീതിയേയും സന്മാർഗ്ഗത്തേയും കവച്ചുവെക്കുമ്പോൾ——വിജ്ഞാനത്തിന്റെയും സംസ്ക്കാരത്തിന്റെയും വിളനിലമായിരിക്കേണ്ട വിദ്യാലയങ്ങളിൽ ഏതൊക്കെയോ പരിഗണനയുടെ പേരിൽ പുറംവാതിലിൽ കൂടി സംസ്ക്കാരശൂന്യനായ പപ്പുവിനെ വലിച്ചു കയറ്റി പ്രതിഷ്ഠിക്കുമ്പോൾ——വിദ്യാഭ്യാസരംഗത്തും സത്യധർമ്മസംസ്ക്കാരാദി രംഗങ്ങളിലും മുൻപന്തിയിൽ നിൽക്കുന്ന കത്തോലിക്കാസഭ പ്രതിഷേധസ്വരം ഉയർത്താതിരിക്കുക സാദ്ധ്യമല്ല. പക്ഷെ

ആ പ്രതിഷേധശബ്ദം അധികാരസ്ഥാനങ്ങളിൽ അവശ്യമായ ചലനമുണ്ടാക്കണമെങ്കിൽ രാഷ്ട്രീയരംഗത്തു് അപകർഷബോധം കൂടാതെ ആണത്വത്തോടുകൂടി പ്രവർത്തിക്കുന്ന സഭാമക്കളുണ്ടായിരിക്കണം. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ, സഭയുടെ മുഖത്തു് കരി തേക്കുന്ന കുറെ രാഷ്ട്രീയ നപുംസകങ്ങളാണു്. നമുക്കിന്നു് രാഷ്ട്രീയരംഗത്തുള്ളതു്. അവർ ശ്രീ ഉലകംതറ ഇഷ്ടപ്പെടുന്ന ഭാഷയിൽ പറഞ്ഞാൽ സഭയുടെ കാവൽമാലാഖാ' ചമഞ്ഞു് ചിലരെയൊക്കെ പൊടിയിട്ട വിളക്കിക്കൊണ്ടു് കയറിയിടത്തു് പറിച്ചിടിച്ചിരിക്കാനും ഉപജാപങ്ങളിൽക്കൂടി ഉയരാനും, തത്രപ്പെടുന്നവരാണു് സമുദായദ്രോഹികളായ ഇവരെ നിലക്കുനിർത്താൻ സമുദായാംഗങ്ങളിൽ ധർമ്മരോഷം പൂണ്ട ഒരു വിഭാഗം ശ്രമിച്ചുമ്പോഴും, സമുദായത്തിൽ അധികാരമുള്ളവരും മുതലാളിമാരും സ്വകാര്യ സംരക്ഷണാർത്ഥം അവരെ അതിരറ്റു താലോലിക്കുന്നു. അന്ധമായി പിന്താങ്ങുന്നു. അങ്ങനെ അധർമ്മക്കുണ്ടിലേയ്ക്കുള്ള അവരുടെ തലകുത്തിപ്പാച്ചിലിനെ ഏറ്റവും സുഗമമാക്കിത്തീർക്കുകയും ചെയ്യുന്നു. നേരേമറിച്ചു് വസ്തുനിഷ്ഠമായ വിമർശനങ്ങളിലൂടെ നമ്മുടെ രാഷ്ട്രീയക്കാരുടെ തെറ്റായ കാൽവെപ്പുകളെ അപ്പോഴപ്പോൾ ചൂണ്ടിക്കാട്ടിക്കൊണ്ടു് ഫാ. വടക്കൻ ചെയ്യുന്നതുപോലുള്ള സേവനം സമുദായപ്രമാണികളും വിത്തേശന്മാരും ചെയ്തിരുന്നുവെങ്കിൽ ഇന്നു നാം ദർശിക്കുന്നതുപോലുള്ള സർവതോന്മുഖമായ ഒരധപതനം കത്തോലിക്കാ രാഷ്ട്രീയക്കാരുടെ ഇടയിലെങ്കിലും കടന്നുകൂടാതെ സൂക്ഷിക്കാമായിരുന്നു. നമ്മുടെ ഇപ്പോഴത്തെ നിലവാരത്തിൽ ഇതെഴുതുന്ന എന്നെ തീർച്ചയായും അപലപിയ്ക്കുന്ന ഒരു കൂട്ടരെ എന്റെ മുൻപിൽ ഞാൻ കാണുന്നുണ്ടു്. പ്രബുദ്ധയായ കത്തോലിക്കാസഭാമാതാവിനെപ്പറ്റി എനിയ്ക്കുള്ള അപ്രതിരോധ്യമായ അഭിമാനബോധവും അവളോടുള്ള എന്റെ അകമഴിഞ്ഞ സ്നേഹവുമാണു് ഭവിഷ്യത്തുകളുണ്ടാകുമെന്നു് അറിഞ്ഞിരുന്നിട്ടും ഈ വസ്തുതകൾ തുറന്നു പറയുവാനും എന്നെ പ്രേരിപ്പിയ്ക്കുന്നതു്. നമ്മുടെ മുമ്പിൽ കണ്ടുകഴിഞ്ഞിരിയ്ക്കുന്ന അനുഭവപാഠങ്ങളും ഇനിയുമെങ്കിലും സമുദായത്തിന്റെ കണ്ണു തുറപ്പിയ്ക്കുന്നില്ലെങ്കിൽ.... പ്രബുദ്ധതയുള്ള സഭാമക്കളുടെ ദൃഷ്ടിയുടെ ഫോക്കസ്പ്രശ്നങ്ങളിലേയ്ക്കു തിരിയട്ടെ.

ശ്രീ മാത്യു ഉലകംതറയും വി. എൽ. തോമസ്സും തമ്മിലുള്ള വിവാദത്തിൽ എനിക്കു വലിയ താല്പര്യമൊന്നുമില്ല എന്നാൽ ഇരുവരുടേയും ലേഖനങ്ങൾ വായിച്ചപ്പോൾ സാമാന്യം പ്രബുദ്ധതയുള്ള രണ്ടു സഭാമക്കളെ ആ വരികൾക്കിടയിൽ ദർശിയ്ക്കുവാൻ എനിക്കു കഴിഞ്ഞു മാത്യു ഉലകംതറയെ എനിക്കു നേരിട്ടു പരിചയമില്ല. വി. എൽ. തോമസിനെ അടുത്ത കാലത്തു് അടുത്തറിയുന്നതിനു് സാധിച്ചിട്ടുണ്ടു്. എന്റെയും പണ്ഡിതന്മാർ ഉൾക്കൊള്ളുന്ന ഒരു വിശാലസങ്കല്പത്തിന്റെയും മുമ്പിൽ ഇക്കഴിഞ്ഞ ജനുവരിയിൽ എട്ടു ദിവസം തുടർച്ചയായി സുവിശേഷപ്രസംഗപരമ്പരകൾ അദ്ദേഹം നടത്തിയിട്ടുണ്ടു്. വേറെ ചില സ്ഥലങ്ങളിൽ വച്ചും തോമസ്സിന്റെ പ്രസംഗങ്ങളും ഞാൻ കേട്ടിട്ടുണ്ടു്, പക്ഷേ ശ്രീ. മാത്യു ഉലകംതറ പിതൃനികരിക്കുന്ന ഒരു വി. എൽ. തോമസിനെയല്ല അവിടെയൊക്കെ ഞാൻ കാണുകയുണ്ടായതു് എന്നു പറയേണ്ടിയിരിക്കുന്നു. നേരേമറിച്ചു് അവസരവാദിത്വത്തേയും 'സാന്ദർഭികമാലാഖാ' ചമച്ചിലിനേയും നിർദ്ദാക്ഷിണ്യം എതിർക്കുന്ന ആദർശാർഢ്യമുള്ള ഒരു കത്തോലിക്കാ സുവിശേഷപ്രാസംഗികനേയാണു് ഞാനദ്ദേഹത്തിൽ കാണുന്നതു്. എന്റെ ഈ ധാരണ തികച്ചും അടിസ്ഥാനരഹിതമല്ലെന്നു് പണ്ഡിതനും പരിപക്വമതിയും ആയ മോൺ. നടുവത്തു ശ്രേരിലച്ചൻ ശ്രീ തോമസിനു് രേഖാമൂലം നൽകിയിരിയ്ക്കുന്ന അഭിനന്ദനസാക്ഷിപത്രം തെളിയിയ്ക്കുന്നുണ്ടു്.

വാസ്തവമിതായിരിക്കെ ''മറ്റൊരു വസ്തുവായിട്ടാതെ, ബൈബിളും മാത്രം പൊന്തിപ്പിടിച്ചുകൊണ്ടു നടന്നും സ്വാനത്തും അസ്ഥാനത്തും അർത്ഥമറിയാതെ ഉദ്ധരണികൾ കോരിവിളമ്പുന്ന ഇമിറേഷൻ പ്രോട്ടസ്റ്റന്റ് കത്തോലിക്കൻ.... എന്ന വിശേഷണംകൊണ്ടു് ശ്രീ തോമസ്സിനേയാണു് മാത്യു ഉലകംതറ ഒട്ടേശിയ്ക്കുന്നതെങ്കിൽ അതു് അന്ധമായതും അതിരുകടന്നതുമായ ഒരു മുൻവിധിയും അടിസ്ഥാനരഹിതമായ ആരോപണവുമായിപ്പോയി എന്നു് സ്നേഹബുദ്ധ്യാ ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടേ. 'സത്യം എവിടെനിന്നു വന്നാലും അതു് വിശുദ്ധാത്മാവിൽനിന്നാണെന്നുള്ള വി. തോമസ് അക്വിനാസിന്റെ വാക്കുകളും സകലവിധ സങ്കുചിത മനസ്ഥിതിയേയും അസഹിഷ്ണുതയേയും അകറ്റിനിത്തി നമ്മെ സത്യാന്വേഷികളാക്കിത്തീർക്കേണ്ടതാണു് ബൈബിളും സാമാന്യം വിദ്വദ്ധമായും പണ്ഡിതോചിതമായും, ക്ഷേത്രിദ്യോതകമായും കൈകാര്യം ചെയ്യുന്ന തോമസിനെ ഒരു ഇമിറേഷൻ പ്രോട്ടസ്റ്റന്റാകാക്കു് കൊടുക്കുന്ന അർഹിക്കാത്ത ഒരു ബഹുമതിയാണു്! ശ്രീ തോമസ്സിന്റെ തികച്ചും സ്ഥാനസ്ഥിതമായ ബൈബിൾ ഉദ്ധരികളുടെ സൂത്രിയിൽ കൂടിയുള്ള ചിന്തോദ്ദീപകങ്ങളായ പ്രസംഗങ്ങളും കേൾക്കാൻ ഒരിക്കലെങ്കിലും അല്പം സമയം നീക്കിവയ്ക്കുമെങ്കിൽ ഒരു സഭാസ്നേഹിയായ ശ്രീ മാത്യു ഉലകംതറ തീച്ചയായും അതിൽ അഭിമാനം കൊള്ളുകയും, ഇതുപോലെയുള്ള 'ഇമിറേഷൻ പ്രോട്ടസ്റ്റന്റ് കത്തോലിക്കർ, ഒന്നിലധികം കേരളകത്തോലിക്കാസഭയ്ക്കില്ലാത്തതിൽ ഖേദിയ്ക്കുകയും ചെയ്യുമെന്നാണു് ഞാൻ ന്യായയുക്തമായി അനുമാനിക്കുന്നതു്.

എ. കെ. സി. സി. ബുള്ളറ്റിൻ

ഫാ. വടക്കന്റെ ആദർശശുദ്ധിയിലും സുധീരമായ നിലപാടിലും ശ്രീ തോമസിനു് വിശ്വാസമുണ്ടായിരുന്നതുകൊണ്ടായിരിക്കുമല്ലോ അധികാരസ്ഥാനത്തിരുന്ന മോൺ. ചിറ്റിലപ്പള്ളിയുടെ അന്നത്തെ നയത്തെ എതിർത്തു് എഴുതിയതു്. എന്നാൽ ഫാ. വടക്കനോട്ടുകൂടി നില്ക്കുന്ന എന്നഭിമാനിക്കുന്ന ശ്രീ ഉലകംതറയെ പുല്ലാറ്റിലും തോമസു് പിന്താങ്ങണമെന്നു് പ്രതീക്ഷിക്കുന്നതു് യുക്തിഹീനമാണു്. അങ്ങനെ ചെയ്യാത്തതു് അവസരവാദിതമാണെന്നു് പറയുന്നതു് ബാലിശവുമാണു്. കാരണം ശ്രീ മാത്യു ഉലകംതറയുടെ ചില കൗമുദി പ്രസ്താവനകൾക്കും ബുള്ളറ്റിൻ പ്രസ്താവനകൾക്കും ഫാ. വടക്കനുമായി യാതൊരു ബന്ധവുമില്ല. ''ആശ്രീലതയുടെ കാര്യം കത്തോലിക്കാസഭയ്ക്കുതന്നെ ബോദ്ധ്യമല്ലാതിരിക്കെ പപ്പു കാബ്ബളിവാലയെപ്പോലൊരു നോബിൾകാരകൂറാണെന്നു് മുഖ്യമന്ത്രി നിയമസഭയിൽ ആവർത്തിച്ചതിനെ ആരെതിർക്കും? എന്തിനെതിർക്കും?'' എന്നു് കൗമുദിലേഖനത്തിൽ കൂടി ചോദിക്കുന്ന ശ്രീ ഉലകംതറയോടു് ഫാ. വടക്കൻ യോജിക്കുമോ എന്നു് എനിക്കു സംശയമാണു്. ഫാ വടക്കന്റെ എഴുത്തിലോ, പ്രസംഗത്തിലോ, പ്രവൃത്തിയിലോ കത്തോലിക്കാസഭയുടെ സ്വതോന്മുഖമായ പ്രബുദ്ധതയെ ഒരിക്കലെങ്കിലും ചോദ്യം ചെയ്തിട്ടുള്ളതായി എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. നമ്മുടെ 'മുത്തു്' പന്നികളുടെ മുമ്പിൽ അദ്ദേഹം ഒരിക്കലും ഇട്ടുകൊടുത്തിട്ടില്ലെന്നാണു് എനിക്കു തോന്നുന്നതു്. എന്നാൽ ''ലൈംഗികകാര്യങ്ങളിൽ കത്തോലിക്കാസമുദായത്തിനു് അതിരുകവിഞ്ഞ ശുദ്ധിബോധവും അയവില്ലാത്ത യാഥാസ്ഥിതികത്വവുമാണുള്ളതു്''.....''ആശ്രീലതയുടെ കാര്യം കത്തോലിക്കാസഭയ്ക്കുതന്നെ ബോദ്ധ്യമല്ല....'' എന്നും മറ്റും ശ്രീ മാത്യു ഉലകംതറയെപ്പോലെയുള്ള ആ കത്തോലിക്കന്റെ തൂലികയിൽനിന്നു വന്നാൽ അയാളം ഫാ. വടക്കനോട്ടുകൂടി നിന്നാലും മാപ്പാപ്പായോട്ടുകൂടി നിന്നാലും അത്തരം തെറ്റായ പ്രസ്താവനയുടെ പേരിൽ എതിർക്കപ്പെടേണ്ടവൻ തന്നെയാണു്.

ചിന്താർഹങ്ങളായ ചില സത്യങ്ങൾ

ശ്രീ ഉലകംതറയുടെ ലേഖനത്തിൽ ചിന്താർഹങ്ങളായ ചില സത്യങ്ങളെല്ലാം അങ്ങിങ്ങായി എത്തിനോക്കുന്നുണ്ടു്. അവയെ വെളിച്ചത്തു കൊണ്ടുവരാൻ വിവേകപൂർവ്വം അദ്ദേഹത്തിന്റെ തൂലിക ചലിക്കുമെങ്കിൽ അതൊരു സേവനമായിരിക്കും. ''സാംസ്കാരികമായി മാലാഖ ചമയുന്ന പാരമ്പര്യം വൈദികമണ്ഡലത്തിൽ നിന്നകന്നാൽ, മനുഷ്യത്വത്തിന്റേയും മതത്തിന്റേയും പൊടിപ്പുകളെ ഒരുമിച്ചു തഴപ്പിക്കുന്ന പുതിയ വികാസങ്ങൾക്കുവേണ്ട അന്തരീക്ഷം സംജാതമാകും. '— ''തങ്ങൾ പരമപരിശുദ്ധന്മാരാണെന്നും തങ്ങൾ പറയുന്നതെല്ലാമാണു് ശരിയെന്നും, തങ്ങളെ കാട്ടുന്നതെല്ലാമാണു് മാതൃകയെന്നും ധരിക്കുന്നവരെയാണു് മാലാഖാചമയുന്നവർ എന്നു പറയുക.'' ഈ വരികൾക്കു് ഞാൻ അമത്തി അടിവരയിടുന്നു. ഇന്നു കേരളകത്തോലിക്കാ സഭയുടെ നെറ്റിത്തടത്തിൽ പതിഞ്ഞിരിക്കുന്ന ഒരു വലിയ ശാപമുദ്രയാണിതു്.

പുതിയപുതിയ വികാസങ്ങൾക്കു വേണ്ടി വീർപ്പുമുട്ടുന്ന സഭയെ നിഷ്കൃഷ്ടതയിലേയ്ക്കും നിരുന്മേഷതയിലേയ്ക്കും നിരാശയിലേയ്ക്കും പിന്തിരിപ്പിക്കുന്ന 'മാലാഖാമാർ' സമ്മിന്നൊരു ബാധ്യതയായിത്തീർന്നിരിക്കുകയാണു്. നിസ്വാർത്ഥരായ സഭാമക്കളുടെ പ്രബുദ്ധതയെ തട്ടിയുണർത്താനുതകുന്ന ഏതൊരു പ്രസ്ഥാനം നാമ്പെടുത്താലും ആ നിമിഷം മുതൽ അതിൽനിന്നുണ്ടായേക്കാവുന്ന ദോഷവശങ്ങളെപ്പറ്റി ഇവർ തലപുകഞ്ഞാലോചിക്കുകയായി. ഗുണവശങ്ങളും താരതമ്യേന എത്രതന്നെ വലുതായിരുന്നാലും അതിനെ അവഗണിച്ചു കളയുന്നു. തൊട്ടിടത്തെല്ലാം തിന്മകാണുന്ന പ്രവണത. ഈ ദുഷ്പ്രവണത കത്തോലിക്കാസഭയുടെ പിതൃസ്വത്താണെന്നു് സുബുദ്ധിയുള്ളവരാരും പറയുകയില്ല. പക്ഷേ നിർഭാഗ്യമെന്നു പറയട്ടെ, അങ്ങനെയുള്ള 'മാലാഖ'മാരുടെ വിഹാരരംഗമായിത്തീർന്നിട്ടുണ്ടു് ഇന്നു് കേരളകത്തോലിക്കാസഭ. ഇതു തെളിയിക്കുവാൻ പലപല വസ്തുതകളും എടുത്തുകാട്ടുവാൻ സാധിക്കും. നിഷ്പ്രയാസമായി അവയെപ്പറ്റി പരിഗണിയ്ക്കുന്നവരും മുഖപക്ഷം കൂടാതെ അവയെ പ്രതിരോധീകരിയ്ക്കുന്ന പ്രസക്തീകരണങ്ങളും എപ്രകാരമെന്നു ഞാൻ സംശയിക്കുന്നു. ഇതും സമുദായത്തിന്റെ ആശയവിനിമയ സ്വാതന്ത്ര്യത്തിലും സഹിഷ്ണതയിലും നാം വരുത്തിവച്ചിരിക്കുന്ന അവശതയെയല്ലാതെ മറ്റെന്തിനെയാണു് കുറിയ്ക്കുന്നതു്!

1958-ൽ കേരളകത്തോലിക്കാന്തരീക്ഷത്തിൽ ഉടലെടുത്ത അഖില കേരളകത്തോലിക്കാ യുവജന മഹോത്സവമാണു് ഒന്നാമതായി എന്റെ ഓർമ്മയിൽ വരുന്നതു്. സാമൂഹ്യപ്രവർത്തന രംഗത്തു് വേണ്ടുവോളം പാണ്ഡിത്യവും പരിചയസമ്പത്തും ലഭിച്ചിട്ടുള്ള റവ. ഫാ. വിക്ടർ O.C.Dയുടെ അശ്രാന്തപരിശ്രമഫലമായി രൂപമെടുത്ത ഒരാദർശമായിരുന്നു അതു്. പഠനാനന്തരം ആയിടെ റോമിൽനിന്നു് തിരിച്ചെത്തിയ ഈ ലേഖകനു് തിരുവനന്തപുരം അതിരൂപതായുടെ ഹൈസ്കൂൾ ഡയറക്ടർ എന്ന നിലയിൽ ഈ പ്രസ്ഥാനത്തെ അടുത്തു പഠിച്ചു വിലയിരുത്തുവാൻ സംഗതിയായിട്ടുണ്ടു്. ഇടവകാടിസ്ഥാനത്തിലും, ഡിസ്ട്രിക്ടടിസ്ഥാനത്തിലും രൂപതാടിസ്ഥാനത്തിലും സംസ്ഥാനടിസ്ഥാനത്തിലും നമ്മുടെ യുവജനങ്ങളെ കലാപരവും കായികാഭ്യാസപരവുമായ പരിപാടികളിലൂടെ സംഘടിപ്പിച്ചു് അവരുടെ കഴിവുകളെ വികസിപ്പിച്ചുകൊണ്ടു് പുരോഗമിയ്ക്കുവാനുള്ള ഒരു വിശാല വീഥി വെട്ടിത്തുറന്നിരിക്കുന്നതായിട്ടാണു് അന്നു് അതിനെ അസ്മാദ്ധശർ കണ്ടു് ആനന്ദപുളകിതരായിട്ടുള്ളതു്. ഒടുവിൽ കേരളത്തിലെ എല്ലാ രൂപതകളിൽനിന്നും മേൽപറഞ്ഞ പരിപാടികളിൽ പ്രശസ്ത വിജയം കൈവരിച്ച യുവജനങ്ങൾക്കായി എറണാകുളം കേന്ദ്രമാക്കി നടത്തിയ കത്തോലിക്കായുവജന മഹോത്സവത്തിന്റെ ദൃക്സാക്ഷികളും കത്തോലിക്കാസഭയുടെ യുവജനസമ്പത്തിൽ അസൂയാലുക്കളായിത്തീരുമായിരുന്ന അത്ഭുത രംഗങ്ങളായിരുന്നു അവിടെ കണ്ടിരുന്നതു്. ചിത്രമെഴുത്തു്, കവിതയെഴുത്തു്, നാടകരചന, നാടകാഭിനയം, ഉപന്യാസമത്സരം, സംഗീതം, സ്പോർട്സു് തുടങ്ങിയ വിവിധ പരിപാടികളിൽ അസാമാന്യ കഴിവുകളുള്ള ആയിരക്കണക്കിനു യുവത്തിടമ്പുകളെയാണു് അവിടെ കാണാൻ സാധിച്ചതു്! പ്രബുദ്ധനായ ആ സ്പാനിഷ് വൈദികൻ—ക്രാന്തദർശിയായ ഫാ. വിക്ടർ—പ്രാരംഭേട്ട അഖില കേരളകത്തോലിക്കാ യുവജന മഹോത്സവം വഴിപോലെയോ, കറഞ്ഞുതുമുന്നുവർഷത്തിൽ ഒരിക്കലോ തുടർന്നുകൊണ്ടുപോകാനുള്ള സാദ്ധ്യതകളെ കേരള കത്തോലിക്കാ നേതൃത്വം നാമ്പിലേ നുള്ളിക്കളഞ്ഞില്ലായിരുന്നുവെങ്കിൽ ഇന്നത്തെ നമ്മുടെ യുവജനങ്ങളുടേയും തദ്വാരാ നമ്മുടെ സഭയുടേയും രാഷ്ട്രത്തിന്റെയും പ്രബുദ്ധത ഇന്നു ഇതിന്റെ പത്തിരട്ടിയിലധികമാകുമായിരുന്നു എന്നുള്ളതിനു് എനിക്കു് സംശയമില്ല. പക്ഷേ എന്തു സംഭവിച്ചു? ''തൊട്ടിട്ടും കടലാട്ടിയുടും'' ഒന്നിച്ചു കഴിഞ്ഞു. കാരണം? അവിടെ ആരോ പെണ്ണും ആണും പരസ്പരം നോക്കിയെന്നോ, നാടകത്തിന്റെ make-up നു് ആൺകുട്ടികളാരോ പെൺകുട്ടികളെ സഹായിച്ച എന്നോ മറ്റോ തുടങ്ങിയുള്ള 'സാന്മാർഗ്ഗ പ്രശ്നങ്ങൾ'!

കസേരപ്പണ്ഡിതന്മാർ— ഈ രംഗമൊന്നും ഒരിക്കലും അടുത്തറിയാതിരുന്ന കസേരപ്പണ്ഡിതന്മാർ—യുവജനമഹോത്സവത്തിലുണ്ടായേക്കാവുന്ന 'അശ്ലീല'ത്തെപ്പറ്റി ലേഖനങ്ങളെഴുതാൻ തുടങ്ങി. ശ്രീ. ഉലകംതറയുടെ നിർവ്വചനപ്രകാരമുള്ള സാംസ്കാരിക മാലാഖമാർ യുവജനമഹോത്സവപ്രസ്ഥാനത്തിനെതിരെ ചിറകിട്ടടിക്കാനും തുടങ്ങി എന്തിനു്, ആ പ്രസ്ഥാനം അസന്മാർഗ്ഗികമാണെന്നു മുദ്രയടിച്ചു തള്ളപ്പെട്ടു.!! അന്നു ഞാൻ ഡംഭിച്ച യുവജനങ്ങളുടെ ഗൂഢപുതിരിഞ്ഞുള്ള ചർച്ചായോഗങ്ങളിൽ പലതിലും കേരള കത്തോലിക്കാ നേതൃത്വത്തിനുനേരെ ധാരാളം പരാതികളും യുവതലമുറക്കുള്ളതായി അറിയുവാൻ സാധിച്ചു. അവ അകമേ കെട്ടിനിന്നു് ദുഷിക്കാതെ അവരെ വീർപ്പുമുട്ടിക്കുന്ന പ്രശ്നങ്ങളെല്ലാം തുറന്നു പ്രസ്താവിക്കുവാൻ അവർക്കു ലഭിച്ച ആദ്യത്തെ അവസരമായിരുന്നു അതെന്നു് അവിടെ പ്രസംഗിച്ച എല്ലാ യുവാക്കളും ആവർത്തിച്ചാവർത്തിച്ചു പറയുകയും ഉ

പ്പോഴത്തെ ഈ സംരംഭത്തിൽ വളരെയധികം സന്തോഷവും പ്രത്യാശയും പ്രകടിപ്പിക്കുകയും ചെയ്തു. അവരിൽ ഒരു യുവാവിന്റെ ഹൃദയഹാരിയായ വാക്കുകളും ഇന്നും എന്റെ കണ്ണുപൂടങ്ങളിൽ മുഴങ്ങുന്നതുപോലെ തോന്നുന്നു: ''ഞങ്ങളും ഇതുവരെ ഉറങ്ങിക്കിടക്കുകയായിരുന്നു. അഥവാ ഞങ്ങളെ ഉറക്കിക്കിടത്തിയിരിരിക്കുകയായിരുന്ന നമ്മുടെ സഭ. ഇന്നിതാ ഞങ്ങളെ വിളിച്ചുണർത്തിയിരിക്കുന്നു. ഞങ്ങളും ഉണർന്നെഴുനേറ്റ ഈ നിമിഷത്തിൽതന്നെ ഞങ്ങളുടെ കഴിവുകളും, താലന്തുകളും എത്രമാത്രമെന്നു കണ്ടു് ഞങ്ങളംകൂടെതന്നെ അത്ഭുതം തോന്നുന്നു. പക്ഷേ, ഇതു കഴിഞ്ഞാലുടൻ പോയിക്കിടന്നു് വീണ്ടും ഉറങ്ങിക്കൊള്ളാൻ സഭ ഞങ്ങളോടു പറയുമോ എന്നു് ഞങ്ങളും ഭയപ്പെടുന്നു. അങ്ങനെയാണു് സംഭവിക്കുന്നതെങ്കിൽ അതു വളരെ അപകടകരമായിരിക്കുമെന്നു് ഞാൻ മുന്നറിയിപ്പു നൽകുന്നു. കാരണം, ഞങ്ങളുടെ കഴിവുകളെ വികസിപ്പിക്കുവാൻ സഭയിൽ അനുവാദവും അവസരവും തരികയില്ലെന്നു വന്നാൽ ഞങ്ങളിൽ ചിലരെങ്കിലും അതിനവസരവും അനുവാദവുമുള്ള രംഗങ്ങളിലേക്കു് നീങ്ങുവാനുള്ള പ്രലോഭനത്തിനു് വിധേയരായെന്നു വരാം. അല്പാത്തവർ ഇവിടെത്തന്നെ കിടന്നു് നശിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന കാഴ്ച കേരള കത്തോലിക്കാനേതൃത്വം കാണേണ്ടതായി വരും. ഹാ! എത്ര ചിന്തോദ്ദീപകമായ ഒരു വസ്തുതയാണു് ആ യുവാവു് പ്രവചിച്ചതു?

വിവേകത്തിന്റെയും സന്മാർഗ്ഗത്തിന്റെയും പേരിൽ നാം നിഷ്ക്രിയത്വത്തേയും അലസതയേയും താലോലിക്കുകയാണു്. പ്രവർത്തിക്കേണ്ട വിധത്തിൽ പ്രവർത്തിക്കാനാണു് വിവേകം വേണ്ടതു്, അല്ലാതെ പ്രവർത്തിക്കാതിരിക്കാനല്ല. മർമ്മം അറിയാവുന്നവനു് അടിക്കാൻ പാടില്ലാത്ത സ്ഥിതിയാണിവിടെ കാണുന്നതു്. എത്രതന്നെ ശ്രേഷ്ഠമായ പ്രസ്ഥാനത്തിന്റെയും പരിണിത ഫലങ്ങളിൽ ഒരംശം തിന്മയെന്നു വരാം എന്നാൽ നാം നന്മയെ മാത്രം ഉന്നം വച്ചു് നല്ല മാർഗ്ഗങ്ങളിലൂടെ പ്രവർത്തിച്ചു ലഭിയ്ക്കുന്ന ഫലത്തിന്റെ സിംഹഭാഗവും നന്മയാണെങ്കിൽ കേവലം ന്യൂനഭാഗമായി കാണുന്ന തിന്മയുണ്ടായാൽ തന്നെയും അതിൽ നാം വിഷമിച്ചിട്ടു കാര്യമില്ല. അതിനെ പാടെ അവഗണിച്ചിട്ടു് നന്മയുടെ ഫലം കൂടുതൽ കൂടുതൽ കൊയ്തെടുക്കാനും തിന്മയെ കഴിയുന്നത്ര നിവാരണം ചെയ്യാനും ക്രിയാത്മകമായി പരിശ്രമിയ്ക്കുകയാണുവേണ്ടതു്. നടക്കുന്ന കുഞ്ഞു വീഴുകയുള്ളൂ, ഉറങ്ങുന്നതോ തളർവാതം പിടിച്ചതോ ആയ കുഞ്ഞു് വീഴുകയില്ലല്ലോ. വീഴുമെന്നു് പറഞ്ഞു് നടക്കാനനുവദിക്കാതിരിയ്ക്കുകയോ? തലവേദനയുണ്ടെങ്കിൽ ചികിത്സിച്ചു് ഭേദപ്പെടുത്തുകയല്ലാതെ തലവെട്ടിക്കളയുന്നതാണോ ബുദ്ധിപൂർവ്വകം! മനുഷ്യൻ പാപം ചെയ്യും എന്നറിഞ്ഞിരുന്നിട്ടും മനുഷ്യനെ സൃഷ്ടിച്ച ദൈവത്തിനു് വിവേകമില്ലെന്നു വരുമോ? സന്മാർഗ്ഗബോധമില്ലെന്നു വരുമോ? ദൈവത്തേക്കാളും വിവേകികളും സാന്മാർഗ്ഗബോധമുള്ളവരും ആയിരിയ്ക്കുവാൻ ശ്രമിയ്ക്കുന്നവർ മാത്രമേ യാതൊരു പ്രസ്ഥാനത്തേയും മുമ്പോട്ടു വിടാതെ ബ്രേക്കിടാൻ ധൈര്യപ്പെടുകയുള്ളൂ. ഇവരുടെ വിവേകം വിചിത്രതരം തന്നെ!

....0....



തൃശ്ശൂരെ എ. കെ. സി. സി. പ്രവർത്തക സംഘം പ്രവർത്തകർ

ബാലസാഹിത്യം എങ്ങോട്ട്?

മിഠായി വാങ്ങിക്കാൻ സാധിക്കുന്നതുപോലെയാണ് ഇന്നത്തെ കുട്ടികൾക്ക് ബാലസാഹിത്യകൃതികളും വാങ്ങിക്കാൻ സാധിക്കുന്നത്. പക്ഷേ, സാഹിത്യഗന്ധംപോലുമില്ലെന്ന് സംശയിക്കുന്ന നമ്മുടെ സമുദായത്തിലെ ബാലികാബാലന്മാർ എന്തു വായിക്കുന്നു, എന്തു വായിക്കണം എന്നു ചിന്തിക്കാറുണ്ടോ?

വി. ജെ. പോൾ

ഗ്രീസ് സാന്മാർഗ്ഗികമായി അധഃപതിച്ചിരുന്ന കാലഘട്ടം. മാതൃരാജ്യത്തിന്റെ കടിഞ്ഞാണില്ലാത്ത പോക്കുകണ്ട് രാജ്യസ്നേഹികൾ വിതുമ്പിക്കരഞ്ഞു. എങ്ങനെ തങ്ങളുടെ കൊച്ചുഗ്രീസിനെ ഈ ദാരുണാവസ്ഥയിൽനിന്നും വിമോചിപ്പിക്കും? അവർ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ഈ പ്രതിസന്ധി ഘട്ടത്തെ എങ്ങനെ നേരിടാമെന്ന് ആലോചന നടത്തി, തുടർന്ന ചർച്ചയായതുകൊണ്ട് പലരും അവരവരുടെ അഭിപ്രായങ്ങളുമായി മുന്നോട്ടുവന്നു.

എങ്കിലും തൃപ്തികരമായ ഒരു ധാരണയിലെത്താൻ സാധിച്ചില്ല. അങ്ങനെ യോഗം പിരിച്ചുവിടേണ്ട ഘട്ടത്തിലെത്തിച്ചേർന്നു. അവസാനം യോഗാദ്ധ്യക്ഷൻ ഒരു വൃദ്ധനോട് അദ്ദേഹത്തിന്റെ അഭിപ്രായം ആരാഞ്ഞു. നീണ്ട താടിക്കാരനായ ആ അപ്പൂപ്പൻ ചീഞ്ഞ ഒരാപ്പിൾ കൈയിൽ ഉയർത്തിപ്പിടിച്ചുകൊണ്ട് ഹാളിന്റെ ഒത്ത നടക്കു വന്നിരുന്നു. എല്ലാവരും ജിജ്ഞാസയോടെ ആ രംഗം കണ്ണിമയ്ക്കാതെ നോക്കിനിന്നു. ആ വയോധികന്റെ അധരങ്ങൾ സാവകാശം ചലിച്ചു. ''സ്നേഹിതരേ, നമ്മുടെ സമുദായം ഇതുപോലെ ചീഞ്ഞഴിഞ്ഞു ദുർഗന്ധം വമിക്കയാണ്. അതിനെ എങ്ങനെ നേരെയാക്കാം എന്നുള്ളതാണ് നമ്മുടെ പ്രശ്നം. ചീഞ്ഞതെങ്കിലും ഈ ആപ്പിളിൽ ചെറിയ ചെറിയ വിത്തുകൾ ഉണ്ട്. അവ പെറുക്കിയെടുത്ത് വളമുള്ള മണ്ണിൽ കരുതലോടെ പാകിമുളപ്പിച്ചുവളർത്തിയാൽ കണ്ണഞ്ചിക്കുന്ന രസികൻ പഴങ്ങൾ കിട്ടുമല്ലോ. അതുപോലെ സൗഭാഗ്യപൂർണ്ണമായ ഒരു നല്ല നാളെയെ വിരചിച്ചെടുക്കാൻ സ്നേഹിതരേ, നമുക്ക് നമ്മുടെ കുഞ്ഞുങ്ങളെ നല്ലവരായി വളർത്തിക്കൊണ്ടുവരാം.''

ഗ്രീസിനു് അന്ന് നേരിട്ട സാന്മാർഗ്ഗികവും ധാർമ്മികവുമായ അധഃപതനം ഇന്ന് നമ്മളേയും തുറിച്ചുനോക്കുകയാണ്. അതിന്റെ പ്രധാന കാരണം അച്ചടിശാലയിൽനിന്നും അനുദിനമെന്നോണം വെള്ളച്ചാട്ടം പോലെ ഒലിച്ചിറങ്ങുന്ന അശ്ലീലവും അധാർമ്മികവുമായ ഗ്രന്ഥങ്ങളാണ്. യൌവ്വനയുക്തരായ എത്രയെത്ര പേരെയാണ് അശ്ലീലഗ്രന്ഥങ്ങളുടെ പാരായണം വഴി തെറ്റിപ്പിച്ചിട്ടുള്ളത്? നശീകരണശക്തികൾ ഒരുക്കിവയ്ക്കുന്ന വിഷഗുളികകൾ കഴിച്ച് എത്രയെത്ര ബാലികാബാലന്മാരാണ് അപമൃത്യുവിനിരയാകുന്നത്! പത്തിവിരിച്ചാടുന്ന അണലിയുടെ മുൻപിൽ ചെന്നിരുന്ന് കളിച്ചും, ചിരിച്ചും, ആടിയും, പാടിയും ഉല്ലസിക്കുന്ന എത്രയെത്ര കുട്ടികളാണ് വിഷമേറ്റ് മരണമടയുന്നത്! സമുദായത്തിന്റെ നെടുംതൂണുകളായി വർത്തിക്കേണ്ട എത്രയെത്ര ഇളംതളിരുകളാണ് അധാർമ്മികഗ്രന്ഥങ്ങളുടെ ആക്രമണംമൂലം പിച്ചിച്ചീന്തപ്പെട്ടിട്ടുള്ളത്! കുറഞ്ഞൊരുകാലമായി ഇക്കാര്യം നമ്മുടെ പത്രമാസികകളിൽ ചർച്ചയ്ക്കു വിഷയമായിട്ടുള്ളതാണ്. എന്നാൽ കാര്യങ്ങൾ ഒരിഞ്ചുപോലും മുന്നോട്ട് നീങ്ങിയിട്ടില്ലെന്നുള്ളതാണ് പരമാർത്ഥം. വിലപനീയമായ ഈ നിലപാടിനൊരു മാറ്റം വരുത്താൻ ഉത്തരവാദപ്പെട്ടവർ ഒന്നും ചെയ്യുകാണുന്നില്ല.

ചീഞ്ഞ ആപ്പിൾപഴത്തിൽ മനോഹരമായ ചെറിയ വിത്തുകൾ ഉള്ളതുപോലെ നമ്മുടെ സമുദായവും നിഷ്ളങ്കരായ പിഞ്ചുകുഞ്ഞുങ്ങളെക്കൊണ്ട് ധന്യമാണ്. അവരെ ധൈര്യപൂർവ്വം വളർത്തിക്കൊണ്ടുവരികയെന്നതാണ് സമുദായസ്നേഹികളായ എല്ലാവരുടേയും കർത്തവ്യമായിക്കരുതണം. കാരണം ഭാവിയുടെ വിധാതാക്കളാണ് ഇന്നത്തെ ബാലികാബാലന്മാർ. നാളെയുടെ ചിത്രത്തിനു് രൂപവും ഭാവവും നൽകേണ്ട ശില്പികളാണവർ. ഇന്നു് പമ്പരം കറക്കുന്ന കരങ്ങൾതന്നെയാണ് നാളെ രാജ്യത്തിന്റെ ഭരണചക്രവും തിരിക്കുവാൻ പോകുന്നതു്. ഇന്നു് പട്ടം പറപ്പിക്കുന്ന അതേ കൈകൾതന്നെയാണ് ഭാവിയിൽ സമാധാനത്തിന്റെ വെള്ളപ്രാവുകളെ പറപ്പിക്കാൻ പോകുന്നതു്. പല തട്ടകളിലും തലങ്ങളിലുംനിന്നുകൊണ്ട് സമുദായത്തിന്റെ ശബ്ദം മുഴക്കേണ്ട ഉദ്ഭന്മാരാണവർ. രാഷ്ട്രം അവിഹിതമായി സമുദായത്തിന്റെമേൽ കൃതികൃത്യതാവാദം മതസ്വാതന്ത്ര്യം നിഹനിക്കപ്പെടുമ്പോൾ പൌരാവകാശങ്ങൾ ധ്വംസിക്കപ്പെടുമ്പോൾ സിംഹങ്ങളെപ്പോലെ ഗർജ്ജിക്കേണ്ടവരാണവർ. ഇന്നത്തെ ഇളംനാമ്പുകളെ നോക്കിക്കൊണ്ട് നാളെയുടെ സമുദായത്തെ വിഭാവനം ചെയ്യുവാൻ സാധിക്കും, ഇതിന്റെ പരാധീനതകളെ കണ്ടും കേട്ടും സഹിച്ചും പൊറുത്തും കഴിഞ്ഞുകൂടുന്ന നമ്മൾ ഇന്നലെയെപ്പറ്റി പരാതിപ്പെടാറില്ലേ. അതുപോലെ നമ്മുടെ സമുദായത്തിന്റെ ഭാവി സുരക്ഷിതമായിരിക്കണമെങ്കിൽ ഇന്നത്തെ ബാലഗണത്തെ നാം ശരിയായി പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു. ഇതു് സാധിക്കുന്നതു് പ്രധാനമായും കത്തോലിക്കബാലസാഹിത്യത്തിലൂടെയാണ്. സാഹിത്യംകൂടാതെ ഒരു സമുദായവും ഉയരുവാൻപോകുന്നില്ലെന്ന നിലവരെ വന്നിട്ടുണ്ട് ഇന്നു്. ഇക്കാര്യം അഭ്യസ്തവിദ്യരായ കത്തോലിക്കർപോലും മനസ്സിലാക്കിയിട്ടില്ല എന്നു പറയുവാൻ ആരും നെറ്റി ചുളിച്ചിട്ടു് കാര്യമില്ല. ഇതരസമുദായങ്ങളും സംഘടനകളും ബാലസാഹിത്യഗ്രന്ഥങ്ങൾ വരുത്തുവാനും, വായിക്കാനും, പ്രചരിപ്പിക്കാനും എന്തു ഉത്സാഹം കാട്ടുന്നവെന്നോ, അവരുടെ പ്രസിദ്ധീകരണശാലകളിൽ നിന്നും മധുരനാരങ്ങാപോലെ വിറഴിക്കപ്പെടുന്ന ബാ. സാ. ഗ്രന്ഥങ്ങളോടു് കിടപിടിക്കത്തക്ക ഏതെങ്കിലും ഒരു പുസ്തകം നമുക്കു് എടുത്തു കാട്ടുവാനുണ്ടോ? ഗ്രന്ഥങ്ങൾ മനുഷ്യരുടെ ചിന്തയിന്മേലും സ്വഭാവത്തിന്മേലും പ്രവൃത്തിയിന്മേലും ചെലുത്തുന്ന സ്വാധീനം അത്ഭുതാവഹമെന്നേ പറയേണ്ടൂ. ഈ സ്വാധീനം കത്തോലിക്കർ ശരിക്കും ഉപയോഗിക്കുന്നില്ലെന്നു് മാത്രമല്ല മറ്റുള്ളവരുടെ ദുർവിനിയോഗം യഥാർഹം അനുവദിക്കുന്നുമുണ്ടു്. ഇതിന്റെയൊക്കെ ഫലം നമ്മുടെ സമുദായം അനുഭവിക്കാനിരിക്കുന്നതേയുള്ളൂ. വെറുതെയല്ലാ കമ്മ്യൂണിസം വളരുന്നതും നമ്മൾ തളരുന്നതും.

ശിശുക്കളുടെ ഇളംമനസ്സു് മെഴുകുപ്രായമാണെന്നാണു് അഭിജ്ഞമതം. മെഴുകു വളച്ചു് എന്തിനും രൂപംകൊടുക്കാം. മെഴുകുകൊണ്ടു് പറക്കാൻ ചിറകു് വിടർത്തി നിൽക്കുന്ന മാലാഖാമാരെ നിർമ്മിക്കാം. ആ മാലാഖായെ ഒരു നിമിഷംകൊണ്ടു് ലൂസിഫറാക്കി മാറ്റാനും പ്രയാസമില്ല. ശിശുക്കൾ കാണുന്നതും, കേൾക്കുന്നതും വായിക്കുന്നതും എന്തും അവരുടെ ഇളംമനസ്സിൽ മെഴുകിൽ കൊത്തിയതുപോലെ രേഖപ്പെടുത്തുന്നു. നല്ല ചിത്രങ്ങൾ കണ്ടും, നല്ല വാക്കുകൾ കേട്ടും, സദ്ഗ്രന്ഥങ്ങൾ വായിച്ചും അവരുടെ മനസ്സു് മാലാഖായുടേതുപോലെ നിർമ്മലമാക്കാം. മറിച്ചു് അവരുടെ മനസ്സു് പിശാചിന്റെ പണിപ്പുരയാക്കണമെങ്കിൽ അതുമാകാം. മാലാഖാക്കുഞ്ഞുങ്ങളായി ജനിക്കുന്ന അവർക്കു് മാലാഖാക്കുഞ്ഞുങ്ങളായി വളരുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കേണ്ടതു് മാതാപിതാക്കന്മാരുടെ കടമയാണ്.

''കുട്ടികൾക്കല്ലേ പുസ്തകം! അവ

★ സാഹിത്യരംഗത്തെ

വെറും അഭിപ്രായ ഭേദത്തിന്റെപേരിൽ നമ്മിലുള്ള ചിലവമ്പന്മാർ പലരെയുംആട്ടിപ്പായിച്ചിട്ടുണ്ട്. അവരിൽ പലരും എം. പി, പോംമാരും മുണ്ടശേരിമാരുമായി. ചിലർ പൊൻകുന്നം വക്കിമാരും പോഞ്ഞിക്കര റാഫിമാരുമായി. ഇപ്പോഴും ചിലയുവപുരോഹിതന്മാർ പ്രേമകഥകളും എഴുതിത്തള്ളുന്നു!

നമാർ 42 വർഷങ്ങൾക്കു മുമ്പ്, മഹാകവി വള്ളത്തോളിന്റെ 'മശലനമറിയം' എന്ന ഖണ്ഡകൃതിക്ക്, ശ്രീ: ചിത്രമെഴുത്തു കെ. എം. വർഗീസ് എഴുതിയ അവതാരികയിൽ ഇങ്ങനെ കാണുന്നു. '.....ബൈബിളിലെ ഇതിവൃത്തങ്ങളെ വിഷയീകരിച്ച് ചില നസ്രാണിയുവകവികളും ഈയിടയ്ക്ക് ചില കവിതകളും രചിച്ചിട്ടുണ്ടെങ്കിലും അതുകളിൽ സാഹിത്യരസം കണികാണാൻ കൂടിയില്ലാത്തതിനാൽ, അവയെ ആരുംതന്നെ കൊണ്ടാടാറില്ല.....ഒരു സ്വന്തം പുത്രനാൽ വിരചിതമായ ഒരു ശ്രേഷ്ഠപദ്യസാഹിത്യകൃതി കണ്ട് കണ്ണുനീർ തുടപ്പാൻ ഭാഗ്യമില്ലാത്ത നസ്രാണിവർഗ്ഗമാതാവിന്റെ കദനഭാരത്തെ ശമിപ്പിക്കുവാൻ തക്കവണ്ണം ഈ കൃതി ക്രിസ്ത്യൻസമുദായത്തിൽ ഒരുണർച്ചയെ ഉണ്ടാക്കുമെന്ന് എനിക്ക് ദൃഢമായ വിശ്വാസമുണ്ട്....''

ഓലക്കാലും ശീലക്കാലും

മഹാകവി വള്ളത്തോളും ചിത്രമെഴുത്ത് കെ. എം. വർഗീസും ഇന്ന ജീവിച്ചിരിക്കുന്നവരല്ല. എന്നാൽ, അവർ രേഖപ്പെടുത്തിയിട്ടുള്ളതൊന്നും സാഹിത്യനഭസ്സിൽനിന്നു തിരോധിക്കാൻപോകുന്നില്ലെന്നുള്ളതു തീർച്ചയാണ്. സാഹിത്യരംഗത്ത് ക്രിസ്ത്യാനികൾക്കുള്ള സ്ഥാനം ശൂന്യമാണെന്നാണ് ചിത്രമെഴുത്ത് കെ.എം. വർഗീസിന്റെ അഭിപ്രായത്തിൽനിന്നു വ്യക്തമാകുന്നത്. നീണ്ട 42 വർഷങ്ങൾക്കുശേഷം, ഇന്ന് ഈ അഭിപ്രായത്തെ നാമെന്തു വിലയിരുത്തിനോക്കുന്നതു കൗതുകകരമായിരിക്കും. സത്യത്തിൽ വേദനയോടുകൂടിയാണ്, ക്രിസ്ത്യാനികളുടെ കഴിവില്ലായ്മയുടെ കഥ അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത്. സാഹിത്യരംഗത്ത് ക്രിസ്ത്യാനികൾ വെറും അധ:കൃതരായിത്തീരാനുണ്ടായ കാരണത്തെക്കുറിച്ച് അദ്ദേഹം ചിന്തിച്ചുകാണും. അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടിട്ടുമുണ്ടാകും. എന്നാൽ, ജനകീയസാഹിത്യത്തിനേറ്റതായ ഈ ദശാസന്ധിയിൽപ്പോലും ക്രിസ്ത്യാനികൾക്ക് മാന്യമായ ഒരു സ്ഥാനം സാഹിത്യരംഗത്തു കരസ്ഥമാക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് ഏറ്റവും ഖേദകരമായ വസ്തുത. ചിത്രമെഴുത്തു കെ. എം. വർഗീസ് അന്നു പറഞ്ഞ അവസ്ഥയിൽനിന്നും വളരെയൊന്നും മുന്നോട്ടുപോകാൻ ക്രിസ്ത്യാനികൾക്കു കഴിഞ്ഞിട്ടില്ലെന്നു പറഞ്ഞാൽ അതൊരു സത്യമായിരിക്കും.

തിരുവിതാംകൂർരാജാവിന്റെ പട്ടാഭിഷേകത്തിനു്, ''ലെഫ്റ്റ്, റൈറ്റ്'' എന്നു പറയാൻ അറിഞ്ഞുകൂടാതിരുന്നതുകൊണ്ടും, പറഞ്ഞാൽ മനസ്സിലാകാൻ വിഷമമായിരുന്നതുകൊണ്ടും, ഒരു കാലിൽ ഓലയും മറുകാലിൽ തുണിക്ഷണവും വച്ചുകെട്ടി, ''ഓലക്കാൽ, ശീലക്കാൽ....'' എന്നു പറഞ്ഞു പറഞ്ഞു് പരിശീലനം നടത്തിക്കൊണ്ടിരുന്ന കാലമുണ്ടായിരുന്നു. അവിടെനിന്നുമൊക്കെ നമ്മുടെയാളുകൾ വളരെയേറെ മുന്നോട്ടു പോയിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ, സാഹിത്യത്തെ സംബന്ധിച്ചിടത്തോളം ക്രിസ്ത്യാനികൾ ഇപ്പോഴും പഴയ 'ഓലക്കാലിന്റെയും ശീലക്കാലിന്റെയും' കാലഘട്ടത്തിൽത്തന്നെയാണു നിലകൊള്ളുന്നതെന്നു് വ്യസനപൂർവ്വം പറയേണ്ടിയിരിക്കുന്നു.

കാലവും കോലവും

ഇതിന്റെ കാരണങ്ങളെക്കുറിച്ചു് കൂടുതൽ ചിന്തിക്കുന്നതു് അധികമാർക്കും ഇഷ്ടകരമായിരിക്കയില്ല. അറിയപ്പെട്ടന്ന കാലം മുതലെ പുരോഹിതമേധാവിത്വം നിലനിന്നുപോരുന്ന ഒന്നാണു് കേരളത്തിലെ ക്രൈസ്തവസമുദായം. സാധാരണ ക്രൈസ്തവർക്കുവേണ്ടി ചിന്തിക്കാനുള്ള 'ഭാരം' അവരാണു് ഏറ്റെടുത്തിട്ടുള്ളതു്. ദൈവത്തിന്റെ പ്രതിനിധികളാണു് എന്നുള്ളതുകൊണ്ടു അവരുടെ നടപടികളെ സാധാരണ ക്രൈസ്തവർ അംഗീകരിച്ചാണു് പോരുന്നതും. എന്നാൽ, ദൈവവും മനുഷ്യനുമായുള്ള ബന്ധങ്ങളും ഉറപ്പിച്ചുനിർത്താൻ പഴമയുടെ പൊയ്മുഖങ്ങളും ആവശ്യമാണെന്നുപറഞ്ഞാൽ ഇന്നാരെങ്കിലും അതു സമ്മതിച്ചുകൊടുക്കുമെന്നു തോന്നുന്നുണ്ടോ, ഇതു പറയുന്നതിനു് കാരണങ്ങളുണ്ട്. പല രംഗത്തും കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങളും വരുത്തിക്കൊടുക്കാൻ കേരളത്തിലെ ക്രൈസ്തവമേധാവികളും തയ്യാറാകുന്നില്ല എന്നതുതന്നെ. ഭാഷയും സാഹിത്യവുമായുള്ള ക്രിസ്ത്യാനികളുടെ ബന്ധം ഇത്ര ദുർബലമായിപ്പോകാൻ കാരണവും മറ്റൊന്നല്ല. ഈ ദുർബലതയുടെ ഏറ്റവും വലിയ പ്രകടനമാണു് നമ്മുടെ പ്രാർത്ഥനാ

ക്കു് പാലും പലഹാരങ്ങളുമൊക്കെമതി. കളിയും കുറച്ചൊക്കെ ആകാം.'' ബാലസാഹിത്യഗ്രന്ഥങ്ങളുടെ ആവശ്യകതയെപ്പറ്റി പല മക്കളുള്ള ഒരു പിതാവിനോടു് സംസാരിച്ചപ്പോൾ അദ്ദേഹത്തിനു് പറയാനുണ്ടായിരുന്നതാണിതു്. വിശക്കുമ്പോൾ കുഞ്ഞു കിടന്നു് കരയുന്നു. വയറു് നിറയുമ്പോൾ അവന്റെ മുഖം പ്രസന്നമാകുന്നു. ഇതാണു് സാധാരണക്കാരുടെ നോട്ടത്തിൽ വിശപ്പു്. പക്ഷേ, വേറൊരുതരം വിശപ്പുണ്ടു്; ബിസ്കറ്റോ, പാലോ, പലഹാരങ്ങളോകൊണ്ടു് കുത്തിനിറച്ചാലും ഈ വിശപ്പു് കെട്ടടങ്ങുന്നതല്ല; അതു് ബുദ്ധിയുടെ വിശപ്പാണു്. ശിശുക്കളെ ശാരീരികമായ വളർച്ച പ്രാപിക്കുന്നതനുസരിച്ചു് ബുദ്ധിയുടെ വിശപ്പും അനുഭവപ്പെട്ടുതുടങ്ങുന്നു. അപ്പോൾ കൈയിൽ കിട്ടുന്ന പുസ്തകങ്ങളെടുത്തു് അവർ വായിക്കാൻ ശ്രമിക്കുന്നു. വായിക്കുന്നതോടൊപ്പം അവൻ ചിന്തിക്കുന്നു. സംശയങ്ങളൊക്കെ അമ്മയുടെ മുമ്പിൽ പുറിഞ്ഞിട്ടുകൊടുക്കും. കുട്ടിവായിക്കാൻ പഠിച്ച കുട്ടികളെക്കൊണ്ടു അതു് വായിപ്പിക്കുകയും അങ്ങനെ സംശയങ്ങൾക്കുള്ള സമാധാനം അവരെക്കൊണ്ടുതന്നെ കണ്ടുപിടിപ്പിക്കയും വേണം. അങ്ങനെ അറിയുന്നതിനുള്ള ജിജ്ഞാസ അവരിൽ വർദ്ധിക്കുകയും, അതിനായി പുസ്തകങ്ങൾ വായിക്കണമെന്നുള്ള നിലവന്നുകൂടുകയും ചെയ്യും. അപ്പോൾ അവർക്കു് ബാലസാഹിത്യകൃതികൾ കൊടുക്കുവാൻ മാതാപിതാക്കന്മാർ ഒട്ടും അമാന്തിക്കരുതു്. അവരുടെ പൊന്നുപോലെ പൊതിഞ്ഞു സൂക്ഷിക്കും.

ബാലസാഹിത്യകൃതികൾ ഇത്ര മനസ്സിൽ പെരുത്തുന്നു. സ്വാധീനം അത്ര വലുതാണെങ്കിൽ അതിനെ വളർത്തിക്കൊണ്ടുവരേണ്ടതു് സമുദായസ്നേഹികളായ ഓരോരുത്തരുടെയും കടമയാണെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇതു് കത്തോലിക്കാസമുദായത്തോടു് പൊരുവിലും, വളരുന്ന തലമുറയോടു് പ്രത്യേകിച്ചും ചെയ്യാവുന്ന ഏറ്റവും വലിയ സേവനവുമായിരിക്കും. നമ്മുടെ സമുദായത്തിന്റെ ജീവനാഡിയായ കത്തോലിക്കാകോൺഗ്രസ്സ് ഇതിനു് മുൻകൈ എടുത്തു് പ്രവർത്തിക്കുമെന്നു് പ്രതീക്ഷിക്കട്ടെയോ?

എ. കെ. സി. സി. ബുള്ളറിൻ

പുതുനാവേഷങ്ങൾ ★ പരീക്ഷണി

കളുടെയും നമസ്കാരങ്ങളുടെയും മറ്റും ഇന്നത്തെ ശോചനീയാവസ്ഥ.

തികച്ചും സംസ്കാര സമ്പന്നവും, പ്രൗഢവും, ശ്രേഷ്ഠവുമായ ഭാഷയാണ് ഹൈന്ദവജനതയുടെ മതഗ്രന്ഥങ്ങളിൽ കാണുന്നതു് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഭാഷയുടെ മേന്മാത്രമല്ല, അവയെല്ലാം ലക്ഷണമൊത്ത മികച്ച സാഹിത്യസൃഷ്ടികളാണെന്ന കാര്യവും ശ്രദ്ധേയമാണു്. എന്നാൽ, നമ്മുടെ പ്രാർത്ഥനകളിലും മതഗ്രന്ഥങ്ങളിലുമൊക്കെ ഉപയോഗിക്കുന്ന ഭാഷയുടെ അവസ്ഥയോ? വളരെ ദയനീയം! വെറും പൊട്ട ഭാഷ. അപരിഷ്കൃതമെന്നും, അത്ഗ്രാമ്യമെന്നും അസ്പഷ്ടമെന്നും, അനാകർഷകമെന്നും വിശേഷിപ്പിക്കാവുന്ന ഭാഷ! നൂറാണ്ടുകളുടെ പഴക്കമുണ്ടു് ആ ഭാഷയ്ക്കു്. കൃത്യമായിട്ടറിയണമെങ്കിൽ വിശദമായ ഗവേഷണം നടത്തിയേ മതിയാകൂ. ഇന്നു്, ഹൈസ്കൂൾ വിദ്യാർത്ഥിസംവരെ അനായാസേന നിർവ്വഹിക്കാൻ കഴിയുന്ന ഈ ഘട്ടത്തിൽ, പുതിയ തലമുറ —ചിന്തിക്കുന്ന തലമുറ— നമ്മുടെ പ്രാർത്ഥനകൾക്കു് ഉപയോഗിക്കുന്നതു് ഏതൊരു കാട്ടുഭാഷയാണു് എന്നാക്ഷേപിച്ചാൽ നമുക്കെന്തു പറയാൻ കഴിയും?

ഈ ഗതികേടു് ഇവിടെ മാത്രമേ ഉള്ള എന്നാണു് എനിക്കു തോന്നുന്നതു്. ഫ്രഞ്ചു്, ഇംഗ്ലീഷു്, ജർമ്മൻ മുതലായ ഭാഷകളിലെ പ്രാർത്ഥനകളും, ഭാഷാപരമായി ഏറ്റവും ഉന്നതമായ ഒരു നിലവാരമാണു പുലർത്തുന്നതു്. മലയാളത്തിലുള്ള പ്രാർത്ഥനകളും മറ്റും പുരോഹിതന്മാരുടെ സൃഷ്ടിയാണു് എന്ന കാര്യത്തിൽ സംശയിക്കാനൊന്നുമില്ലല്ലോ. പണ്ടുമുതലേ മറ്റു പലതിനെയുമെന്നപോലെ, നസ്രാണിസാഹിത്യത്തേയും പോറ്റിപ്പുലർത്തിപ്പോന്നിട്ടുള്ളതു് അവരാണു്! കാലം എത്ര മുന്നോട്ടു പോയാലും തങ്ങളും നില്ക്കുന്നിടത്തുതന്നെ ഉറച്ചുനില്ക്കും എന്ന പിടിവാശിയാണു് പുരോഹിതമേധാവികൾക്കുള്ളതെന്നു തോന്നുന്നു. അല്ലെങ്കിൽ, പരിഷ്കാരത്തിന്റെ മുഖ്യന്യായവ്യവസ്ഥയിലെത്തിയിട്ടുള്ള ഈ 20-ാംനൂറ്റാണ്ടിൽ കാട്ടുഭാഷയുപയോഗിച്ചു് പ്രാർത്ഥന നടത്തേണ്ട ഭാഗ്യഹീനത മലയാളക്കരയിലെ ജനതയ്ക്കു് ഉണ്ടാകുമായിരുന്നില്ല!

കമ്മ്യൂണിസത്തിന്റെ കെണികളിൽ വീഴാതെ, സാഹിത്യ മേഖലയിലൂടെ മുന്നോട്ടുനീങ്ങുവാൻ പരീക്ഷണകുതുകികളായ പല കത്തോലിക്കരും ധീരമായി ശ്രമിച്ചുനോക്കിയിട്ടുണ്ടു്. അവരെ പ്രോത്സാഹിപ്പിക്കുന്നതിനുപകരം പിന്നിൽ നിന്നു കുത്തുന്ന ഒരു പ്രവണതയാണു് നാം കാണിച്ചതു്. സാഹിത്യകാരൻ, അവനുവേണ്ടി എന്നതിനേക്കാൾ, സമൂഹത്തിനുവേണ്ടി ചിന്തിക്കുവാൻ പ്രതിജ്ഞനാണു് എന്ന വസ്തുത എന്തുകൊണ്ടു സമ്മതിച്ചുകൊടുത്തുകൂടാ? അവന്റെ ചിന്തയുടെ കയത്തിൽ അവൻ പലതുംകണ്ടെത്തിയെന്നുവരും. അതെല്ലാം മുത്തുച്ചിപ്പികളായിരിക്കണമെന്നു് നിർബന്ധം പിടിക്കുന്നവരുടെ വിട്ടുവീഴ്ചയ്ക്കു് ആരുണ്ടു് മറുപടി പറയാൻ? ചിലപ്പോൾ അവൻ വെളിക്കുട്ടിയായിരിക്കും തപ്പിയെടുക്കുക. അതു വലിച്ചെറിഞ്ഞുപോയെങ്കിൽ ആരുടെയെങ്കിലുമൊക്കെ ദേഹത്തു് തെറിച്ചെന്നും വരും. അതുകൊണ്ടു് അവനെ കൊന്നുകഴിച്ചുമൂടുവാൻ പാഞ്ഞടുത്താലോ? ഈ അസഹിഷ്ണുത വിവേകത്തിന്റെ ലക്ഷണമല്ല. സാഹിത്യരംഗത്തു് അതിപ്രഗത്ഭരായ പലരും കാലെടുത്തുവച്ചിട്ടുണ്ടു്. അവർ ചിന്തിക്കുന്നതുമാത്രം നുക്കിഷ്ടമായിതോന്നിയില്ല. അതിന്റെ പേരിൽ അവരെ പിടികൂടത്തിവിടാനും നമുക്കു വിഷമമുണ്ടായില്ല. അവരിൽ പലരും എം.പി. പോൾമാരും, മുണ്ടശ്ശേരിമാരുമായിത്തീർന്നു. ചിലർ പൊൻകുന്നം വക്കിമാരും പോഞ്ഞിക്കരറാഫിമാരുമായി. പലർക്കും സമുദായവുമായിട്ടുള്ള ബന്ധം ഉത്തരധ്രുവവും ദക്ഷിണധ്രുവവും തമ്മിലുള്ള ബന്ധംപോലെയാണു്! എന്തോ ഇതു സംഭവിച്ചാൻ? ആരാണിതിനുത്തരവാദി? ലജ്ജിക്കേണ്ടവർ ലജ്ജിക്കട്ടെ!

വള്ളവുമില്ല, വെള്ളവുമില്ല.

ശ്രേയസ്കരമായ മറ്റു ചില കാര്യങ്ങളുണ്ടു്. സാഹിത്യരംഗത്തു് കത്തോലിക്കനുള്ള സ്ഥാനം ശൂന്യമാണെങ്കിലും പ്രസിദ്ധീകരണങ്ങളുടെ കാര്യത്തിൽ നാം ആരുടേയും പിന്നിലല്ലെന്നുള്ള കാര്യം തലകുലുക്കി സമ്മതിക്കുന്നു. പത്രങ്ങൾ, ആഴ്ചപ്പതിപ്പുകൾ, മാസികകൾ, ത്രൈമാസികങ്ങൾ തുടങ്ങി എത്ര കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ കേരളത്തിലുണ്ടെന്നുള്ളതിനു് യാതൊരു കണക്കുമില്ല ഇതിൽ ചിലതൊക്കെ തനി 'സാഹിത്യ' പ്രസിദ്ധീകരണങ്ങളാണു്. മറ്റു ചിലതു് സാംസ്കാരിക പ്രസിദ്ധീകരണങ്ങളാണെന്നു് അവകാശപ്പെടുന്നു. ചിലതു് സാമൂഹ്യവും സാമുദായികവുമായ കാര്യങ്ങൾ ചർച്ചചെയ്യാനുള്ളതാണു്, വേറെ ചിലതു് മിഷൻരംഗത്തു് പ്രവർത്തിക്കുന്നാഗ്രഹിക്കുന്നു. അമ്മമാർക്കും, കുഞ്ഞുങ്ങൾക്കുംവേണ്ടി പ്രസിദ്ധീകരിക്കുന്നവയുമുണ്ടു് ഇതിനു പുറമെയാണു് ത്രൈമാസ പ്രസിദ്ധീകരണങ്ങളും ഇടവക പ്രസിദ്ധീകരണങ്ങളും. എല്ലാത്തിനേറെയുംകൂടി ഒരു കണക്കെടുത്താൽ നാം തന്നെ അമ്പരന്നുപോകും. ഇത്രയധികം പ്രസിദ്ധീകരണങ്ങളുള്ളതു് ഒരു സമ്പത്താണെന്നു് ആരെങ്കിലും കരുതുന്നുണ്ടോ? ഈ പ്രസിദ്ധീകരണപ്പെരുപ്പം, ഭാഷാ—സാഹിത്യ—സാംസ്കാരിക മേഖലയിലുള്ള നമ്മുടെ ഔന്നത്യത്തെയാണു കാണിക്കുന്നതെന്നു് ആരെങ്കിലും വിശ്വസിക്കുന്നുണ്ടോ? ഉണ്ടായിരിക്കും. എങ്കിൽ അവരെ ശ്രദ്ധവിഡ്ഢികളെന്നു് വിളിക്കുവാതിരിക്കുവാൻ കഴിയുകയില്ല!

ഉള്ള സത്യം പറഞ്ഞാൽ, ഈ പ്രസിദ്ധീകരണങ്ങളെല്ലാംകൂടി കേരളത്തിലെ കത്തോലിക്കരെ വട്ടംകൊട്ടിയിൽ വെള്ളം കോരിക്കുന്ന ഒരു സ്ഥിതിവിശേഷമാണു് ഉണ്ടാക്കിയിരിക്കുന്നതു്. എന്തു വേണ്ടു എന്നറിയാതെ കത്തോലിക്കർ തന്നെ ഇന്നമ്പരക്കുന്നു. രാഷ്ട്രീയ പ്രസംഗവേദിയായി അധഃപതിക്കാത്ത ഒരൊറ്റ കത്തോലിക്കാപ്രസിദ്ധീകരണവും ഇന്നു കേരളത്തിലില്ല. ചിലരുടെ മട്ടുകണ്ടാൽ ക്രിസ്തുവിനേക്കാൾ അവർ സ്നേഹിക്കുന്നതു് ഇൻഡ്യൻനാഷണൽ കോൺഗ്രസിനെയാണെന്നു തോന്നും. എന്നാൽ മറ്റു ചിലർ കോൺഗ്രസിനെ നോക്കുന്നതു് പിശാചിനെ നോക്കുന്നതുപോലെയാണു്. ചിലർക്കു് സ്വതന്ത്രപാർട്ടിയോടാണു് അനുകമ്പാനം. ചിലർ സോഷ്യലിസ്റ്റുപാർട്ടിയെ പ്രണയിക്കുന്നു. ഈയിടെയായി ചില പ്രസിദ്ധീകരണങ്ങളും മലനാട് കർഷകർക്കുവേണ്ടി വാതോരാതെ വാദിക്കുന്നതായി കാണുന്നുണ്ടു്. ചിലർക്കു കർഷകതൊഴിലാളി പാർട്ടിയോടാണു് സ്നേഹം, ഇങ്ങനെ ഓരോ കത്തോലിക്കാ പ്രസിദ്ധീകരണവും ഓരോ തരത്തിലുള്ള രാഷ്ട്രീയ ചിന്താഗതികളുടെ നാവുകളായി ഗോദായിലിറങ്ങിയിരിക്കുകയാണു്. ഈ ചിന്താഗതി മൂർച്ഛിച്ചു് പരസ്പരമുള്ള മത്സരവും വാക്കേറ്റവും വരെ സംഗതികളും നീങ്ങിയിട്ടുണ്ടു്. പുരോഹിതന്മാരെ കഴിയുന്നതും രാഷ്ട്രീയത്തിലേയ്ക്കു വലിച്ചിഴയ്ക്കുന്നതെന്തു അവർതന്നെ പറയാറുണ്ടെങ്കിലും ഓരോ കത്തോലിക്കാപ്രസിദ്ധീകരണത്തിന്റെയും പിന്നിൽ നിന്നുകൊണ്ടു് അവർതന്നെയാണു് ഈ നിഴൽയുദ്ധങ്ങൾക്കു ചരടുപിടിക്കുന്നതു്. പണ്ടൊക്കെ കോൺഗ്രസിനു് വോട്ടു ചെയ്യണമെന്നു് പള്ളികളിൽ വിളിച്ചുപറയുമായിരുന്നു. എന്നാൽ പലയിടത്തും ആണത്തമുള്ള കത്തോലിക്കാരുവാക്കും മുഷ്ടിചുരുട്ടിക്കൊണ്ടു മുന്നോട്ടു വരുമെന്നുള്ള ഒരു സ്ഥിതിവന്നപ്പോൾത്തന്നെ അവർ എൻപ്പാട്ടു നിർത്തി! അതിനുപകരമാവും പ്രസിദ്ധീകരണങ്ങൾ വഴിയുള്ള ഈ കസർത്തു്. ചുരുക്കത്തിൽ കത്തോലിക്കരൊക്കെ അഭിപ്രായപ്പാളിച്ചയുടെ ഒരു മണ്ഡലത്തിലാണു് ഇന്നു കഴിയുന്നതു്. മതപരവും സാമുദായികവും സാഹിത്യ

പരവുമായ കാര്യങ്ങൾക്കുവേണ്ടി ആരംഭിച്ച കേരളത്തിലെ നസ്രാണിപ്രസിദ്ധീകരണങ്ങളിലൊന്നും ഇവയുടെ കണികപോലും ഇന്നു കാണാനില്ലെന്നായിരിക്കുന്നു. അതിന്റെ അർത്ഥം കത്തോലിസ്സുക്കു് കത്തോലിക്കാപ്രസിദ്ധീകരണങ്ങളും ഇല്ലെന്നാണു്. ഏതാണ്ടു് വെള്ളവുമില്ല, വള്ളവുമില്ല, എന്നൊരവസ്ഥ! ഇന്നുള്ള ക്ഷുദ്രപ്രസിദ്ധീകരണങ്ങളിലെ എഴുത്തുകാരുടെ കാര്യവും രസകരമാണു്. എന്തെഴുതുന്നു എന്നതല്ല, ആരെ എന്നതാണു് ഇന്നു പ്രധാനം. ഒരു മാറാർ കിട്ടിയാൽ അന്വേഷണമായി അതെഴുതിയവൻ, നല്ല ക്രിസ്ത്യാനിയോ മാർഗ്ഗംകൂടിയവനോ, കോൺഗ്രസ്സുകാരനോ, സോഷ്യലിസ്റ്റുകാരനോ, കർഷകതൊഴിലാളിപാർട്ടിക്കാരനോ ആണോ എന്നു്. ഓരോ പ്രസിദ്ധീകരണത്തിന്റേയും സ്ഥാപിതതാല്പര്യങ്ങളെ പിന്താങ്ങുന്നവനാണെങ്കിൽ മാത്രമേ അവനെക്കൊണ്ടു് എഴുതിയ്ക്കൂ. അല്ലെങ്കിൽ വേണ്ട. ലജ്ജാകരമായ ഈ അവസ്ഥ മാറാനെന്താണൊരു വഴി? അതു് ചിന്തിക്കേണ്ടതു് കത്തോലിസ്സുസാമാന്യജനതയാണു്. ആ ചിന്തയ്ക്കു് രൂപം കൊടുക്കേണ്ടതു് കത്തോലിസ്സുകോൺഗ്രസ്സും. പുരോഹിതന്മാരുടെ നിയന്ത്രണത്തിലല്ലാത്തതും യഥാർത്ഥകത്തോലിസ്സു, പ്രസിദ്ധീകരണമെന്നു് വിളിയ്ക്കുവാനുതും, എഴുത്തുകാരൻ കോൺഗ്രസ്സുകാരനാണോ സോഷിലിസ്റ്റുകാരനാണോ എന്നു് അന്വേഷിച്ചു നോക്കാത്തതുമായ ഒരു പ്രസിദ്ധീകരണമേ ഇന്നും കേരളത്തിലുള്ളൂ- കത്തോലിസ്സുകോൺഗ്രസ്സ് ബുള്ളറ്റിൻ മാത്രം! ഈ പ്രസിദ്ധീകരണത്തിന്റെ വളർച്ചയിൽ കത്തോലിസ്സു സാമാന്യ ജനതയ്ക്കു താല്പര്യമുണ്ടു്. അവർ അതിനെ സമുന്നതമായ ഒരു സ്ഥാനത്തു് എത്തിയ്ക്കുകയും ചെയ്യും.

പുതനാന്വേഷണങ്ങൾ

പുതനാന്വേഷണങ്ങളെക്കുറിച്ചു തന്നെയാണു് ഇവരെ പറഞ്ഞുവന്നതു്. ഈയിടെ കണ്ടുവരുന്ന ഒരു പുതിയ അഭ്യാസത്തിന്റെ കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ. നസ്രാണിസാഹിത്യം പണ്ടു മുതലേ കൈകാര്യംചെയ്തു പോന്നതു് പുരോഹിതന്മാരായിരുന്നുവെങ്കിലും ഈ അടുത്തകാലഘട്ടങ്ങളിൽ മറ്റുള്ളവരും ആ തട്ടിലേയ്ക്കു ചാടിക്കയറി എന്നുപറഞ്ഞുവല്ലോ ഈ ചാടിക്കയറ്റം അപകടകരമാണെന്നു തോന്നിയതുകൊണ്ടോ, ആശങ്കയുണ്ടായിട്ടോ ഭാഷയിൽ അതു ദോഷംചെയ്യുമെന്നു ഭയന്നിട്ടോ എന്തോ യുദ്ധരംഗത്തു് പട്ടാളക്കാർ വന്നിറങ്ങുന്നതുപോലെയാണു് ഈയിടെ സാഹിത്യരംഗത്തു് പുരോഹിതന്മാർ വന്നിറങ്ങുന്നതു്. സംഖ്യയറ്റ പുരോഹിതന്മാർ ഇപ്പോഴേ സാഹിത്യരംഗത്തു് കാലെടുത്തു കഴിഞ്ഞിട്ടുണ്ടു്. ജീവകാരുണ്യപരവും പ്രേഷിതവുമായ രംഗങ്ങൾ വിരസമായിത്തീർന്നതുകൊണ്ടോ, പെട്ടെന്നു പ്രസിദ്ധികിട്ടാൻ സൗകര്യമുണ്ടു് എന്നു കണ്ടതുകൊണ്ടോ ആയിരിയ്ക്കും ഈ പുതിയ പുറപ്പാടു്. തങ്ങളും പുരോഹിതന്മാരാണു് എന്നു മറ്റുള്ളവരെ അറിയിക്കാതെയാണു് ഇവരുടെ അഭ്യാസപ്രകടനങ്ങളും. കഞ്ഞേലിയുടെ കഞ്ഞിക്കലത്തിന്റെ കഥയും, കൊച്ചുലോന്നന്റെ പുള്ളിക്കാളയുടെ കഥയുമൊക്കെ എഴുതുന്നതു കണ്ടാൽ ഇവരുടെ സർഗ്ഗശക്തിയെ നാം ഭയങ്കരമായിട്ടിനന്ദിച്ചുപോകും! ഇരുപത്തഞ്ചുകൊല്ലങ്ങളായി കമ്മ്യൂണിസ്റ്റുകാരും ഉപയോഗിയ്ക്കുന്ന ശൈലികളും പ്രമേയങ്ങളുമാണു് ചിലർ അതേപടി അനുകരിയ്ക്കുന്നതു്. ആർക്കും പുതിയ മാർഗ്ഗങ്ങളൊന്നും ചൂണ്ടിക്കാണിയ്ക്കാനില്ല. ചിലർ നല്ല പ്രേമകഥകളും തന്നെയാണു് എഴുതുന്നതു്. അന്വേഷിച്ചുനോക്കുമ്പോഴേ അറിയൂ കഥാകൃത്തു് ഏതോ ഒരു യുവപുരോഹിതനാണെന്നു്! പൗരോഹിത്യരംഗത്തെ പുതിയ തലമുറയെ അനുകരിച്ചു്, ഈയിടെയായി പഴയ ആളുകളും, തങ്ങളും എഴുതുന്നതിനോടുകൂടി പേരു ഘടിപ്പിയ്ക്കുമ്പോഴും 'ഫാദർ' എന്ന പദം വിട്ടുകളയുന്നു! എന്തിനാണു് ഇത്തരം വേലകളൊക്കെ? പുരോഹിതനാണെന്നറിഞ്ഞാൽ ആളുകൾ അവയെ പുച്ഛിയ്ക്കുമെന്നു കരുതിയാണോ? അവസ്സു് സാഹിത്യഗുണമില്ലെണ്ടു് മുൻവിധിയെഴുതുമെന്നു വിചാരിച്ചാണോ? അതവർക്കേ അറിയൂ. ഏതായാലും അവരോടു് മറ്റൊന്നാണു് ഈ ലേഖകനു പറയാനുള്ളതു്

നിങ്ങടെ ചക്കിയുടേയും ചങ്കരന്റേയും കഥ എഴുതിക്കൊള്ളു. അദ്ധ്വാനിയ്ക്കുന്ന കൃഷിക്കാരന്റേയും അദ്ധ്വാനിയ്ക്കുന്ന തൊഴിലാളിയുടേയും വേദനകളും ഒപ്പിയൊപ്പികാണിച്ചുകൊള്ളു. കഴിയുമെങ്കിൽ സാഹിത്യമേഖലതന്നെ പിടിച്ചടക്കിക്കൊള്ളു, വിരോധമില്ല. എന്നാൽ, അതിനു മുൻപായി ശ്രദ്ധിയ്ക്കേണ്ട ഒരു കാര്യമുണ്ടു്. നമ്മുടെ പ്രാർത്ഥനകളുടേയും നമസ്കാരങ്ങളുടേയുമൊക്കെ കാര്യം. നൂറാണ്ടുകൾക്കു മുൻപു് തനികാടൻ ഭാഷയിൽ എഴുതിവച്ച അവയൊക്കെ ഈ കാലഘട്ടത്തിനനുസരിച്ച വിധത്തിൽ പരിഷ്കരിയ്ക്കാൻ ഒരു ശ്രമം നടത്തുക. വി: കുർബാനപോലും മലയാളത്തിലാകാമെന്നു വന്നിരിയ്ക്കുന്നു.പിന്നെ നമ്മുടെ പ്രാർത്ഥനകളും, അവയുടെ ആശയങ്ങളും കൂടി മാറാതെ വരാതെ നല്ല ഭാഷയിലേക്കു് ഒന്നു പകർത്തുന്നതിൽ എന്താണൊരു കുഴപ്പം? ജീർണ്ണിച്ച കുടിലിൽ നിന്നു് ഒരു പുതിയ ഗൃഹത്തിലേയ്ക്കുമാറുന്ന സുഖവും കിട്ടും. നമ്മുടെ പ്രാർത്ഥനകൾക്കു് ഉപയോഗിയ്ക്കുന്ന ഭാഷയ്ക്കുള്ള പോരായ്മകളെക്കുറിച്ചു് ഇവിടെ വിവരിക്കേണ്ടകാര്യമില്ല. ഇന്നലത്തെ മലയാളഭാഷയുടെ നിലവാരവുമായി അതിനെ തട്ടിച്ചുനോക്കുന്നവർക്കു് അതു മനസ്സിലാക്കാവുന്നതേയുള്ളു.

പുതിയ പത്രം
പുതിയ കളിക്കാരും

സാഹിത്യരംഗത്തു് കത്തോലിക്കനു് സ്ഥാനമില്ലാതെ പോയതിനേക്കുറിച്ചു് നീട്ടിവലിച്ചു പറയുന്നതിനിടയിൽ, ഇന്നു കാണുന്ന ഒരു ആശാനാളത്തിന്റെ കാര്യം ഈ ലേഖകൻ വിസ്മരിയ്ക്കുന്നു എന്നു വിചാരിയ്ക്കുന്നതു്. ഒരു പുതിയ തലമുറ ചങ്കൂറ്റത്തോടെതന്നെ സാഹിത്യമണ്ഡപത്തിലേക്കു് കാലെടുത്തുവച്ചിരിയ്ക്കുയാണു്. അവക്കു തികഞ്ഞ ആത്മവിശ്വാസമുണ്ടു്. പുതിയ പുതിയ പ്രമേയങ്ങളാണു്. അവക്കറിയിപ്പിക്കാനുള്ളതു്. ഈ നവ സംരംഭം തടയപ്പെടാതിരുന്നെങ്കിൽ എന്നാശിച്ചു പോകുന്നു. പലരുടേയും പരാജയങ്ങളേയും വീഴ്ചകളേയും കണ്ടു പഠിച്ചുകൊണ്ടു് തന്നെ മുന്നോട്ടു കുതിയ്ക്കുന്ന ഇവരുടെ കാലുകൾ ഇടറാതിരിയ്ക്കുണമെങ്കിൽ, കത്തോലിസ്സുസമുദായത്തിന്റെ അനുഗ്രാഹാശിസ്സുകൾ ലഭിച്ചേ മതിയാവൂ. മുൻപിൻ നോക്കാതെ, സാഹിത്യരംഗത്തേയ്ക്കു ഓടിക്കുതിച്ചെത്തുന്ന പുരോഹിതന്മാരെ, നിങ്ങൾ ഒരു നിമിഷം നിൽക്കുക നമ്മുടെ പ്രാർത്ഥനകളും നമസ്കാരങ്ങളും മൊക്കെ പരിഷ്കരിയ്ക്കുന്ന കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നു് അല്പം ആലോചിയ്ക്കുക. സാഹിത്യവേദി കൈയ്യടക്കുന്ന കാര്യം അതു കഴിഞ്ഞിട്ടായാലും ആകാമല്ലൊ....!

വരിക്കാരോടു്

വരിപ്പണം കണിശമായി അയച്ചാലേ മാസിക അഭിവൃദ്ധിപ്പെടുകയുള്ളുവെന്ന വസ്തുത മാന്യ വായനക്കാർ വിസ്മരിക്കയില്ലെന്നു കരുതുന്നു. വരിക്കാരെ ചേർത്തും അഭിപ്രായങ്ങളും അയച്ചും സഹകരിക്കണമെന്നു് അഭ്യർത്ഥിച്ചുകൊള്ളുന്നു.

എഡിറ്റർ.

ഗലീലിയോ ഗലീലി

ഇക്കഴിഞ്ഞ ഫെബ്രുവരി 14—നാണ ഗലിലിയോയുടെ 400—ാമതുജന്മവാർഷികം ആഘോഷിച്ചതു്. സ്വതന്ത്ര ചിന്തകനും ധീരനായ ശാസ്ത്രജ്ഞനുമെന്നനിലയിൽ മനുഷ്യ ചരിത്രത്തിൽ മഹത്തായ സ്ഥാനം നേടിയിട്ടുള്ള ഈ മഹാപുരുഷൻ പലർക്കുമൊരു വെല്ലുവിളിയാണു്,

ആറുമാസത്തോളം നീണ്ടുനിന്ന ദർഘമായ കേസു വിസ്താരത്തിന്റെ അന്ത്യത്തിൽ, രോഗാതുരനും തികച്ചും അവശനുമായിത്തീർന്ന കാരവാളി, അദ്ദേഹത്തിന്റെ മുമ്പിലിരുന്ന പ്രമാണത്തിൽ, വിറക്കുന്ന കൈകൊണ്ടു് ഒപ്പു വെച്ചു— ''ഞാൻ മുമ്പു ചെയ്തിട്ടുള്ള വിപഥപ്രസ്താവനകളും ഇതിനാൽ നിഷേധിക്കുകയും. അവഗണിക്കുകയും ചെയ്യുന്നു. അർത്ഥശൂന്യമായ ഉന്നതപദവാണ്ഢരകൊണ്ടും ശ്രുദ്ധമായ അജ്ഞതകൊണ്ടും സംവേചിച്ചതാണു് ആ തെറ്റു് എന്നും ഞാൻ സത്യം ചെയ്യപറയുന്നു, ഭൂമി സൂര്യനെ പ്രദിക്ഷണംചെയ്യുന്നില്ല എന്നു്'' -അതിലായിരുന്നു കയ്യൊപ്പിട്ടതു്.

എങ്ങും നിശബ്ദത.

ന്യായാസനങ്ങളിൽ ഉപവിഷ്ടരായിരുന്നവരെ, വൃദ്ധൻ തലയുയർത്തിനോക്കി. അദ്ദേഹത്തിന്റെ കണ്ണുകളിൽ അപ്പോഴും അവജ്ഞയും അശ്രുക്കളും നിറഞ്ഞുനിന്നിരുന്നു.

ആക്ഷേപം ഒന്നും മിണ്ടാൻ കരുത്തുണ്ടായില്ല.

വൃദ്ധനെ രണ്ടു മിത്രങ്ങൾ പിടിച്ചു് പതുക്കെ വെളിയിലേക്കു് നയിച്ചു. ദൃഢമായി പടംവച്ചു നടന്ന വൃദ്ധന്റെ കാലൊച്ച അവിടെ ഇടിമുഴക്കം പോലെ പ്രതിധ്വനിച്ചു. അന്തസ്സാരശൂന്യമായ ആ രംഗത്തിൽ നിന്നു് അദ്ദേഹം നടന്നുപോയതു്, ചരിത്രത്തിന്റെ അനശ്വരമായ മണിമഞ്ചത്തിലേക്കായിരുന്നു.

ആ വൃദ്ധനാണു് ഗലിലിയോ.

സംഭവം നടന്നതു് 1633 ജൂൺ ഇരുപത്തി രണ്ടാം തീയതിയാണു്. എങ്കിലും ഇന്നും ആ രംഗം ഇന്നലെ നടന്നതുപോലെ മനുഷ്യർ സ്മരിക്കുന്നുണ്ടു്. ഗലിലിയോയുടെ ജീവിതത്തിൽ ഈ കറവിസ്മാരവും ശിക്ഷയും രണ്ടാമത്തേതായിരുന്നു. ഇതേ കാര്യത്തിനായി 1616—ൽ ഇൻക്വിസിഷനെഅദ്ദേഹം നേരിട്ടിട്ടുണ്ടു്. വിപഥസഞ്ചാരത്തിനു് വിരാമമിടാമെന്നു് ഏൽക്കുകയും ചെയ്തതാണു്. പക്ഷെ, മനസ്സാക്ഷി, അലസനായിരിക്കുന്നതിനു് അദ്ദേഹത്തെ അനുവദിച്ചില്ല.

കോപ്പർനിക്കസ്

മഹാപ്രതാപിയായിരുന്ന ഒരു ശാസ്ത്രജ്ഞൻ മാത്രമായിരുന്നില്ല ഗലിലിയോഗലിലി. സ്വതന്ത്രചിന്തയെ സകലതിനുമുപരിയായി അംഗീകരിക്കുന്നതിനുവേണ്ടി ധീരമായ നിലപാടു സ്വകരിക്കുവാൻ മനുഷ്യനെ നിരന്തരം പ്രേരിപ്പിക്കുന്ന ഒരു ശക്തികേന്ദ്രം കൂടിയായിരുന്നു.

സഭാപിതാക്കന്മാരുടെ മുമ്പിൽ തുറന്നിട്ടിരിക്കുന്ന ഒരു മഹൽഗ്രന്ഥത്തിൽ—പ്രപഞ്ചത്തിൽ— വിജ്ഞാനം മുറ്റിനിൽക്കുമായിരിക്കുന്നെന്നു് ഗലിലിയോ വിശ്വസിച്ചു. രചനകൾ സ്വീകരിച്ചിരിക്കുന്ന ഭാഷ വശമാക്കേണ്ടതു് ആ ഗ്രന്ഥം ശരിക്കു മനസ്സിലാക്കുവാൻ പ്രാഥമികമായ ഒരാവശ്യമാണു്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ഈ ഗ്രന്ഥം വിരചിതമായിരിക്കുന്നതു് ഗണിതശാസ്ത്രത്തിന്റെ ഭാഷയിലാണു്. അതിന്റെ ചിഹ്നങ്ങളും തൂകോണങ്ങളും വൃത്തങ്ങളും മറ്റു് ക്ഷേത്രഗണിത സംജ്ഞകളുമാണതാനും. അവയുടെ സഹായമില്ലാതെ ഒരക്ഷരവും മനസ്സിലാക്കുവാൻ കഴിയുന്നതല്ല. അല്ലെങ്കിൽ അന്ധകാരാവൃതമായ അതിഗഹനപ്രദേശങ്ങളിൽ അലഞ്ഞുതിരിയാനെ അവസരമുണ്ടാകൂ എന്നു് അദ്ദേഹം അറിയിക്കുന്നു. പ്രപഞ്ചമവതരിപ്പിച്ചിട്ടുള്ള പ്രശ്നങ്ങളുടെ രഹസ്യങ്ങളും തുറന്നുകാണുവാനുള്ള താക്കോലാണു്, ഗലിലിയോയുടെ അഭിപ്രായത്തിൽ, ഗണിതശാസ്ത്രം.

അനവധി നൂറ്റാണ്ടുകളായി പോദ്യം ചെയ്യപ്പെടാതിരുന്ന അരിസ്റ്റോട്ടിലിന്റെ അഭിപ്രായങ്ങളെപ്പറ്റി ആദ്യമായി സംശയമുയർത്തിയതു് ഗലിലിയോതന്നെ. ഇതു് ആധുനിക ശാസ്ത്ര ചരിത്രത്തിൽ ഒരു നവോദയത്തെയാണു് കുറിക്കുന്നതു്. പ്രകൃതി, മനുഷ്യന്റെ ധിഷണാശക്തിയെ സൃഷ്ടിച്ചശേഷം, അതിനുംക്കൊള്ളാവുന്ന തരത്തിലല്ല, പ്രപഞ്ചത്തെ സൃഷ്ടിച്ചതെന്ന സംഗതി അദ്ദേഹം ഓർമ്മിപ്പിക്കുന്നു. അത്യന്തം സങ്കീർണ്ണമായ ഭാഷയിലാണു് പ്രപഞ്ചഗ്രന്ഥം വിരചിതമായിരിക്കുന്നതു്. അതിന്റെ ത്രുപരേഖയെങ്കിലും ഗ്രഹിക്കുന്നതിനു് അക്ഷരമാലയെന്തെന്നു് അല്പമെങ്കിലും അറിഞ്ഞേ പറ്റൂ. തെറ്റായ പഥത്തിൽ വളരെയധികം സഞ്ചരിച്ച ശേഷം മനുഷ്യൻ ആ അക്ഷരമാലയെക്കുറിച്ചുള്ള ആദ്യപാഠങ്ങളം അങ്ങിങ്ങായി കണ്ടെത്തിത്തുടങ്ങിയിട്ടുണ്ടെന്നും ഗലിലിയോ വിശ്വസിച്ചു. ഇവയെ ആശ്രയിച്ചുകൊണ്ടുണ്ടാകുന്ന വ്യാഖ്യാനങ്ങളും പാരമ്പര്യമായുള്ള വിശ്വാസങ്ങളിൽ നിന്നു് അകന്നു മാറുവാൻ മനുഷ്യനെ ആഹ്വാനം ചെയ്യും. കോപ്പർനിക്കസിന്റെ നിഗമനങ്ങളെ സംബന്ധിച്ചും മറ്റുമുണ്ടായിട്ടുള്ള വാദകോലാഹലങ്ങളും വേദനകളും എങ്ങിനെ സംവേചിച്ചിട്ടുള്ളതാണു്.

ഈ അത്ഭുതയുവാവു്, ഇംഗ്ലണ്ടിൽ ഷേയ്ക്സ്പിയർ ജനിച്ച അതേ കൊല്ലത്തിൽ— 1564—ൽ ഇറലിയിലെ പിസാ പട്ടണത്തിലാണു് ഭൂജാതനായതു്. അദ്ദേഹത്തിന്റെ പിതാവു് ഒരു കമ്പിളിവ്യാപാരിയായിരുന്നു. ബാലനായിരുന്ന ഗലിലിയോ അത്ഭുതകരമായ ബുദ്ധിവിലാസം വ്യക്തമാക്കുന്ന ധാരാളം പ്രവർത്തികളം ചെയ്തിട്ടുണ്ടു്. സംഗീതത്തിലും ചിത്രമെഴുത്തിലും നല്ല വാസനയുള്ളവനെന്നും അയാളം പേരെടുത്തു. കളിപ്പാട്ടങ്ങളും നേരമ്പോക്കുള്ള ലഘുയന്ത്രസാമഗ്രികളും തയ്യാറാക്കുകയായിരുന്നു അവന്റെ വിനോദം. പതിനാലാമത്തെ വയസ്സിൽ വല്ലംബ്രോസായിലെ ഒരു പാഠശാലയിൽചേർന്നു. അവിടെ വെച്ചു് അദ്ദേഹത്തിനു പുരോഹിതനായിത്തീർന്നാലെന്തെന്ന ചിന്തയുണ്ടായിരുന്നതായി ചിലർ രേഖപ്പെടുത്തിയിട്ടുണ്ടു്. മകൻ മിടുക്കനായ ഒരു വ്യാപാരിയായിത്തീരണമെന്നു് പിതാവു് മോഹിച്ചു. ഗലിലിയോക്കു് ഗണിതശാസ്ത്രത്തിൽ കടുത്ത കമ്പവും വളർന്നു. ഒടുവിൽ വൈദ്യശാസ്ത്രാഭ്യസനത്തിനായി പിസാ സർവ്വകലാശാലയിൽ ഗലിലിയോ ചേരുകയുണ്ടായി. വൈദ്യം പഠിക്കുമ്പോഴും ഗണിതശാസ്ത്രഗ്രന്ഥങ്ങളം അതീവ താല്പര്യത്തോടെ അയാളം പഠിച്ചുവന്നു പരീക്ഷണത്തിനുപകരിക്കുന്ന ഉപകരണങ്ങളും നിർമ്മിക്കുകയായിരുന്നു, യുവാവിന്റെ വിനോദം. എന്നാൽ അദ്ധ്യാപകർ ഈ കുറുക്കു് ഉപേക്ഷിക്കുവാൻ കൂടെക്കൂടെശാസിച്ചുവന്നു. എങ്കിലും അയാളം അതു് കൂട്ടാക്കിയില്ല. അദ്ധ്യാപകരുമായുണ്ടായ ഈ അഭിപ്രായ ഭിന്നതയുടെ അവസാനം ബിരുദമൊന്നുമില്ലാതെ, ഗലിലിയോ സർവ്വകലാശാല വിട്ടുവാനിടയാക്കിയ സംഭവത്തിലാണു് ചെന്നെത്തിയതു്.

വൈദ്യശാസ്ത്രത്തിനുണ്ടായ നഷ്ടം ഗണിതശാസ്ത്രത്തിന്റെ നേട്ടമായിട്ടാണു് പരിണമിച്ചതെന്നു് പിൽക്കാലസംഭവങ്ങളം തെളിയിക്കുന്നു. ഗണിതശാസ്ത്ര

ദേവസി മാസ്റ്റർ വിടവാങ്ങുന്നു

മലയാളത്തിലെ ബാലസാഹിത്യത്തെക്കുറിച്ച് ചിന്തിക്കുമ്പോഴൊക്കെ സഹൃദയരുടെ സ്മരണയിൽ തെളിഞ്ഞുവരുന്നവരിൽ ഒരാളാണ് വിദ്വാൻ എ. ററി. ദേവസ്സി.

തൃശ്ശൂർ ജില്ലയിലെ ഏങ്ങണ്ടിയൂർ അംശം എലുവത്തിങ്കൽ കുടുംബത്തിൽ 1903 ഒക്ടോബർ 28-ാംനു ദേവസ്സിമാസ്റ്റർ ജനിച്ചു. തന്നിരുപതിനാറു വയസ്സായിരിക്കുമ്പോഴാണ് പിതാവു് മരണമടഞ്ഞതു്. വളരെക്കാലം അധ്യാപനത്തിലും സാഹിത്യസപര്യയിലും ഭത്തശ്രദ്ധനായിരുന്ന ദേവസിമാസ്റ്റർ അർഹിക്കുന്ന തരത്തിൽ അറിയപ്പെടുകയോ ബഹുമാനിക്കപ്പെടുകയോ ചെയ്തിട്ടില്ല. ശാന്തനും വിനീതനുമായ ഈ വിജ്ഞാനധനന്റെ മാതൃകാതികച്ചും അനുകരണീയമെങ്കിലും അതു് ക്ഷിപ്രസാധ്യമല്ല.

പിടിത്തവുമൊക്കെ അദ്ദേഹം അവിടെയാണു് വെളിപ്പെട്ടത്തിയതു്.

പാഡുവായിൽ സ്വതന്ത്രചിന്തകുകുന്ന അന്തരീക്ഷമാണുണ്ടായിരുന്നതു് അതു് മറെറങ്ങും അദ്ദേഹത്തിനു് സിദ്ധിച്ചില്ല. കോപ്പർനിക്കസിന്റെ നിഗമനങ്ങളും മതവിരുദ്ധമായി 1616-ൽ പ്രഖ്യാപിതമായതിനാൽ അവർക്കുപോൽബലകങ്ങളായ കാര്യങ്ങളും പ്രചരിപ്പിച്ചുകൂടെന്നു ഗലിലിയോക്കു് താക്കീതു കിട്ടി. അതിനുശേഷം അദ്ദേഹം ഒച്ചപ്പാടൊന്നുമുണ്ടാക്കാതെയാണു് പരീക്ഷണങ്ങളും മറ്റും നടത്തിവന്നതു്. 1632-ൽ അദ്ദേഹം തന്റെ (The Two Greatest Systems of the World) എന്ന വിഖ്യാതഗ്രന്ഥം പ്രസിദ്ധീകരിച്ചു. ഇതിൽ കോപ്പർനിക്കസിന്റെ അഭിപ്രായങ്ങളെ പിന്താങ്ങുകയും ഉറപ്പിക്കുകയും ചെയ്യുന്ന സത്യങ്ങളാണു് ഉൾക്കൊള്ളിച്ചിരുന്നതു്. ഇതുകാരണം ഇൻക്വിസിഷനു 1633-ൽ രണ്ടാമതും വിധേയധ്യായിത്തീർന്നു. അങ്ങനെ തടവിൽ കഴിഞ്ഞുപോന്ന വൃദ്ധനായ ഗലിലിയോ ശാസ്ത്രഗവേഷണങ്ങളും തുടരുകതന്നെ ചെയ്തു. തടവിൽവെച്ചാണു് അദ്ദേഹം Dialogues and Mathematical Demonstrations Concerning Two New Sciences 74-ാമത്തെ വയസ്സിൽ 1638-ൽ പൂർത്തിയാക്കിയതു്. അതിന്റെ കയ്യെഴുത്തുപ്രതി ഹോളണ്ടിലേക്കു ഒളിച്ചുകടത്തി, അവിടെയാണു് അച്ചടിച്ചതു്. എന്നാൽ അച്ചടിച്ച പുസ്തകം കാണുവാൻ അദ്ദേഹത്തിനു ഭാഗ്യമുണ്ടായില്ല. തടവിലെ ജീവിതം അദ്ദേഹത്തെ അന്ധനാക്കി. ലോകത്തിനു ദിവ്യദൃഷ്ടി നൽകിയ ആ മഹാനു കണ്ണിനു കാഴ്ചയില്ലാതായി. പുസ്തകത്തിന്റെ ഒരു പ്രതി മാറോടമർത്തിപ്പിടിച്ചു അന്ത്യശ്വാസം വലിച്ചുകൊണ്ടു് കിടന്നിരുന്ന ഗലിലിയോയുടെ ഉണ്ണങ്ങിയ കണ്ണത്തിൽ നിന്നു, അവസാനം പുറത്തുവന്ന വാക്കുകളും ഇവയായിരുന്നു.

''എന്റെ പ്രവർത്തനങ്ങളിൽനിന്നുണ്ടായ ഏറ്റവും മഹത്തായ ഗ്രന്ഥം ഇതാണു്. അങ്ങേയറ്റത്തെ വേദനയിൽനിന്നുണ്ടാവിച്ച അമൂല്യമായ ഫലം.''

അതോട്ടുകുടെ ദേവസ്സിമാസ്റ്റർ തന്റെ സ്വപ്നപഠനത്തിനു പൂർണ്ണവിരാമമിടുകയും താങ്ങാനാവാത്ത കുടുംബഭാരം ഏറെറടുക്കുകയും ചെയ്തു. അക്കൊല്ലംതന്നെ ഏങ്ങണ്ടിയൂർ എൽ പി. സ്കൂളിൽ (സെൻറ് തോമസ്) അദ്ധ്യാപകനായി ഉദ്യോഗത്തിൽ പ്രവേശിച്ചു. വിദ്യാഭ്യാസ തല്പരനായ ദേവസ്സിമാസ്റ്റർ നിശാപാഠശാലയിൽ ചേർന്നു് തന്റെ വിദ്യാഭ്യാസ പരിധി വിസ്തൃതമാക്കുവാൻ പരിശ്രമിച്ചു. അങ്ങനെ പകൽ മുഴുവൻ അനുകരണീയനായ അദ്ധ്യാപകനായും രാത്രി മുഴുവൻ വിനയസമ്പന്നനായ വിദ്യാർത്ഥിയായും മൂന്നു കൊല്ലം കഴിച്ചുകൂട്ടി. ഇതുകൊണ്ടും ദേവസ്സിമാസ്റ്റർ തൃപ്തനായില്ല. തന്നിൽ കെട്ടു പിണഞ്ഞുകിടക്കുന്ന സാഹിത്യവാസനയ്ക്കു വളം വെയ്ക്കുവാനുതകുന്ന വിധത്തിലുള്ള വിദ്യാഭ്യാസത്തിൽ എപ്പോഴും അദ്ദേഹം ഭത്തശ്രദ്ധനായിരുന്നു. 1956-ൽ മാസ്റ്റർ തന്റെ 53-ാമത്തെ വയസ്സിലാണു് മദ്രാസ് സർവ്വകലാശാലയിലെ 'വിദ്വാൻ' പരീക്ഷ പാസ്സാകുന്നതു്. പുരുഷായുസ്സിന്റെ മദ്ധ്യകാലത്തും യുവാക്കളെപ്പോലെ മനക്കെട്ടിലുണ്ടായിരുന്ന പഠിച്ചു പരീക്ഷ പാസ്സാവുകയെന്നതു് അദ്ദേഹത്തിന്റെ അസ്ഥിരപരിശ്രമത്തേയും വിജ്ഞാനാഭിവാഞ്ഛയുമാണു് സൂചിപ്പിക്കുന്നതു്.

ദേവസ്സിമാസ്റ്റർക്കു എന്നെന്നും അഭിമാനിക്കാവുന്ന പല സംഭവങ്ങളും അദ്ദേഹത്തിന്റെ ഉദ്യോഗകാലത്തുണ്ടായിട്ടുണ്ടു്. അവയിൽ പ്രധാനം അദ്ധ്യാപകരുടെ പ്രശസ്തസേവനത്തിനു കേരളഗവർമെൻറിൽനിന്നു നൽകപ്പെടുന്ന അവാർഡു കഴിഞ്ഞവർഷം അദ്ദേഹത്തിനു

ജോസ് ചിറമ്മേൽപ്പുള്ളി

ത്തിൽ ഗലിലിയോ സമ്പാദിച്ച സൽപേരും അംഗീകാരവും എത്രമാത്രമായിരുന്നെന്നു ഗലിലിയോയെ സമകാലികന്മാർ അന്നത്തെ ആർക്കിമിഡിസ് എന്നു് വിശേഷിപ്പിച്ചിരുന്നതിൽനിന്നു് ഊഹിക്കാം. പിസാ സർവ്വകലാശാലയിലെ ഗണിതശാസ്ത്രപീഠത്തിൽ ഒഴിവുണ്ടായതു് നികത്തുന്നതിനു് നിയമിതനാകുവാൻ ആളെ കിട്ടാതെ വന്നപ്പോഴാണു് പ്രതിവർഷം 65 ഡോളർ വേതനത്തോടുകൂടി ഗലിലിയോയെ 1589-ൽ പ്രൊഫസറായി അവിടെ സ്വീകരിച്ചു. ഇരുപത്തഞ്ചു വയസ്സു് പ്രായമുണ്ടായിരുന്ന ഗലിലിയോ ഇവിടെവെച്ചു് ചലനസിദ്ധാന്തങ്ങളെ സംബന്ധിച്ചുള്ള ഗവേഷണങ്ങളിൽ വ്യാപൃതനായി. അദ്ദേഹം കണ്ടെത്തിയ സത്യങ്ങളും അരിസ്റ്റോട്ടിലിനെ നിരാകരിക്കുവാനാണു് ആഹ്വാനം ചെയ്തതു്. എന്നാൽ, ഇതിനു അന്നുള്ളവരാരും തയ്യാറായില്ല. ഇപ്രകാരമുള്ള ഒരു തത്വം തെളിയിക്കുന്നതിനു് പിസായിലെ ചാഞ്ഞ ഗോപുരത്തിൽനിന്നു് ഗലിലിയോ ഭിന്നഭാരങ്ങളുള്ള രണ്ടു ഉരുക്കുഗോളങ്ങളും താഴേക്കിട്ടുകാണിച്ചതായി ഒരു കഥയുണ്ടു്. എങ്കിലും അദ്ദേഹത്തിനെതിരായുള്ള വിദ്വേഷപ്രകടനങ്ങളും ശമിച്ചില്ല. സർവ്വകലാശാലാധികാരികളും അദ്ദേഹത്തെ പിരിച്ചയയ്ക്കുന്നതിനു കാരണം കാത്തു് കഴിഞ്ഞുകൂടി. ഗിയോവന്നി രാജകുമാരന്റെ അപ്രീതിക്കു് ഗലിലിയോ പാത്രമാകുവാൻ ഇടയായതു്, ഒരു നല്ല സന്ദർഭമായി സ്വീകരിച്ചു് അദ്ദേഹത്തെ സർവ്വകലാശാലയിൽനിന്നു് അവർ പിരിച്ചുവിട്ടു. എങ്കിലും ഗലിലിയോക്കുണ്ടായിരുന്ന പ്രശസ്തി കാരണം കരേള്ളടിമെച്ചപ്പെട്ട ഒരു പ്രൊഫസറായി പാഡുവാ സർവ്വകലാശാലക്കാർ അദ്ദേഹത്തെ സ്വീകരിച്ചു. ഇവിടെ പതിനെട്ടുകൊല്ലം അദ്ദേഹം സേവനമനുഷ്ഠിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ കീഴിൽ അഭ്യസിക്കുന്നതിനായി യൂറോപ്പിന്റെ നാനാഭാഗങ്ങളിൽനിന്നു് വിദ്യാർത്ഥികളും ഇക്കാലത്തു്- ഇവിടേക്കു് വന്നുകൊണ്ടിരുന്നു. പാഡുവായിലെ താമസക്കാലത്താണു് ഗലിലിയോക്കു് ജ്യോതിശാസ്ത്രത്തിൽ താല്പര്യമുണ്ടായതു്. 1609-ൽ അദ്ദേഹം ആദ്യത്തെ ദൂരദർശിനി നിർമ്മിച്ചു.

പാഡുവായിൽ താമസിക്കുമ്പോൾ സാമാന്യം ഭേദപ്പെട്ട വരുമാനമുണ്ടായിരുന്നെങ്കിലും സാമ്പത്തികപരാധീനതകൾ അദ്ദേഹത്തെ വിട്ടുപിരിഞ്ഞിട്ടില്ല, ധനസഹായത്തിനായി സമീപിച്ച ബന്ധുക്കളേയും മറെറള്ളവരേയും അദ്ദേഹം വെറുംകയ്യോടെ മടക്കുന്ന പതിവില്ലായിരുന്നു. വെനീസിൽ അഭയം തേടിയിരുന്ന പണ്ഡിതന്മാരെ ഒന്നിച്ചുകൂട്ടുന്നതിനായി ഒരു സങ്കേതംതന്നെ അദ്ദേഹം തുപീകരിച്ചു ഇവിടെ ചേർന്നിരുന്ന സഭയിലാണു് സ്വന്തം കണ്ടുപിടിത്തങ്ങളെക്കുറിച്ചു അഭ്യമായി പ്രഭാഷണം നടത്തിയിരുന്നതു്. കാന്തശക്തി സംബന്ധിച്ച പരീക്ഷണങ്ങളും ഉഷ്ണമാപിനിയുടെ

കേരളത്തിലെ വിൻസെൻറുമാർ

1927

ജൂലൈ 18—വി. വിൻസെൻറ് ഡി പോളിന്റെ തിരുനാളിന്റെ തലേദിനമാണ് കേരള വിൻസെൻഷ്യൻ സഭ ഔദ്യോഗീകമായി സ്ഥാപിതമായതു്, എറണാകുളം അതിരൂപതയിൽ വൈസ്സ്ത്തു് 'തോട്ടക'മെന്ന ചെറുഗ്രാമത്തിൽ മൂന്നു യുവൈദികന്മാർ അന്നു് ഒന്നിച്ചുകൂടി, വിൻസെൻറ് ഡി പോൾ നിർദ്ദിച്ച ഒരു നിയമാവലി മാർഗ്ഗദർശകമായി സ്വീകരിച്ചു് അവർ ഒരു കൂട്ടുജീവിതമാരംഭിച്ചു. അന്നത്തെ എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. കണ്ടത്തിൽ മാർ അഗുസ്തീനോസ് തിരുമേനിയുടെ അംഗീകാരവും ആശീർവ്വാദവും ഈ നൂതനസംരംഭത്തിനു് ഉണർവ്വും ഉന്മേഷവും പ്രദാനംചെയ്തു.

ഇരുപതാംനൂറാണ്ടിൽ മാത്രമാണു് കേരളത്തിൽ വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ ഉടലെടുത്തതെങ്കിലും അതിന്റെ മാതൃകയായ കോൺഗ്രിഗേഷൻ ഓഫ് മിഷനും് മൂന്നു നൂറാണ്ടത്തെ പഴക്കവും പാരമ്പര്യവുമുണ്ടു്.

കോൺഗ്രിഗേഷൻ ഓഫ് മിഷന്റെ പ്രത്യേകലക്ഷ്യം ഗ്രാമീണരായ സാധുക്കളെ സുവിശേഷം അറിയിക്കുകയാണു്. മലബാർസഭയും ഇതേ ലക്ഷ്യം സ്വീകരിച്ചിരിക്കുന്നു. എന്നാൽ, ഭാരതമാനസാന്തരമെന്ന ലക്ഷ്യം മറന്നിട്ടില്ല. കേരളത്തിനു പുറത്തുപോയി മിഷൻപ്രവർത്തനം നടത്തുന്നതിനു് വേണ്ടത്ര കഴിവു് ഇന്നു സഭയ്ക്കില്ലെങ്കിലും, പരിമിതമായ കഴിവുകളുടെ പരമാവധി പ്രയോഗിക്കുന്നുണ്ടു്. അതിനുവേണ്ടിയാണല്ലൊ കഴിഞ്ഞ വർഷം സേലത്തു പോയി ഒരാശ്രമം സ്ഥാപിച്ചു് വൈദികർ അവിടെ ജോലി ചെയ്തുകൊണ്ടിരിക്കുന്നതു്. കേരളത്തിലെ വിവിധ ക്രിസ്ത്യൻവിഭാഗങ്ങളുടെ ഐക്യത്തിനും വിൻസെൻഷ്യൻ സഭ ആത്മാർത്ഥമായിപരിശ്രമിക്കുന്നുണ്ടു്,

കോൺഗ്രിഗേഷൻ ഓഫ് മിഷന്റെ വേറൊരു ലക്ഷ്യം, വൈദികന്മാരുടെ ആദ്ധ്യാത്മികോന്നമനത്തിനായി

> പുരുങ്ങിയ കാലയളവിൽ കേരളത്തെ ആദ്ധ്യാത്മികപ്രബുദ്ധമാക്കിയഒരു പടയണിവ്യൂഹമാണു് മലബാർ വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ. അങ്കമാലി കേന്ദ്രമാക്കിക്കൊണ്ടുള്ള അവരുടെ പ്രവർത്തനം മലനാട്ടിൽനിന്നും ഭാരതത്തിലങ്ങോളമിങ്ങോളം വ്യാപിച്ചുകഴിഞ്ഞു.

ജെയിംസ് ഡി. ലെയിൻ

ലഭിച്ചു എന്നുള്ളതാണു്. തൃശ്ശൂർ ജില്ലയിലെ 14000-ൽ പരം പ്രൈമറി അദ്ധ്യാപകന്മാരിൽനിന്നാണു് ''മാതൃകാദ്ധ്യാപകനായി'' ദേവസ്സിമാസ്റ്റർ തെരഞ്ഞെടുക്കപ്പെട്ടതു്. തിരുവനന്തപുരത്തെ കനകക്കുന്നുകൊട്ടാരത്തിൽവച്ചു നടന്ന ആ ബഹുമതിദാനച്ചടങ്ങു് അദ്ദേഹത്തിന്റെ സ്മരണകളിൽ എന്നെന്നും നിലനിൽക്കുന്നതായിരിക്കും.

ഒരുസാഹിത്യോപാസകനായിട്ടല്ലാതെ, അദ്ധ്യാപകനായിട്ടു് ദേവസിമാസ്റ്ററെ കേരളീയരിൽ അധികംപേരും അറിഞ്ഞിരുന്നില്ല. എന്നാൽ അവാർഡ് നേടിയതോടെ അദ്ദേഹം ബഹുമുഖമായി ആദരിക്കപ്പെട്ടു. പ്രശംസകളും അനുമോദനങ്ങളും പ്രവഹിച്ചു.

സാഹിത്യസേവനം

എട്ടുപത്തു വയസ്സുള്ളപ്പോൾതന്നെ കവിതക്കമ്പം ദേവസ്സിമാസ്റ്ററെ പിടികൂടിയിരുന്നു. സഹപാഠികളുടെ ദുഷ്യവശങ്ങളെ പുരസ്കരിച്ചു പരിഹാസശ്ലോകത്തിലുള്ള കൊച്ചുകൊച്ചു കവിതകളാണു് അക്കാലങ്ങളിൽ അദ്ദേഹം എഴുതിയിരുന്നതു്. അവയെല്ലാം സമാഹരിച്ചു് ''ശാശാദ്യകൃതി'' എന്നു പേരിട്ടുവച്ചുവെങ്കിലും ഇതേവരെ അതു അച്ചടിപ്പിച്ചിട്ടില്ല.

ആദ്യമായി എഴുതിയതു് ''കമ്മലകുസുമ''ത്തിലാണു്. കുസുമമഞ്ജരി വൃത്തത്തിൽ രചിച്ച ആ ശ്ലോകം 1922ൽ 19-ാമത്തെ വയസ്സിലാണു് പ്രസിദ്ധീകരിച്ചതു്. അതോടുകൂടെ കവിതാരചനയിൽ പ്രത്യേകം തുടർന്ന പല കവിതകളും രചിക്കുകയും ചെയ്തു. അക്കാലത്തു് എങ്ങണ്ടിയൂരിൽ ഗവർമെന്റാഫീസ് ഉണ്ടായിരുന്നില്ല. ആറു നാഴിക തെക്കുള്ള 'തളിക്കുള'ത്തായിരുന്നു ഏറ്റവും അടുത്ത പോസ്റ്റാഫീസ്. ആഴ്ചയിൽ ഒരിക്കൽ അവിടെ ചെന്നാണു് പത്രമാസികകളിലേക്കുള്ള തന്റെ കവിതകളും മാസ്റ്റർ പോസ്റ്റു ചെയ്തിരുന്നതു്. അവയെല്ലാം പത്രങ്ങളിൽ നല്ല കനത്ത അച്ചടിമഷിയിൽ പതിഞ്ഞുകിടക്കുന്നതു കാണുമ്പോഴും മാസ്റ്ററോടൊപ്പംതന്നെ അന്നാട്ടുകാരും സന്തോഷിക്കാറുണ്ടായിരുന്നു.

ഏറിയുടെ കൃതികളും പ്രസിദ്ധീകരിക്കാത്ത പത്രമാസികകളും വളരെ ചുരുക്കമാണു്. മലയാള മനോരമ, ദീപിക, സത്യദീപം, അസ്സീസി, കമ്മലകുസുമം, ചെറുപുഷ്പം, പ്രേഷിതൻ, കേരളവാണി, തത്വബോധനി, ഐക്യസഭോദ്ധരിക, ഗ്രന്ഥകാലം, നവജീവിക, അദ്ധ്യാപകൻ, ഗജകേസരി, മിതവാദി, കേരളസഞ്ചാരി, മണിപ്പറം ടൈംസ്, കഥാചന്ദ്രിക എന്നിവയിലെല്ലാം അദ്ദേഹം എഴുതിയിട്ടുണ്ടു്.

1923മുതൽ വളരെക്കാലം ''ദീപിക''യുടെ മലനാർ പ്രതിനിധിയായും കറസ്പോണ്ടറായും മാസ്റ്റർ സേവനമനുഷ്ഠിച്ചിട്ടുണ്ടു്.

പ്രഥമഗ്രന്ഥം 1924-ൽ പ്രസിദ്ധീകരിച്ച ''കിണ്ടർഗാർട്ടൻ'' കഥകളും പാട്ടുകളും (മൂന്നുഭാഗം) ആണു്. ഈ കൃതിയെ മാഗ്ദലീനിൽനിന്നു പുറപ്പെട്ടന്ന ''കത്തോലിക്ക് എഡ്യുക്കേഷനൽ റിവ്യൂ'' എന്ന ഇംഗ്ലീഷുമാസികയും കേരളത്തിലെ പ്രമുഖപത്രങ്ങളും മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ടു്. ഈ കൃതിയും ''ബാലപ്രഹസനമാല'' എന്നൊരു കൃതിയും മദ്രാസിലേയും കൊച്ചിയിലേയും പാഠപുസ്തക കമ്മറ്റി അംഗീകരിച്ചിട്ടുള്ളവയാണു്. ഏ. റിയുടെ മറ്റൊരു കൃതിയായ 'ബാലഗീതങ്ങൾ' കേരളഗ്രന്ഥശാലാ സംഘവും അംഗീകരിച്ചിട്ടുണ്ടു്.

ക്രിസ്തീയ കീർത്തനമഞ്ജരി, ഗാനാമൃതം, പോലീസുകാരി, നവീനബാലകഥകൾ, മഞ്ചാടിമണികൾ തുടങ്ങി പതിനഞ്ചോളം പുസ്തകങ്ങളുടെ കർത്താവാണു് ദേവസ്സിമാസ്റ്റർ.

ശ്രീ ദേവസ്സിമാസ്റ്റർക്കു മൂന്നു പുത്രിമാരുണ്ടു്. ശ്രീമതി ട്രീസാ ഗബ്രിയേൽ ബി എ.ഓണേഴ്സ്തൃശ്ശൂർ ഹെഡ് പോസ്റ്റാഫീസിൽ അക്കൗണ്ടൻറും, മറ്റേതു പുത്രി ശ്രീമതി ആനി കര്യാക്കോസ് ഒരു ഗവ. സ്കൂൾ ടീച്ചറും തൃതീയ പുത്രി കുമാരി റീത്താ സെബാസ്റ്റ്യൻ ബി, എസ് സി. മദ്രിയൂർ ഹൈസ്കൂൾ ടീച്ചറുമാണു്.

വിദ്യാർത്ഥിവൃന്ദത്തിനുവേണ്ടിയുംജീവിതം സമർപ്പിച്ച വിദ്വാൻ ശ്രീ. ഏ. റി. ദേവസ്സിമാസ്റ്റർ ആയുരാരോഗ്യസമ്പൽസമൃദ്ധനായി വളരെക്കാലം ജീവിച്ചിരിക്കട്ടെ എന്നും നല്ല നല്ല കൃതികളും വഴി മനുഷ്യസമുദായത്തെ ഇനിയും സേവിക്കുവാനുള്ള ശേഷിയും ശേമുഷിയും ഈശ്വരൻ അദ്ദേഹത്തിനു പ്രദാനംചെയ്യട്ടെ എന്നും നമുക്കു പ്രാർത്ഥിക്കാം.



വനിതാ പംക്തി

സ്ത്രീകളെ കറവപ്പശുക്കളെന്നു വിളിച്ചാൽ!

മിസ്സസ് അന്നാമ്മ മാമ്മൻ

ബ്രുവരിലക്കം ബുള്ള റിനിലെ വനിതാപംക്തിയിൽ ചേത്തിരിക്കുന്ന ''കറവറവപ്പശുക്കൾ കശാപ്പുശാലയിലേക്ക്'' എന്ന ലേഖനം സ്ത്രീകൾക്കു പൊതുവേയും, കത്തോലിക്കാവനിതകൾക്കു പ്രത്യേകിച്ചും ആക്ഷേപകരമാണ്, ലേഖകൻ വിഭാവനം ചെയ്യുന്ന മധുരമനോഹരസ്വപ്നങ്ങൾ മാനം മര്യാദയായി വളർത്തപ്പെട്ടുന്ന ക്രൈസ്തവബാലികമാരെ സാധാരണ അലട്ടാറില്ല. അവരുടെ ദൃഷ്ടിയിൽ വിവാഹം നിർബന്ധിതമല്ലാത്ത ഒരു കുടാശമാത്രമാണ്. ലേഖകന്റെ അനുമാനങ്ങൾക്കും, അഭ്യൂഹങ്ങൾക്കും ക്രൈസ്തവവനിതകൾ ഉത്തരവാദികളാകയില്ല.

ഇത്തരം ചാണക്യസൂത്രങ്ങൾ അപൂർവ്വം ചിലരിലെങ്കിലും അസ്വാസ്ഥതയും ചിന്താക്കുഴപ്പവും ഉണ്ടാക്കിയേക്കാം. അതിനാൽ കേവലം ധാ

കഴിഞ്ഞലക്കത്തിൽ ''കറവറവപ്പശുക്കൾ കശാപ്പുശാലയിലേക്ക്'' എന്ന ശീർഷകത്തിൽ വെളിയത്തിൽ എഴുതിയിരുന്ന ലേഖനത്തിനു ഇതിൽ മറുപടിപറയുന്നു.

മുഹിതമായി നിർവ്വഹിക്കുവാൻ, വി. വിൻസെന്റിനെ അനുകരിച്ച് മലബാർ വിൻസെൻഷ്യൻസഭ അതീവ ജാഗ്രുകയാണ്. ബാല്യകാലാരിഷ്ടതകൾ ഇനിയും മാറിയിട്ടില്ലാത്ത സഭയ്ക്ക് ഇക്കാര്യത്തിൽ വളരെയൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസമേഖലയിലെ ആദ്യ കാൽവെപ്പായി പറയാവുന്നതു് ഈയിടെ എറണാകുളത്തു തുടങ്ങിയ 'വിൻസെൻഷ്യൻ പബ്ലിക്കേഷൻബ്യൂറോ' യും പ്രസ്സുമാണ്. ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി തോട്ടകത്തും കളത്തുരും ഓരോ അനാഥമന്ദിരം പണുത്തുവരുന്നു.

1927–ൽ കേരളത്തിൽ മുളയെടുത്ത വിൻസെൻഷ്യൻസഭ ഒരു കുട്ടകുമണി കണക്കേ വളരെക്കാലം കിടന്നു; ഇന്നതു തഴച്ചുവളരുകയാണ്. എറണാകുളം അതിരൂപതയിയനിന്നു മറ്റു രൂപതകളിലേയ്ക്കും അതു വ്യാപിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിനു പുറത്തു അടൈക്കളപുരത്തെ ആശ്രമം സഭയുടെ ഒരു പ്രത്യേക ഘടകത്തിനു മുഖവുരയായി പരിഗണിക്കപ്പെടാം. മൂന്നു പേരെക്കൊണ്ടു തുടങ്ങിയ സഭയിലേയ്ക്കു കാട്ടുറാത്തു് ബ. വക്കിയച്ചൻകൂടി വന്നപ്പോഴേ അംഗസംഖ്യ നാലായി. തുടർന്നു് എറണാകുളം അതിരൂപതാസെക്രട്ടറിയും വികാരി ജനറാളും സഭയെ ആശ്ലേഷിച്ചു. കൂടാതെ, രണ്ടു് ഇടവകവൈദികന്മാരും സഭയിൽ ചേരുകയുണ്ടായി. എന്നാൽ ഇതൊന്നും സഭയുടെ നിലനില്പിനും വളർച്ചയും മതിയാകുമായിരുന്നില്ല സഭയിലേയ്ക്കു യുവാക്കന്മാരെ സ്വീകരിച്ചു പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു, അതിനായി 1948–ൽ അങ്കമാലിയിൽ ഒരു പെറ്റിസെമിനാരി തുറന്നു് പ്രവർത്തനമാരംഭിച്ചു.

മലബാർ വിൻസെൻഷ്യൻസഭയ്ക്കു സ്വന്തമായി ഒരു മേജർ സെമിനാരിയില്ല. ഈ കുറവു പരിഹരിക്കാൻ 1960–ൽ ആലുവായിൽ ഒരു 'സ്റ്റഡിഹൗസ്' തുറന്നു. 'വിൻസെൻഷ്യൻ വിദ്യാഭവൻ' എന്ന പേരിലാണതറിയപ്പെടുന്നതു്. ആലുവായിലെ അപ്പസ്തോലിക് മേജർ സെമിനാരിയുടെതത്വശാസ്ത്രവിഭാഗമായ കാമ്മെൽഗിരിക്കും ദൈവശാസ്ത്രവിഭാഗമായ മംഗലപ്പുഴയ്ക്കും മദ്ധ്യേയാണിതു നിലകൊള്ളുന്നതു്. ഇതു വളർന്നുവളർന്നു് അനതിവിദൂരഭാവിയിൽ ഒരു വിൻസെൻഷ്യൻ മേജർസെമിനാരിയായിത്തീരുമെന്നു നമുക്കു പ്രത്യാശിക്കാം.

മലബാർ വിൻസെൻഷ്യൻസഭക്കിന്നു എറണാകുളം, തലശ്ശേരി, കോതമംഗലം, പറപ്പാ, സേലം എന്നീ രൂപതകളിലായി എട്ടു് ആശ്രമങ്ങളുണ്ടു്. അങ്കമാലിയാണു് സഭയുടെപ്രവർത്തനകേന്ദ്രം. സഭയിൽ മുപ്പതു വൈദികന്മാരും പത്തു ബ്രദേഴ്സും അൻപത്തേഴു മേജർ സെമിനാരി വിദ്യാർത്ഥികളുമുണ്ടു്. ഇതാണിന്നത്തെ കൈമുതൽ.

മ്മികബുദ്ധ്യാ ലേഖനകർത്താവിന്റെ വീക്ഷണഗതിശരിയോ എന്നുനോക്കാം, ഈ വിഷയം സംബന്ധിച്ചു് എനിക്കു വ്യക്തിപരമായ താല്പര്യം ഉണ്ടാകേണ്ടതില്ലെങ്കിലും, തിരുവിതാംകൂറിന്റെനാനാഭാഗങ്ങളിൽ സുദീർഘകാലം താമസിച്ചു അനേകരുടെ സാഹചര്യങ്ങൾ കണ്ടറിഞ്ഞു ബോദ്ധ്യമായതിനാൽ പാവപ്പെട്ട പിതാക്കന്മാരെ വെറുതേ കല്ലെറിയരുതേ എന്നു അഭ്യർത്ഥിക്കുകയാണു്.

സാഹചര്യങ്ങളുടെപ്രാതികൂല്യംകൊണ്ടു വിവാഹാന്തസ്സിൽ പ്രവേശിക്കാൻ സാധിക്കാത്ത യുവതികൾ കേരളത്തിലെ എല്ലാ സമുദായങ്ങളിലും ഉണ്ടു്. അ

വരിൽ അപൂർവ്വം ചിലർ ദുഃഖിതരുമായിരിക്കാം. എന്നാൽ വിവാഹം ലഭിക്കാത്തതിനു ക്രൈസ്തവവനിതകളെ ആത്മഹത്യനടത്തിക്കളയുമെന്ന നിഗമനം തികച്ചും അവഹേളനാർഹമാണ്. വിശിഷ്യ കത്തോലിക്കാ ജനതയ്ക്ക്.

നൈസർഗ്ഗികസൗന്ദര്യവും, തികഞ്ഞ ആരോഗ്യവും ഉയർന്ന ബന്ധുബലവും സാമ്പത്തിക സുസ്ഥിതിയും, ഉയർന്നവിദ്യാഭ്യാസവുമുള്ള കത്തോലിക്കാ യുവതികളെ വൻപിച്ച പത്രമേനികൊടുത്തു കന്യകാലയങ്ങളിൽ പ്രവേശിക്കുന്നതുലേഖകനു അപരിചിതമായിരിക്കുമോ. ഭാരതത്തിന്റെ നാനാഭാഗങ്ങളിൽ മാത്രമല്ല, വിദൂരവിദേശങ്ങളിൽപോലും മിഷൻ പ്രവർത്തനത്തിനു കേരളകത്തോലിക്കാ വനിതകളെ അഹമഹമികയാ മുൻപിടുന്നതു ഭൗർലഭ്യം കൊണ്ടല്ല. പ്രത്യുത,പരമമായ സേവനാദർശത്താലാണ്. അധഃസ്ഥിതരും, അശരണരും, അനാഥസ്ത്രീകളുമായ സാധുയുവതികളെ വിവാഹിതരാക്കി സംരക്ഷിക്കുന്നതിനാണു ലേഖകൻ വ്യഗ്രതപ്പെട്ടിരുന്നതെങ്കിൽ അഭിനന്ദനാർഹമായിരുന്നു.

അന്യകൈവശമിരിക്കുന്ന മേൽത്തരം ഒരു കറവപ്പശുവിനെ സ്വായത്തമാക്കി ആദായമെടുക്കാൻ ഉദ്യമിക്കുന്നവന്റെ സ്വാർത്ഥ വേദാന്തമാണു ലേഖനത്തിൽ ധ്വനിക്കുന്നതു്. ഉന്നത വിദ്യാഭ്യാസം നേടി ഉയർന്ന ഉദ്യോഗത്തിലിരിക്കുന്ന ഏതോ ഒരു യുവതിയെ വിവാഹം കഴിച്ചുകിട്ടുന്നതിനു യത്നിച്ച ഒരുവനു നേരിട്ട നൈരാശ്യമാണു ലേഖകൻ ഉദാഹരിക്കുന്നതു്. ആ യുവതിയുടെ പിതാവിനെ ഉച്ചൈസ്വരം അപഹസിക്കുന്നു. എന്നാൽ ആ വൃദ്ധനു തന്റെ മകളെ പഠിപ്പിച്ചു് ഉയർന്ന ഉദ്യോഗസ്ഥയാക്കുന്നതിനു് എത്ര ഋണബാദ്ധ്യതയുണ്ടെന്നും അവളെ കെട്ടിച്ചുവിട്ടാൽ അയാളുടെ അന്ത്യകാലസംരക്ഷണത്തിനാരുണ്ടെന്നും ലേഖകൻ ചിന്തിക്കുന്നില്ല. തന്നെ തീററിപ്പോററി വളർത്തി പഠിപ്പിച്ചുദ്യോഗസ്ഥയാക്കിയവൃദ്ധപിതാവു കിഴിഞ്ഞു ചോദിച്ചിട്ടും കനിയാതെ, താനനുഭവമാനമെല്ലാം പ്രത്യേകം സൂക്ഷിക്കുന്നു. ആ നന്ദികെട്ട മകളിൽനിന്നും ആ നിസ്വനു് അന്ത്യകാലസംരക്ഷണം വല്ലതും പ്രതീക്ഷിക്കാമോ? ആ സാധുവൃദ്ധൻ തന്റെ നിസ്സഹായത വ്യക്തമാക്കിയിട്ടും അയാളേക്കൂടി സംരക്ഷിച്ചുകൊള്ളുന്നതിനു ''ആ കറവപ്പശുകുകി'' സന്നദ്ധനാകുന്നമില്ല. ആൺമക്കളെ വളർത്തിപഠിപ്പിച്ചു് ഏതെങ്കിലും തൊഴിലിലാക്കിയാൽ അവർ മാതാപിതാക്കന്മാരേയും ചിലസമയം നിസ്സഹായരായ ഇതരരക്തബന്ധികളേയുടെയും യഥാശക്തി സംരക്ഷിച്ചുകൊള്ളുന്നതാണു്. എന്നാൽ നിർഭാഗ്യവശാൽ ഒരുവനു പ്രാപ്തരായ ആൺമക്കളില്ലാതെ സമ്പാവലംബവുമായി ഉദ്യോഗസ്ഥയായ ഒരു മകളും മാതൃമേയുള്ളവെങ്കിൽ അവളെകെട്ടിച്ചുവിട്ടശേഷം വൃദ്ധരായ മാതാപിതാക്കളും ഋണഭാരവും മുഴുവനും വഴിയാധാരം നടക്കണമെന്നു വിവക്ഷിക്കുന്നതു ക്രൂരതരമാണ്.

എല്ലാ മാതാപിതാക്കളും തങ്ങളുടെ പെൺമക്കളെ യഥാകാലം വിവാഹിതരാക്കാൻ അത്യാകാംക്ഷയുള്ളവരാണ്. അതിനുവേണ്ടി എത്ര ത്യാഗങ്ങളും സഹിക്കാൻ സന്നദ്ധരുമത്രേ. ഈ പൊതുതത്ത്വത്തിനു വല്ലവ്യത്യാസവും ഉണ്ടാകുന്നുവെങ്കിൽ അതു് അസാധാരണ സാഹചര്യത്തിലായിരിക്കും. ഈദൃശ വിഷയങ്ങളിൽ അനുഭവപരിചയമുള്ള ഒരു വനും പാവപ്പെട്ട പിതാക്കന്മാരിൽ അലസമനോഭാവവും, സ്വാർത്ഥലാഭേഛയും ആരോപിക്കുന്നതല്ല. അന്യസ്ഥവിദ്യരും ഉദ്യോഗസ്ഥകളുമായ യുവതികളുടെ വിവാഹത്തിനുബാധകമായിരിക്കുന്നതു പിതാക്കന്മാരുടെ നിർഗ്രണതമല്ല— പ്രത്യുത നമ്മുടെ ഇടയിലെ സ്ത്രീധനക്കാഴ്ചാവശ്യമാണ്. നിയമദൃഷ്ട്യാ സ്ത്രീധനം ഇപ്പോഴും നിരോധിതമാണ്. എന്നാൽ പെണ്ണിനുതക്ക ചെറുക്കനെ കിട്ടണമെങ്കിൽ അവർ ചോദിക്കുന്ന തുക രൊക്കം കൊടുക്കണം. സ്ത്രീധനം എന്ന പേരിനു പകരം മറേറതെങ്കിലും പേരിട്ട രേഖയോടുകൂടിയോ കൂടാതെയോ, അതിനും പുറമേ വരന്റെ ഡ്രസിനും ഒരു തുക രഹസ്യമായും കൊടുക്കണം. 14 ക്യാരാറല്ല— അസൽ സ്വർണ്ണംതന്നെ— ഒരു കഴുത്തുമുക്കാൻ വേണ്ടതു ഹാജരാക്കുകയും വേണം. പെണ്ണിനു വിദ്യാഭ്യാസവും ഉദ്യോഗവുംകൂടുംതോറും സ്ത്രീധനത്തിന്റെ റേറവും ചെലവിന്റെ മാനദണ്ഡവും ഉയരുന്നതാണ്.

വിദ്യാഭ്യാസവും ഉദ്യോഗവുമുള്ള പെൺകുട്ടികൾക്കു തത്തുല്യ യോഗ്യതയെങ്കിലുമുള്ള വരന്മാരെയാണുവേണ്ടതു്. അവരെ സമീപിക്കുമ്പോൾ പഠനക്കടം വീട്ടണം, പെങ്ങന്മാരെ കെട്ടിക്കണം, അനുജന്മാരെ പഠിപ്പിച്ചുജോലിയിലാക്കണം, പുതിയ താമസസൗകര്യങ്ങളുണ്ടാക്കണം, കല്യാണചെലവിനും പണം വേണം· എന്നിങ്ങനെ ആവശ്യത്തിന്റെ പട്ടികകൾ നിരത്തുന്നു. അതിനെല്ലാം ഉദ്യോഗസ്ഥയുടെ പിതാവാണ ഉപശാന്തികാണേണ്ടതു്. നോക്കണേ— പെണ്ണിനെ പഠിപ്പിച്ചുദ്യോഗസ്ഥയാക്കിയതിന്റെ അനുഭവം. അവളെ അങ്ങനെ ഉദ്യോഗസ്ഥയാക്കാതിരുന്നെങ്കിൽ കുടുംബസ്വത്തിൽ കുറെ എഴുതിവിറെങ്കിലും ഒരു സാമാന്യ സ്ത്രീധനം കൊടുത്തു കെട്ടിച്ചയയ്ക്കാമായിരുന്നു.

പെണ്ണിനു പ്രായം കൂടുംതോറും തക്ക ആളെകിട്ടാൻ വിഷമവും വർദ്ധിക്കുന്നു. ഇത്തരുണത്തിൽ പെൺകുട്ടികളെ ഉദ്യോഗസ്ഥകളാക്കുന്നതു വിപത്തായിത്തീരുന്നു. ഇതുനമ്മുടെ സ്ത്രീവിദ്യാഭ്യാസത്തെത്തന്നെ പ്രതികൂലമായി ബാധിക്കുകയില്ലേ?

കുടിപാർത്തിരുന്ന വീടും പറമ്പും മുഴുത്തമകൾക്കു സ്ത്രീധനം കൊടുത്തശേഷം കല്യാണച്ചെലവിന്റെ കടവും വഹിച്ചുകൊണ്ടു് അലയുന്നവരേയും, പിതൃസ്വത്തുമുഴുവൻ സഹോദരികൾക്കു സ്ത്രീധനം കൊടുത്തതിനാൽ തനതുമേൽവിലാസം പോലുമില്ലാതെ പട്ടാളത്തിലോ— വരദേശത്തോ പുറപ്പെട്ടുപോയവരേയും അറിയാം. സർവ്വകലാശാലാ ബിരുദങ്ങളും ഉയർന്ന ഉദ്യോഗവുമുള്ള ഒരു മാന്യയുവതിക്കുവേണ്ടി വൻപിച്ച സ്ഥാവരസ്വത്തും, ഗണ്യമായരൊക്കത്തുകയും, ആഭരണങ്ങളും കൊടുക്കുവാൻ നിർബന്ധിക്കപ്പെട്ടതും, പ്രതിമാസം വൻപിച്ചവരുമാനമുള്ള ഒരു സാങ്കേതികശാസ്ത്രജ്ഞയുടെ വിവാഹത്തിനു സ്ത്രീധനത്തിനു പുറമേ വേണ്ടിവന്ന വരന്റെ വീട്ടിലെ കല്യാണച്ചെലവു പ്രശ്നം ബാധകമായതുമറിയാം.

സ്ത്രീധനം കൊടുത്തേ വിവാഹം നടക്കൂ എങ്കിൽ അതുവേണ്ടാ— എന്നു ദൃഢവ്രതം എടുത്തിട്ടുള്ള ഉദ്യോഗസ്ഥകളേയും, സാധുക്കളായ സജ്ജനങ്ങളുടെ സംരക്ഷണാർത്ഥം വിവാഹജീവിതം വേണ്ടെന്നു വച്ചിട്ടുള്ള മാനനികളേയും, പ്രത്യുത്പന്നവർദ്ധരായ ജനയിതാക്കളുടെ താല്പര്യത്തിനുവേണ്ടി സന്യാസാദിവാഞ്ഛാപരിത്യജിച്ചു വിവാഹജീവിതത്തിലേർപ്പെട്ട ചില വ്യക്തികളേയും അറിയാം. അന്യസ്ഥവിദ്യരിൽ അപൂർവ്വം ചിലർ അപഥസഞ്ചാരം ചെയ്തിട്ടുണ്ടായിരിക്കാം എന്നാൽ വിവാഹം ലഭിക്കാഞ്ഞു് ആത്മഹത്യചെയ്ത കേരളകത്തോലിക്കാ വനിതകളേപ്പററി കേട്ടറിവുപോലുമില്ല. പ്രസ്തുത ലേഖനത്തിന്റെ ഒടുവിൽ ചേർത്തിരിക്കുന്ന ഉദ്ധരണി ഏതോ പുരോഗമന സാഹിത്യകാരന്റേതായിരിക്കണം. അതെടുത്തു ലേഖനത്തിന്റെ മുകളിൽ ചേർത്തതു് അനുചിതമത്രെ

''കറവപ്പശുക്കളുടെ'' കാര്യത്തിൽ മുതലക്കണ്ണീരൊഴുക്കുന്ന ലേഖകനോടു ചില യാഥാർത്ഥ്യങ്ങളും അറിയിക്കാനുണ്ടു്. സ്ത്രീയുടെ ശമ്പളത്തെമാത്രം കാംക്ഷിച്ചുനടത്തുന്നവിവാഹങ്ങളും പലപ്പോഴും വിഷമങ്ങളും സൃഷ്ടിക്കുന്നതാണു്, ഉദ്യോഗക്കാരികളെ കെട്ടിയ തക്ക വരുമാനമില്ലാത്ത പുരുഷന്മാരുടെ കുടുംബജീവിതം അസ്വസ്ഥമായതിനും ഉദാഹരണങ്ങളുണ്ടു്. അതിനാൽ തനതുവരുമാനമില്ലാത്തവർ ''കറവപ്പശുക്കളുടെ'' ആദായംമാത്രംഉദ്ദേശിച്ചു് എടുത്തുചാടരുതു്.

വൻപിച്ച സ്ത്രീധനവും മറ്റു സാമ്പത്തിക സജ്ജീകരണങ്ങളും നിർബന്ധിതമാക്കാത്തപക്ഷം തക്കയോഗ്യതയുള്ളവർക്കു തങ്ങളുടെ ഉദ്യോഗസ്ഥരായ പെൺമക്കളെ കെട്ടിച്ചുകൊടുക്കുവാൻ കാത്തിരിക്കുന്ന നിരവധി മാതാപിതാക്കളെ എനിക്കറിയാം. അവരിൽ പലരും തങ്ങളുടെ മക്കൾക്കു കഴിവുള്ളസ്ഥാവരജംഗമനിക്ഷേപങ്ങളും കൊടുക്കാനും തയ്യാറുണ്ടു്. ഈ വിഷയത്തിൽ ആവശ്യം വേണ്ട നിർദ്ദേശങ്ങളും നൽകാൻ സന്നദ്ധതയുള്ള ചിലമാന്യ വ്യക്തികളുടേയും വന്ദ്യവൈദികരുടേയും മേൽവിലാസങ്ങളും ബുള്ളറിൻ പത്രാധിപർക്കു പ്രത്യേകം അയച്ചുകൊടുക്കുന്നതാണു്. താല്പര്യമുള്ളവർക്കു് അവ ഉപയോഗിക്കാവുന്നതാണു്.

കുട്ടിക്കുപ്പായത്തിലെ ജീവിതം

— സേതു —

അഞ്ചു വർഷമായിട്ടും ഒരു കുഞ്ഞിനെ താലോലിക്കാൻ കിട്ടാത്തദമ്പതികളുടെ നിസ്സഹായതയും മുസ്ലീം കുടുംബത്തിന്റെ തനിനിറവും അമ്മായിഅമ്മപ്പോരിന്റെ ഉഗ്രതയും വരച്ചുകാട്ടുന്ന ഒരു കലാശില്പം

ജയ്മാരുതി പ്രൊഡക്ഷൻസിന്റെ രണ്ടാമത്തെ മലയാളചിത്രമാണു് മുസ്ലീംസമുദായത്തിന്റെ സാമൂഹ്യപ്രശ്നങ്ങളെ തന്മയത്വമായി അവതരിപ്പിച്ചിരിക്കുന്ന ''കുട്ടിക്കുപ്പായം''. സാമൂഹ്യമായ ജീവിതങ്ങളും ഉൾക്കൊള്ളുന്ന കുടുംബത്തിന്റെ നിലനിൽപ്പു് സമൂഹത്തിന്റെ സമ്പത്ത്വ്യവസ്ഥയെമാത്രം ആശ്രയിച്ചല്ല നിലനിൽക്കുന്നതു് എന്നുള്ളതിനു് ഒരു ഉത്തമോദാഹരണമാണു് ഈ ചിത്രം. സാമൂഹ്യമായ ചില ബന്ധങ്ങളെ ബാധിക്കുന്ന സങ്കീർത്തനമനോഭാവങ്ങളും കുടുംബത്തിന്റെ ഭദ്രതയെ ഭഞ്ജിക്കുന്ന ചില അടിയൊഴുക്കുകളും പവനമായ ഭാര്യാഭർതൃബന്ധത്തിന്റെ പവിത്രമായ ചരട് വലിച്ചുപൊട്ടിക്കുന്നവകളാണു്. ഭാര്യയുടെയും ഭർത്താവിന്റെയും മാത്രമായ സുഖദുഃഖങ്ങളിൽ ഒരു കുടുംബത്തിന്റെ മൈപുരത ഭ്രമായെന്നു വരില്ല. മഹനീയമായ മാതൃസ്നേഹത്തിന്റെയും പരിശുദ്ധമായ ഭാര്യാഭർതൃബന്ധത്തിന്റെയും, ഇതിനെല്ലാമുപരി ദാമ്പത്യജീവിതത്തിന്റെ സാക്ഷാത്ക്കാരമായ സന്താനലബ്ധിയുടെ സമഞ്ജസസമ്മേളനത്തിന്റെ പരസ്പരയോജിപ്പും വിശ്വാസവുമാണു് ഒരു നല്ല കുടുംബത്തിന്റെ നിലനില്പിനുതന്നെ തുണക്കല്ലിടുന്നതു്. ഇവയിൽ ഏതെങ്കിലും ഒരു കണ്ണിപൊട്ടിയാൽ അതിന്റെ ഫലം കുടുംബത്തിൽ അസമാധാനവും ഛിദ്രവാസനകളും പൊട്ടിപ്പുറപ്പെടുക എന്നുള്ളതാണു്. അത്തരത്തിലുള്ള ഒരു മുസ്ലീം കുടുംബത്തിൽ നടന്ന കദനാത്മകമായ ഒരു കഥയാണു് 'കുട്ടിക്കുപ്പായം.'

വിവാഹംകഴിഞ്ഞു് അഞ്ചു വർഷം കഴിഞ്ഞിട്ടും ഒരു കുട്ടിയുണ്ടാകാത്ത കാരണത്താൽ തന്റെ ഉമ്മായുടെ സമ്മർദ്ദത്താൽ ജബ്ബാർ സുബൈദയെ മൊഴിചൊല്ലി അവളും അവനും വേറെ വിവാഹബന്ധത്തിലേർപ്പെടുന്നു. സുബൈദ ഗർഭവതിയാകുകയും ഒരു കുട്ടിയെ പ്രസവിക്കുകയും ചെയ്യുന്നു. ഇതിനിടയിൽ ജബ്ബാറിന്റെ രണ്ടാമത്തെ ഭാര്യ ഗർഭിണിയായി. പക്ഷേ, ആ ഉദരത്തിലെ ശുക്ല ജബ്ബാറിനേറ്റതല്ലായിരുന്നു അവളുടെ മുൻ കാമുകനേറ്റതായിരുന്നു. അവനും വീട്ടിൽനിന്നും പുറത്താക്കപ്പെട്ടു. സുബൈദ തുന്നിവച്ചിരുന്ന ഒരു കുട്ടിക്കുപ്പായം അവളെ ഏല്പിച്ചിട്ടു് ജബ്ബാർ മരണംവരിക്കുന്ന ഒരത്യാഹിതത്തിൽപെട്ട കുട്ടിയെ രക്ഷിക്കുന്നതിനിടയിൽ ഉണ്ടായ അപകടംമൂലമാണു് അയാൾ മരിക്കുന്നതു്. താൻ രക്ഷിച്ച ആ കുട്ടി സുബൈദയുടേതാണെന്നു് അപ്പോഴാണു് ജബ്ബാറിനു മനസ്സിലാകുന്നതു്. അയാൾ ആശ്വാസത്തോടെ മരിക്കുകയാണു ചെയ്തതു്.

സാമൂഹ്യജീവിതത്തിന്റെ സന്താപരിതമായ ഒരു കഥയാണു് ഈ ചിത്രത്തിനേറ്റതു്. ഹൃദയംനിറയെ പൂത്തുനിൽക്കുന്ന മധുരപ്രതീക്ഷകളുമായി ദാമ്പത്യജീവിതത്തിലേയ്ക്കു് കടന്നുചെന്ന ഒരു യുവതിക്കു് തന്റെ സ്വപ്നങ്ങളും പൂവണിയാതെ ദുഃഖരേതമായ അനുഭവങ്ങളെ ആലേഖനംചെയ്തിരിക്കയാണു് ഈ ചിത്രത്തിൽ തന്റെ വിവാഹം കഴിഞ്ഞിട്ടു് അഞ്ചു വർഷത്തോളമായെങ്കിലും ഒരു പിഞ്ചുകുഞ്ഞിനെ താലോലിക്കുവാനുള്ള ഭാഗ്യം സുബൈദയ്ക്കു് ലഭിച്ചിരുന്നില്ല. ആസ്വദിക്കുവാനും ആനന്ദിക്കുവാനും ആ കുടുംബത്തിൽ അവകാശമുള്ള അവകാശം അങ്ങനെ പാടേ നിഷേധിക്കപ്പെട്ടുകയാണുണ്ടായതു്.

ഒരു കുട്ടിയില്ലെന്ന കാരണത്താൽ ഒരുവളെ നരകയാതനകൾക്കു വശംവദയാക്കുന്ന ഒരു അമ്മായിഅമ്മയ്ക്കു്, അവയ്ക്കുശേഷം വരുന്ന മരുമകളിൽനിന്നും ലഭിക്കുന്ന വേദനിപ്പിക്കുന്ന പാരിതോഷികങ്ങളും വളരെ വിചിത്രമായി രംഗത്തവതരിപ്പിച്ചിട്ടുണ്ടു്. പതിവ്രതയും നിഷ്കളങ്കയുമായ ഒരു യുവതിക്കു് തന്റെ ദാമ്പത്യജീവിതത്തെ തുടർന്നുള്ള കുടുംബജീവിതത്തിൽ അനുഭവിക്കേണ്ടിവരുന്ന കൊടും യാതനകളേയും, വെറും അമ്മായിഅമ്മപ്പോരിന്റെ ഫലമായിമാത്രം രൂപമെടുത്ത ചില പ്രവണതകളിൽപെട്ടു് സ്വഭാര്യയേയും അവയ്ക്കുശേഷം ഭാര്യയായിവന്ന മറെറാരു യുവതിയേയും ഉപേക്ഷിക്കേണ്ടിവന്ന ഒരു യുവാവിന്റെ കഥ വളരെ ആർദ്രസ്വഭാവമുള്ളവയായിത്തന്നെ അവതരിപ്പിച്ചിട്ടുണ്ടു്. വെറും പണത്തിനുവേണ്ടിമാത്രം എന്തു കളവും ചതിയും പ്രയോഗിച്ചുപോലും വിവാഹം നടത്തിച്ചുകൊടുക്കാൻ നടക്കുന്ന കുറെ ഒല്ലാളന്മാരെയും എല്ലാംതന്നെവളരെ ഭംഗിയായും തന്മയത്വമായും അവതരിപ്പിക്കാൻ സംവിധായകനു കഴിഞ്ഞിട്ടുണ്ടു്.

കാൽവരിയിലെ വിപ്ലവകാരി

ഉമ്മാച്ചൻ എടാട്ടുകാരൻ

കാൽവരിയിൽ നാണിപ്പിക്കുന്ന മരക്കുരിശിൽ നഗ്നനായി ആണിയടിക്കപ്പെട്ടു മരിച്ചില്ലെന്ന മട്ടിൽ നിസ്സഹായനായി കിടക്കുന്നതിനു ക്രിസ്തുവിനെ വിധിച്ചതു് നീതിയെ മാനിക്കാത്ത അഹങ്കാരത്തള്ളലും അധികാരക്കൊഴുപ്പുമാണു്.

രണ്ടായിരം വർഷങ്ങൾക്കു് പിന്നിൽ പലസ്തീനായുടെ പ്രാന്തങ്ങളിൽ ഒരു കോലാഹലം മുഴങ്ങി. അതിന്റെ മാറെറാലി സെഹിയോൻമലയുടെ താഴ്വരകളിലും, പേരയാമലകളുടെ ചെരുവുകളിലും ഗലീലായുടെ മണൽക്കാടുകളിലും, യോർദ്ദാനിന്റെ കല്ലോലങ്ങളിലും തിരയടിച്ചു. നീറിപ്പുകഞ്ഞ ഹൃദയങ്ങൾക്കു് അതു് കുളിരേകി; ആലംബഹീനർക്കു് അതു് തുണയേകി; അന്ധകാരങ്ങളിൽ അതു് പ്രകാശക്കതിരുകൾ വിതറി. അങ്ങിനെ, എല്ലാം നന്മമാത്രം ചെയ്തുകൊണ്ടു് അവിടന്നു നീങ്ങി.

പക്ഷേ, ഒട്ടനവധി കൊടുംകാർ മുകിലുകളിൽ ആ വാക്കുകൾ ഇടിമുഴക്കങ്ങളായി മാറി. അഹങ്കാരപ്രമത്തരായ യഹൂദപ്രമാണിമാരുടെ പൈശാചികഹൃദയങ്ങൾ ആ രക്തത്തിനായി ദാഹിച്ചു. ക്രിസ്തുവിനെതിരായുള്ള മുറവിളികൾ ആ കാഗത്തിന്റെ അനന്തതയിലേക്കുയർന്നു.

കഷ്ടം! പാപിഷ്ഠമായ നരകുലത്തെ ത്രാണനം ചെയ്യുന്നതിനായി പാരിന്റെ പാഴ്കണ്ണീലേക്കു് ഇറങ്ങിവന്നതാണു് അവിടന്നു ചെയ്ത പാതകം! അധ്വാനിക്കുന്നവന്റെയും, ഭാരം ചുമക്കുന്നവന്റെയും അശ്രുബിന്ദുക്കൾ ഒപ്പിയെടുക്കാൻ ജറുസലേമിന്റെയും കഫർണോമിന്റെയും പ്രാന്തങ്ങളിൽ ഓടിനടന്നതാണു് അവിടന്നു ചെയ്ത തെറ്റു്? പാപിനിയായ മഗ്ദലേനക്കും, ചുങ്കക്കാരനായ സക്കേവൂസിനും തന്റെ ഹൃദയകവാടം തുറന്നുകൊടുത്തതാണു് അവിടന്നു ചെയ്ത വ

കേരളത്തിലെ അടിയന്തിരാവസ്ഥ തരണംചെയ്യാൻ

ഗ്രൂപ്പുകൾതമ്മിലും പാർട്ടികൾതമ്മിലും സമുദായങ്ങൾതമ്മിലും ഇന്നു മത്സരവും സ്പർദ്ധയും വർദ്ധിച്ചുവരികയാണു്, കേരളത്തിൽ കമ്യൂണിസത്തിന്റെ തേർവാഴ്ച്ച ഇതു ഇടയാക്കും. എ. കെ. സി. സി. നേതൃത്വം മുന്നോട്ടുവന്നു വേണ്ടതു ചെയ്യാതിരുന്നാൽ അതു നമ്മുടെ ഭാവിയെ സാരമായി ബാധിക്കും.

നിരീക്ഷകൻ, വയനാട്

കൽപനാവൈഭവമൊന്നുമില്ല

നൂതനമായ ഒരാശയമോ, അഭിപ്രായമോ ഈ ലേഖനത്തിലാരും കാണുകയില്ല. സുവിദിതങ്ങളായ ചില കാര്യങ്ങൾമാത്രമാണിതിന്റെ ഉള്ളടക്കം. നമ്മുടെ സമുദായത്തെ അഭിമുഖീകരിക്കുന്ന അടിയന്തിരാവസ്ഥയുടെ യഥാർത്ഥ്യത്തെ, ആവേശത്തിന്റേയും വികാരത്തിന്റേയും സമ്മർദ്ദംമൂലം ചോദ്യംചെയ്യുന്ന ആളുകൾ ഉണ്ടെന്നു വരാം. രാഷ്ട്രീയകക്ഷികളോടു് അതിരുകവിഞ്ഞ, ആവേശകരമായ കൂറു പുലർത്തുന്നവർ ഈ വിഷയത്തെപ്പറ്റി ചിന്തിക്കാതെ, ഒട്ടകപ്പക്ഷികളെപ്പോലെ രാഷ്ട്രീയ മണലരണ്യത്തിൽ അവരുടെ മസ്തിഷ്ക്കങ്ങളെ മറയ്ക്കുന്നുണ്ടാവാം. സുഭിക്ഷതയുടെ സുഖങ്ങളനുഭവിച്ചുപോരുന്നവർക്കു്, അടിയന്തിരാവസ്ഥയെന്ന വാക്കുതന്നെ അതൃപ്തിജന്യമായേക്കാം. ദൈവസ്ഥാപിതമായ തിരുസഭയ്ക്കു്, രാഷ്ട്രീയപരിവർത്തനങ്ങളിൽനിന്നും വ്യതിയാനങ്ങളിൽനിന്നും വിപത്തൊന്നും സംഭവിക്കയില്ലെന്ന വേദാന്തമോതുന്നവർ മൂഢസ്വർഗ്ഗത്തിലെ സുഷുപ്തിയിൽ ലയിച്ചിരിക്കുന്നവർ, ഈ ലേഖനത്തെ ശപിച്ചെങ്കിൽ അതിശയിക്കാനൊന്നുമില്ല. നേതാക്കന്മാരും, നേതൃമനസ്കന്മാരും, രാഷ്ട്രീയക്കാരും സുഖിമാന്മാരും എന്തുതന്നെ പറഞ്ഞാലും, ബുദ്ധിജീവികളായ സാധാരണക്കാരുടെ ഹൃദയാന്തരാളങ്ങളിൽ ഒരു ഭീതി കടന്നുകൂടിയിട്ടുണ്ടു്. ആ ഭീതിക്കു കാരണം ഇപ്പോഴത്തെ അടിയന്തിരാവസ്ഥയാണു്.

എന്താണീ അടിയന്തിരാവസ്ഥ?

കേരളത്തിൽ നിയമസഭാതെരഞ്ഞെടുപ്പു് ആസന്നമായിരിക്കുകയാണു്. ഒരു വർഷംകൂടെ കഴിയുമ്പോൾ തെരഞ്ഞെടുപ്പിന്റെ ചൂടുപിടിച്ച അന്തരീക്ഷത്തിലായിരിക്കും നാം ജീവിക്കുന്നതു്. ഓരോരോ വീടുകളും ചെറുകൂടിലുകളും സന്ദർശിച്ചു്, നമ്മുടെ വിലയേറിയ വോട്ടുനേടി അധികാരം കൈവശപ്പെടുത്തുന്നതിനു് പ്രധാനമായി രണ്ടു പാർട്ടികൾ രംഗപ്രവേശനം ചെയ്യും. സ്വന്തം പാർട്ടിയുടെപോലുമല്ല, അതിന്റെ നേതാക്കന്മാരുടെമാത്രം സ്വാർത്ഥാല്പര്യങ്ങൾക്കു വേണ്ടി മാതൃഭൂമിയുടെ ഭദ്രതയെ പണയം വെയ്ക്കുന്നതിനു് യാതൊരു ക്ലേശവുമില്ലാത്ത, ജനാധിപത്യം പ്രസംഗിക്കുകയും സേച്ഛാധിപത്യം നടപ്പിലാക്കുകയും ചെയ്യുന്ന, കഴിയുമെങ്കിൽ നമ്മുടെ ഭരണഘടനയെ വലിച്ചുകീറി, പൗരസഞ്ചയത്തിന്റെ മൗലികാവകാശങ്ങളെ നശിപ്പിച്ചു്, ഭാരതഭൂമിയെ ഒരു ടിമരാഷ്ട്രമാക്കി മാറ്റുന്നതിനു് വ്രതമെടുത്തിരിക്കുന്ന കമ്യൂണിസ്റ്റുകക്ഷി ഒരു വശത്തു്. അഴിമതിയഴിച്ചുവിട്ടു രാജ്യത്തെ നശിപ്പിക്കുന്ന, കടിയിറക്കമഹാമഹത്തിൽ പാവപ്പെട്ടവന്റെ ധാന്യവും വസതിയും ഹോമിച്ചു് അവന്റെ വയറടിക്കുന്ന, പോലീസ്ഭരണത്തിനും കിരാത ലോക്കപ്പ്മർദ്ദനത്തിനും കുപ്രസിദ്ധി നേടിക്കഴിഞ്ഞിരിക്കുന്ന, സവർണ്ണ ഹിന്ദു വർഗ്ഗീയതയുടെ അടിമയായി വർത്തിക്കുന്ന, പൊതുജനാഭിപ്രായത്തെ തൃണവൽഗണിച്ചു്, ദുർഭരണം നാട്ടിൽ നടപ്പാക്കി, ജനരോഷം വിപുലമായതോതിൽ ആജ്ഞാചുകൊണ്ടിരിക്കുന്ന, അച്ചടക്കരാഹിത്യത്തിനും അക്രമാസക്തിക്കും അപരനാമമായി അറിയപ്പെടുന്ന കോൺഗ്രസ്സ് കക്ഷി മറുവശത്തു്. കമ്യൂണിസ്റ്റുപാർട്ടിയിലുണ്ടെന്നു പറയപ്പെടുന്ന വിടവുകളും ഭിന്നിപ്പുകളും താല്ക്കാലികങ്ങളാണു്, തിരഞ്ഞെടുപ്പാസന്നമാകുന്നതോടെ കമ്യൂണിസ്റ്റുകാരെ ഒറ്റക്കെട്ടായി വോട്ടറന്മാരെ സമീപിക്കും. കോൺഗ്രസ്സുകാരാകട്ടെ, പരസ്പരം ദ്രോഹിക്കുന്നതിനുള്ള സുവർണ്ണാവസരമായി തെരഞ്ഞെടുപ്പിനെ വിനിയോഗിക്കുകയും ചെയ്യും. അതിന്റെ സൂചന പഞ്ചായത്തു തെരഞ്ഞെടുപ്പിൽ പലയിടത്തും നാം കണ്ടുകഴിഞ്ഞു. ക്രിസ്ത്യൻകേന്ദ്രങ്ങളിൽ ഹിന്ദു കോൺഗ്രസ്സുകാർ സ്ഥാനാർത്ഥികളായിനിന്നു ജയിക്കുന്നതു് ഒട്ടും ഉർലഭമല്ല. പക്ഷെ, കോൺഗ്രസ് സ്ഥാനാർത്ഥി ഒരു ക്രിസ്ത്യാ

നനെ! ശത്രുവിനെ സ്നേഹിക്കുവാനും ദ്വേഷിയെ അനുഗ്രഹിക്കുവാനും പാപിയെ സ്നേഹിക്കുവാനും പാപത്തെ വെറുക്കുവാനും സ്വമാതൃകകൊണ്ടു് ലോകത്തെ പഠിപ്പിച്ചതാണു് അവിടന്നു ചെയ്ത ചതി.

"അവനെ ക്രൂശിക്കുക! അവനെ ക്രൂശിക്കുക!!" പ്രിയപ്പെട്ടവരിഷകളുടെ ആർപ്പുവിളികളും ഉത്തുംഗമായ അട്ടഹാസങ്ങളിയും കോട്ടയെപ്പോലും ഞെട്ടിക്കുംകൊള്ളുന്നു. കാൽവരികുന്നിലെ മൂന്നാണികളും മാത്രമുള്ള ഒരു കൊലമരം! അതായിരുന്നു അവിടത്തേക്കു് ലഭിച്ച പ്രതിഫലം!

ആ ചരിത്രങ്ങളും—ആ സംഭവങ്ങളും ഇന്നും ആവർത്തിക്കപ്പെടുകയാണു്!

എ. കെ. സി. സി. ബുള്ളറ്റിൻ

നിയാണെങ്കിൽ അവനെ നിലംപതിപ്പിക്കുന്നതിനു് ഹൈന്ദവ കോൺഗ്രസ്സുകാർ കമ്യൂണിസ്റ്റുസ്ഥാനാർത്ഥികളെ സഹായിച്ചിട്ടുണ്ടെന്നുള്ളതു് പരസ്യമായ ഒരു രഹസ്യമാണു്; കൂടാതെ ഒട്ടും അവഗണിക്കുവാൻപാടില്ലാത്ത ഒരു ജനവിഭാഗത്തെ, കോൺഗ്രസ്സിനുവേണ്ടി രക്തവും വിയർപ്പും പരമ്പരാഗതമായി ദാനംചെയ്തുകൊണ്ടിരുന്ന ഒരു ജനവിഭാഗത്തെ കോൺഗ്രസ്സു് വെറുപ്പിച്ചുകഴിഞ്ഞു. പോരെങ്കിൽ മുസ്ലീംലീഗു് കോൺഗ്രസ്സിനെ നഖശിഖാന്തം എതിർക്കുമെന്നുള്ളതു തീർച്ചയാണു്. മുസ്ലീങ്ങളുടെ പിന്തുണകൂടാതെ മലബാർപ്രദേശങ്ങളിൽ ഒരു കക്ഷിക്കും വിജയസാദ്ധ്യതയില്ല. ത്രികോണമത്സരങ്ങളും ചതുർകോണമത്സരങ്ങളും പല നിയോജകമണ്ഡലങ്ങളിലും നടക്കുമെന്നതിനു രണ്ടു പക്ഷമില്ല. 40 ശതമാനം വോട്ടർന്മാർ ഒറ്റക്കെട്ടായി നിൽക്കുകയും, 60 ശതമാനം വോട്ടർന്മാർ മൂന്നു പേരികളിലായി ഭിന്നിച്ചുനിൽക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമായിരിക്കും അടുത്ത തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലം. പരിണതഫലം കമ്യൂണിസ്റ്റുകളുടെ വിജയമായിരിക്കുമെന്നതു പറയേണ്ടതില്ലല്ലോ. കമ്യൂണിസ്റ്റുകക്ഷി അധികാരത്തിലെത്തിയാൽ ഇനിയൊരു വിമോചനസമരം സംഘടിപ്പിക്കാമെന്നാരും വ്യാമോഹിക്കേണ്ട. ബലാൽക്കാരമായി അധികാരക്കസേരകളിൽനിന്നും ഇറക്കിവിടപ്പെട്ട ഒരു പാർട്ടി വോട്ടുപെട്ടിമാത്രം വിനിയോഗിച്ചു് അധികാരം പിടിച്ചെടുത്താൽ, മറ്റു സംസ്ഥാനങ്ങളിൽ അതിന്റെ പ്രത്യാഘാതം എന്തായിരിക്കും, കഴിഞ്ഞ വിമോചനസമരംതന്നെ ഭാരതത്തിന്റെ രേണഘടനയോടുള്ള അന്തസ്സാരവിഹീനമായ കടുത്ത കയ്യേറ്റമായിരുന്നെന്നുള്ള കമ്യൂണിസ്റ്റുകാരുടെ അഭിപ്രായം ഏറ്റക്കുറച്ചിലോടെയാണെന്നു് പുതിയ സംഭവവികാസം തെളിയിക്കയില്ലയോ?

അടിയന്തിരാവസ്ഥയും കത്തോലിക്കരും.

കമ്യൂണിസ്റ്റ്പിപത്താണു് നമ്മെ അഭിമുഖീകരിക്കുന്ന അടിയന്തിരാവസ്ഥയെന്നു മേൽപറഞ്ഞതിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ. ഇതു് കേരളത്തെ ആകമാനം ഒരുപോലെ ബാധിക്കുന്ന അടിയന്തിരാവസ്ഥയാണെന്നും, കത്തോലിക്കസമുദായത്തിനു് പ്രത്യേകമായി ഒരു പ്രതിസന്ധിഘട്ടം നേരിടേണ്ടിവരികയില്ലെന്നും ഒരുപക്ഷെ ചിലർ അനുമാനിച്ചേക്കാം. പക്ഷേ അതു ശരിയല്ല. കേരളത്തിൽ ഈഴവ, മുസ്ലീം, നായർ, ക്രിസ്ത്യൻ സമുദായങ്ങളും ഏതാണ്ടു തുല്യശക്തിയുള്ളവയാണു്. ഈഴവരിൽ ഭൂരിപക്ഷവും കമ്യൂണിസ്റ്റ്വലയത്തിൽ അകപ്പെട്ടുകഴിഞ്ഞു. ഇന്നത്തെ രാഷ്ട്രീയാന്തരീക്ഷത്തിൽ സാരമായ മാറ്റം വരുത്തുന്നില്ലെങ്കിൽ, അടുത്ത തിരഞ്ഞെടുപ്പിൽ മുസ്ലീങ്ങളുടെ പിന്തുണ കമ്യൂണിസത്തിനു സിദ്ധിക്കുന്നതിനുള്ള സാദ്ധ്യത തെളിഞ്ഞുകാണുന്നുണ്ടു്. നായന്മാക്കു് അടിസ്ഥാനപരമായോ, താത്കാലികമായോ കമ്യൂണിസത്തോടു് എതിർപ്പുണ്ടെന്നു തോന്നുന്നില്ല. നായരും കമ്യൂണിസ്റ്റും സഹവർത്തികളായി പരസ്പരം സഹായിക്കുന്നെങ്കിൽ അതിൽ ആശ്ചര്യപ്പെടാനില്ല. പോരെങ്കിൽ കേരളത്തിൽ കമ്യൂണിസ്റ്റ്കാരുടേയും ഹിന്ദുവർഗ്ഗീയവാദികളുടേയും പ്രഥമലക്ഷ്യം ക്രിസ്ത്യാനിയെ നശിപ്പിക്കുകയെന്നതായതുകൊണ്ടു് അവർക്കു സഹകരിച്ചുപ്രവർത്തിക്കുന്നതിനുള്ള യാതൊരു പ്രയാസവുമുണ്ടാകുകയില്ല. കോൺഗ്രസ്സിലെ "ജിൻജർഗ്രൂപ്പ്" നേതാക്കന്മാർ ഹിന്ദുക്കളാണെങ്കിലും, കമ്യൂണിസ്റ്റനുഭാവികളും, ചിലരെങ്കിലും കമ്യൂണിസ്റ്റ്സഹയാത്രികരുമാണെന്നുപറയുന്നതിൽ അതിശയോക്തിയുണ്ടെന്നു തോന്നുന്നില്ല. ശേഷിക്കുന്നതു് ക്രിസ്ത്യൻസമുദായമാണു്. കത്തോലിക്കരുടെ ക്രിസ്ത്യൻവിഭാഗങ്ങളുടെ നിലപാടു് അത്ര വ്യക്തമല്ല. കമ്യൂണിസത്തെ അവരാരും ഔദ്യോഗികമായി കാറ്റപ്പെടുത്തിയിട്ടില്ലെന്നുള്ളതാണു് പരമാർത്ഥം. കത്തോലിക്കാസമുദായംമാത്രമാണു് കമ്യൂണിസത്തെ താത്കാലികമായിഎതിർത്തുകൊണ്ടിരിക്കുന്നതു്. കമ്യൂണിസത്തിന്റെ ക്രൂരവീരപരാക്രമങ്ങളും കത്തോലിക്കാസഭയും സമുദായത്തിനുമെതിരായിട്ടാണു് നടത്തിക്കൊണ്ടിരിക്കുന്നതു്. കഴിഞ്ഞ വിമോചനസമരത്തിനു് ഉത്തേജനം നൽകിയതു് കത്തോലിക്കരാണെന്നും, അവരുടെ രക്തപ്രവാഹമാണു് ആ ഐതിഹാസികസമരത്തിനു വിജയകാരണമായിഭവിച്ചതെന്നും കമ്യൂണിസ്റ്റ്കാക്കു നല്ല വണ്ണമറിയാം. ഇനിയും അവർ അധികാരത്തിലെത്തിയാൽ കത്തോലിക്കസമുദായത്തെ നാമാവശേഷമാക്കുന്നതിനു് ശ്രമിക്കാതിരിക്കുകയില്ല. ആകയാൽ, കേരളത്തിലെ കമ്യൂണിസ്റ്റ് വിപത്തു്, പ്രത്യേകതരത്തിൽ കത്തോലിക്കാസമുദായത്തിന്റെ അടിയന്തിരാവസ്ഥയാണെന്നു സംശയമില്ല.

പ്രതിവിധിയുണ്ടോ?

കമ്യൂണിസത്തിന്റെ മുന്നേറ്റത്തെ ചെറുത്തുതോല്പിക്കണമെങ്കിൽ കമ്യൂണിസ്റ്റ് വിരുദ്ധസമുദായങ്ങളും വ്യക്തികളും ക്രിയാത്മകമായ ഒരു പ്രായോഗികപദ്ധതി ഉടനടി ആവിഷ്കരിക്കണം. "കോൺഗ്രസ്സിനെ ശക്തിപ്പെടുത്തുക" എന്ന പഴഞ്ചൻ പല്ലവി പാടിയതുകൊണ്ടു് കമ്യൂണിസം പരാജയപ്പെടുകയില്ല. കോൺഗ്രസ്സിനു് വോട്ടു കൊടുക്കുന്നതു് ആത്മഹത്യാപരമാണെന്നു് ആത്മാർത്ഥമായി വിശ്വസിക്കുന്ന ജനലക്ഷങ്ങളെ അതിനു പ്രേരിപ്പിക്കാൻ യാതൊരു ശക്തിക്കും സാധിക്കുകയില്ല. കഴിഞ്ഞ വിമോചനസമരാനന്തരം ശ്രമപ്പെട്ടുണ്ടാക്കിയ ഐക്യമുന്നണി ഇന്നത്തെ സാഹചര്യത്തിൽ അസാദ്ധ്യമാണു്. അതു് അസാദ്ധ്യമാക്കിയതു് കോൺഗ്രസ്സാണെന്നുള്ളതു് തർക്കമറ്റ സംഗതിയാണു്. ആകയാൽ കമ്യൂണിസത്തെ തോല്പിക്കുന്നതിനു് നൂതനമാർഗ്ഗങ്ങളും അടിയന്തിരമായി ആരായേണ്ടിയിരിക്കുന്നു.

"ഞാനും അണ്ണനും ഒന്നായിരിക്കുന്നതുപോലെ ഇവരും ഒന്നായിരിക്കട്ടെ" എന്നു് ഈശോനാഥൻ പ്രാർത്ഥിച്ചു. ആ പ്രാർത്ഥനയുടെ സാരവും ലക്ഷ്യവും മനസ്സിലാക്കി കത്തോലിക്കർ യോജിച്ചുപ്രവർത്തിക്കണം. താത്കാലികമായി കമ്യൂണിസത്തെ വെറുക്കുന്ന ഒരേകസമുദായത്തിൽ പോലും യോജിപ്പില്ലെങ്കിൽ, എങ്ങനെയാണു് ഇതരകമ്യൂണിസ്റ്റ്വിരുദ്ധസമുദായങ്ങളെ യോജിപ്പിക്കുക? നമ്മുടെ സമുദായത്തിന്റെ സർവ്വകഴിവുകളേയും സഭയുടെ സകല മഹനീയാദർശങ്ങളെയും വെല്ലുവിളിക്കുന്ന ഈ അടിയന്തിരാവ

ലേഖകന്മാരുടെ ശ്രദ്ധയ്ക്കു്

ലേഖനങ്ങൾ ഓരോ മാസത്തിന്റെയും ഒന്നാം തീയതിക്കു മുമ്പു് കിട്ടത്തക്കവണ്ണം അയയ്ക്കേണ്ടതാണു്. ലേഖനങ്ങൾ സ്പഷ്ടമായും സംക്ഷിപ്തമായും എന്നാൽ, പുതിയൊരു അവതരണരീതിയോടുകൂടിയും എഴുതുന്നതാണു വായനക്കാക്കു് താല്പര്യം. പലരും എഴുതിത്തീർന്ന കാര്യങ്ങളെ വീണ്ടും അതേരീതിയിൽ എഴുതി അയച്ചാൽ പ്രസിദ്ധീകരിക്കുന്നതല്ല. ഓരോ ലേഖനത്തിനും പ്രത്യേക ലക്ഷ്യമുണ്ടെന്നതു് വിസ്മരിക്കയില്ലെന്നു കരുതുന്നു.

എഡിറ്റർ.

അഭിവന്ദ്യഗുരോ, നമോവാകം!

(സെബാസ്റ്റ്യൻ പുല്ലോപ്പിള്ളി)

ഒരു പുരോഹിതന്റെ ജീവിതയാത്രയിൽ വന്നണയുന്ന വിവിധ ഘട്ടങ്ങളെ ഒരു പുരോഹിതന്റെ വികാരങ്ങളോടുകൂടി കാവ്യാത്മകമായി കാണുകയാണു നല്ലൊരു എഴുത്തുകാരനായ സെബാസ്റ്റ്യൻ പുല്ലോപ്പിള്ളി.

നിശ്ശബ്ദനും നിസ്സ്പൃഹനുമായി ജീവിതത്തിന്റെ വഴിത്താരയിൽ അവിടുന്നു മുന്നോട്ടു ഗമിക്കുന്ന ലോകസുഖമോ, സൗഭാഗ്യമോ, സമ്പത്തോ ആവശ്യപ്പെടാതെ ജീവിതായോധനം നിർവഹിക്കുന്ന ആ ധീരയോദ്ധാവാണു് അങ്ങു്. അതിശ്രേഷ്ഠമായ അവിടുത്തെ ശിരസ്സു് ലൗകികമായൊരു കിരീടത്തേയും ആഗ്രഹിക്കുന്നില്ല. ദൈവസന്നിധാനത്തിലെത്തിച്ചേരുവാൻ അവിടുന്നു് നിർദ്ദിഷ്ടനാണു്. അങ്ങയുടെ ആത്മാവു് നിത്യപുരോഹിത്യത്താൽ മുദ്രിതവുമാണു്. മുശയ്ടേതുപോലെ പ്രാർത്ഥനാനിരതമായ അവിടുത്തെ മാനുഷികകരങ്ങളും, അസ്വസ്ഥമായ സമയങ്ങളിൽ അർത്ഥനകളുമായി സ്വർഗ്ഗത്തിലേക്കുയരുമ്പോൾ തന്റെ മനുഷ്യത്വംതന്നെയും സ്വർഗ്ഗാരോപിതമാകുന്നു. അപ്പോൾ സ്നേഹാലിംഗനത്തിൽ ഒന്നായിത്തീരുവാൻ സ്വർഗ്ഗം ഭൂമിയിലേക്കു ഗമിക്കുന്നു. പ്രഭാതത്തിന്റെ പൂന്തോപ്പുകൾ പുഞ്ചിരിക്കുമ്പോൾ തന്റെ കരവല്ലികളിൽ അങ്ങു് നിത്യസൂര്യനെ ഉയർത്തിപ്പിടിക്കും. നിർമ്മലമായ അങ്ങയുടെ പാണിദ്വയം പരിശുദ്ധനായ ക്രിസ്തുവിനെ വഹിക്കുന്നവയാണു്. എപ്പോഴും അപരനെ അനുഗ്രഹിക്കുവാനായത്തപ്പെട്ടതായ അങ്ങേ അജയ്യകരങ്ങൾ എത്ര മഹത്വപൂർണ്ണം! ഐക്യത്തിന്റെ പിള്ളത്തൊട്ടിയും ദിവ്യവസ്തുക്കളെ വാതോർക്കുന്ന നിർമ്മലപേനവുമാണു് അങ്ങേ കരവല്ലികൾ. വാനിൽനിന്നും ദൈവത്തെ ഭൂമിയിലേക്കു മാടിവിളിക്കുന്നു. അങ്ങയുടെ അഴകുള്ള കൈകൾ വരപ്രസാദത്തിനായി വെമ്പൽകൊള്ളുന്ന എത്രയോ ആത്മാക്കൾ അങ്ങേ പാണിതലത്തിൽ അഭയം തേടുന്നു!!

പരംപൊരുളായ ദൈവത്തെ അടുത്തുകാണുന്നു. നിർമ്മലതയുടെ നികേതനങ്ങളായ-അവിടുത്തെ അക്ഷിദ്വയങ്ങൾ എപ്പോഴും കരുണാർദ്രങ്ങളും സ്നേഹവിവശങ്ങളുമാണു്. മനുഷ്യപുത്രന്റെ അമൂല്യരക്തത്താൽ അങ്കിതമായ അധരങ്ങൾ എത്ര പരിശുദ്ധം!"!

പ്രാർത്ഥനമാത്രം ആലംബമായി, തന്റെ പറുദീസയിലേയും ആശ്രയിക്കാതെ കണ്ണുകൊണ്ടുമായ കാനനത്തിൽ സ്വർഗ്ഗീയോന്നതങ്ങളും അവിടുന്നു കയറിയിറങ്ങുന്നു. വനാന്തരേ വഴിതെറ്റി കുട്ടിക്കൂരിൽ പിടയുന്ന കുഞ്ഞാടിനെ കണ്ടുരക്ഷിക്കുവാൻ അവിടുന്നു് സദാ ജാഗ്രുകനാണു്. ലോകജീവിതം അവസാനിക്കെ അലൗകികയാത്ര ആരംഭിക്കുവാൻ ആത്മാവിനു സ്വർഗ്ഗപ്രകാശം നൽകുന്നതും അങ്ങുതന്നെ. സ്വർഗ്ഗീയവൃന്ദഗീതങ്ങൾക്കു അസൂയാപാത്രമാണു് അങ്ങു്, കാരണം സ്വർഗ്ഗനാഥനെ അങ്ങേ അധരചലനത്താൽ ഭൂമിയിലേക്കു വിളിച്ചിറക്കുന്നവല്ലോ.

ജീവന്റെ വഴിയിലേക്കു ആരെയും ആനയിക്കുന്നതും അബദ്ധത്തിൽ ആണ്ടുപോകാതെ സൂക്ഷിക്കുന്നതും അവിടുന്നുതന്നെ. നശീകരണപാപത്താൽ പ്രണിതരായവരെ സ്നേഹലേപനത്താൽസൗഖ്യമാക്കുന്നതും ആത്മസ്നേഹിയായ അവിടുത്തെ സജീവസ്പർശനമത്രെ. അങ്ങേ വിയർപ്പുതുള്ളികൾകൊണ്ടു രക്ഷിക്കുന്ന ആത്മാക്കൾ അവിടുത്തെ വിജയകിരീടത്തിലെ അനർഘരത്നങ്ങളായിരിക്കും. സ്വർഗ്ഗനിയുക്തനായ അങ്ങയെ ഞങ്ങൾ "വേറൊരു ക്രിസ്തു" എന്നു വിളിക്കുന്നെങ്കിൽ അതു സയുക്തികവുമാണല്ലോ.

ഗുരോ, അങ്ങു ശ്വാനസൂക്ഷ്മനും സിംഹധീരനുമാണു്. ഭൂമിയോളം ക്ഷമയുള്ളവനും തേനീച്ചയ്ക്കു തുല്യം അദ്ധ്വാനശീലനും, കുഞ്ഞാടിനെപ്പോലെ ശാന്തനും രക്തസാക്ഷിയെപ്പോലെ വീരത്വം വിളങ്ങുന്നവനും ഇടയനെപ്പോലെ മൃദുലമനസ്കനും മാതൃസമാനം നിർഭയസ്നേഹിയുമാണു്. ക്രിസ്തുസന്നിഭനായഅങ്ങു് എല്ലാവർക്കും എല്ലാമായി വർത്തിക്കുന്നു.

ലൗകികൻ സ്വജീവിതം ഭാവിയവനികയിൽ മുദ്രിതമാക്കാൻ സ്മാരസ്തംഭങ്ങളും സ്ഥാപിക്കുന്നു. എന്നാൽ സമുന്നതനായ വൈദികന്റെ ശവകുടീരം അലംകൃതവും അതീവം അവനതവുമാണു്. പ്രകൃതി പൊഴിക്കുന്ന മഴയല്ലാതെ അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ കണ്ണുനീർ പൊഴിക്കുവാനാരുമില്ലാത്തവിധത്തിൽ അദ്ദേഹം ഏകനാണു്, ത്യാഗിയാണു്, സർവ്വസംഗപരിത്യാഗിയുമാണു്.

കാലഗ്രമണത്തിൽ, ഗുരോ, അങ്ങു ദുർബലനാകുമ്പോഴും ആരു് അങ്ങേ ആദരിക്കും; അക്കാര്യങ്ങളൊന്നും അങ്ങേ ആകുലപ്പെടുത്തുന്നില്ല. ചക്രവാളത്തിനപ്പുറത്തേക്കു് അഭിവീക്ഷണം ചെയ്യുന്ന അങ്ങേക്കു ലൗകികവസ്തുക്കളെ എത്രയോ നിസ്സാരം! അങ്ങയുടെ ഹേമശ്വേതശിരസ്സു് അവശനായിരിക്കുന്ന അങ്ങേ ജീവിതസായാഹ്നസൂര്യനാണു്. അന്ധകാരത്തിന്റെ ഈ താഴ്വരയെ ഉപേക്ഷിച്ചു് ലൗകികബന്ധങ്ങളെ അറുത്തുമാറി-അനന്ത വെളിച്ചത്തിലേക്കു പ്രവേശിക്കുവാൻ അവിടുന്നു് വെമ്പൽകൊള്ളുകയാണു്. ക്രിസ്തുകുരിശിലെന്നവണ്ണം അങ്ങും സത്യകവാടം കടന്നുപോകുമല്ലോ.

അല്പനൊ, സ്വർഗ്ഗവാസികളുടെ അസൂയാപാത്രമേ, ലോകത്തിനു് അഗ്രാഹ്യനായി, അതിനെ വാഞ്ഛിക്കാതെ ലോകജീവിതം പോകുന്നവനേ, കുടുംബത്തോടു ബന്ധിതനാകാത്ത കുടുംബബന്ധുവേ, അവിടുത്തെ സ്ഥാനം എത്ര മഹോന്നതം!! അവിടുത്തെ ജീവിതം എത്ര ശ്രേഷ്ഠം!! അങ്ങേ മരണം എത്ര മഹത്വപൂർണ്ണം!! അതിനാൽ അങ്ങേയ്ക്കു് ഒരു കുമഴിഞ്ഞ ഇപ്പൂകൈ! നല്പതികഞ്ഞ നമോവാകം!!

—0—

ശാഖകളിൽ നിന്നു്

കേരളത്തിന്റെ നാനാഭാഗങ്ങളിലായുള്ള എ. കെ. സി. സി. ശാഖകളിലൂടെയാണു് മാസിക വിതരണം നടക്കുന്നതു്. മാസിക പ്രചരണത്തിൽ ശാഖാപ്രവർത്തകർ ശ്രദ്ധാന്തി കാണിക്കുന്നതോടൊപ്പം അതാതു ശാഖകളിലും പരിസരങ്ങളിലുമുള്ള വാർത്താവിശേഷങ്ങളും അഭിപ്രായങ്ങളും എഴുതി അറിയിച്ചാൽ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണു്.

എഡിറ്റർ.

സ്ഥയിൽ നീതി, വർഗ്ഗം, രാഷ്ട്രീയാഭിപ്രായം എന്നിത്യാദി വ്യത്യാസങ്ങളെ അവഗണിച്ചു്, നാമെല്ലാവരും ഒറ്റക്കെട്ടായി നിൽക്കുന്നില്ലെങ്കിൽ, നമ്മുടെ സമുദായക്കപ്പൽ, കമ്മ്യൂണിസ്റ്റ്കല്ലോലങ്ങളിലകപ്പെട്ടു് ചരിത്രാബ്ധിയുടെ അഗാധത്തിൽ എന്നേനേയ്ക്കുമായി തിരോധാനം ചെയ്യുന്നവരാം. കമ്മ്യൂണിസത്തെ പരാജയപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളാരാഞ്ഞു് പ്രായോഗികമായ ഒരു പദ്ധതി വിനാവിളംബം പ്രവൃത്തിയിൽ വരുത്തുന്നതിനു് കത്തോലിക്കകോൺഗ്രസ്സ്—നേതൃത്വം മുന്നോട്ടുവരുമെന്നു് പ്രതീക്ഷിക്കട്ടെയോ?

സ്നേഹം പോയ പോക്ക്

ചുരുളൻമുടിയും നണക്കുഴിയുമുള്ള ഒരു പെണ്ണിനെ അയാം വിവാഹം ചെയ്തു. ത്രുപയും പത്തുനാലായിരം കൊണ്ടുവന്നെന്നാണ് പറയുന്നത്. പക്ഷെ, ആദ്യപ്രസവത്തെത്തുടർന്നുണ്ടായ രോഗം അവളുടെ സൗന്ദര്യമെല്ലാം ഊറ്റിയെടുത്തുകളഞ്ഞു! അവളുടെ മുമ്പത്തെ ബ്ളൗസും അയവായിപ്പോയി! അതോടെ, മാത്യുവിനു് ഭാര്യയോടുണ്ടായിരുന്ന സ്നേഹവും തീരെ അസ്തമിച്ചു.

(ഏലിയാമ്മ ജോർജ്, വലിയതാഴത്തു്)

കുറേക്കാലം കൂടിയാണന്നു് ആലീസ് വീട്ടിൽവന്നതു്. അവളെ കണ്ടപ്പോഴം എന്തൊരാനന്ദമായിരുന്ന ഞങ്ങൾക്കെല്ലാം! പിള്ളേർ അവരുടെ പുറകിൽനിന്നു് മാറാതെ ആനന്ദപുളകമണിഞ്ഞു നടന്നിരുന്നു—''ആലീസു കുഞ്ഞമ്മേ'', ''ആലീസുകുഞ്ഞമ്മേ'', എന്നു വിളിച്ചുകൊണ്ടു്!

ചെറുപ്പംമുതലെ എന്നെ വലിയ കാര്യമായിരുന്ന അവരുക്കു്. അമ്മാവന്റെ അരുമസന്താനമായിരുന്ന ആലീസു്. അവരുക്കു പത്തുപതിനാറു വയസ്സായതിനു ശേഷവും ഞാൻ ചിലപ്പോഴങ്ങാനും അമ്മാവന്റെ വീട്ടിലൊന്നു ചെന്നാൽപിന്നെ, എന്റെ കൂട്ടത്തിൽനിന്നു മാറുകയില്ലായിരുന്ന ആ സ്നേഹസമ്പന്ന.

പ്രാർത്ഥനയും ഊണുമെല്ലാം കഴിഞ്ഞു്, മറ്റെല്ലാവരും സുഖനിദ്രയിലാണ്ടുകഴിഞ്ഞാലും അവരുക്കു് എന്റെയടുക്കൽ പിന്നെയും വർത്തമാനം പറഞ്ഞിരിക്കണം വളരെ വളരെ നേരം! രാത്രിയെത്രയധികമായാലും അവളുടെ വർത്തമാനം കേട്ടാൽ എനിക്കൊട്ടൊറക്കം വരുകയുമില്ല. അതിനിടയ്ക്കു് എന്തെല്ലാംകാര്യങ്ങളാണു് ആവരും സരസമായി വിസ്തരിക്കാറുള്ളതു്! ഹൃദയത്തിന്റെ അടിത്തട്ടിൽ ആരുമറിയാതെ ഒളിച്ചു നിക്ഷേപിച്ചിരിക്കുന്ന കൊച്ചു രഹസ്യങ്ങളും കൂടി! അങ്ങനെ, ഒരു തണ്ടിലെ രണ്ടു പുഷ്പങ്ങംപോലെ വളർന്നവന്ന ഞങ്ങം.

അവളുടെ കല്യാണത്തിനു ശേഷം കുറേനാം കൂടി കാണുകയാണിപ്പോം. കല്യാണം കഴിച്ചെങ്കിലും, മുമ്പത്തെ ആ സരസമായ സംസാരചാതുരിയും, നിസ്സളങ്കമായ സ്നേഹപ്രകടനവും ഒട്ടും കുറഞ്ഞിട്ടില്ല ആലീസിനു്. അഥവാ, അവയ്ക്കു് വളമിട്ടു നനയ്ക്കുവാൻ ഒരാം കൂടി അവരുക്കുണ്ടായപ്പോം അവ, ന്യായമായി തഴച്ചുവളർന്നു എന്നെനിക്കു തോന്നി—അവളുടെ ശരീരവും മുഖവും ഒന്നു തഴച്ചിട്ടുള്ളതുപോലെ തന്നെ!

പ്രാർത്ഥനയും ഊണും കഴിഞ്ഞു് ഞങ്ങം അന്നേ മുറിയിൽ കൂടി. മനോഹരമായ ചന്ദ്രബിംബം പാലൊളി വിതറിക്കൊണ്ടു് സ്നേഹപൂവ്വം നിശ്ശബ്ദലോകത്തെ ഉറ്റുനോക്കുന്നു. ചന്ദ്രികയുടെ ത്രുവെള്ളി പ്രഭ ഞങ്ങളുടെ മുറിയ്ക്കുള്ളിലും കടന്നവന്നു. അനേകം കൊച്ചു നക്ഷത്രങ്ങളും, അസൂയകോല്ലുന്ന കണ്ണുകം ചിമ്മിച്ചിമ്മി ഞങ്ങളെ നോക്കി നിലയുറച്ചു.

അഹോ! അവരുക്കെന്തെല്ലാം കാര്യങ്ങളാണറിയേണ്ടതിപ്പോം! എന്നെപ്പറ്റിയും ഭർത്താവിനെപ്പറ്റിയും മറ്റും മറ്റു്! അങ്ങനെ, അനേകം കാര്യങ്ങളെക്കുറിച്ചു് സംസാരിച്ചു ഞങ്ങം. അതിനിടയ്ക്കു് അവളുടെ ഭർത്താവിന്റെ കാര്യത്തെപ്പറ്റി എന്തോ പറഞ്ഞപ്പോം ഞാൻ അവളുടെ കൈത്തണ്ടയിൽ പിടിച്ചു്, മുഖത്തേക്കു് സൂക്ഷിച്ചുനോക്കിക്കൊണ്ടു പറഞ്ഞു:—

''ഓ! എങ്കിലും നീ ആ കടുംകൈ ചെയ്തകളഞ്ഞല്ലോ! അതിന്റെ കാരണം മാത്രം എന്നോടുപറഞ്ഞിട്ടില്ലിതുവരെ ''

അവരും അതിന്റെ വ്യംഗ്യം ഗ്രഹിക്കാതെ കണ്ണുമിഴിച്ചല്പനേരം നോക്കിയിരുന്നിട്ടു ചോദിച്ചു:—

''എന്തു കടുംകൈയാണു്? ഓ! സിസിലി എന്നെ കളിപ്പിക്കുന്നു!!''

''മറ്റു പല രഹസ്യങ്ങളും നീയെന്നോടു് മടികൂടാതെ പറഞ്ഞിട്ടുണ്ടു്. ആ ഒരു കാര്യം മാത്രം, ''ഞാനൊന്നുമറിഞ്ഞില്ലേ, രാമനാരായണ'' എന്ന മട്ടിൽ ഹൃദയത്തിൽ പൂഴ്ത്തിവച്ചുകളഞ്ഞു. അല്ലേ?''— ഞാൻ ആലീസിന്റെ നേരേയങ്ങനെയൊരു വിദ്യ പ്രയോഗിച്ചു.

അവരും എന്റെ തോളിൽ സ്നേഹപൂർവ്വം ഒന്നു തട്ടി.

''പോ! കള്ളിപ്പെണ്ണേ! കാര്യമെന്താണെന്നു പറയൂ! ഞാൻ മനസ്സറിഞ്ഞുകൊണ്ടു് നിന്റെടുക്കൽ യാതൊരു രഹസ്യവും മറച്ചുവച്ചിട്ടില്ലെന്നു് നിനക്കറിയാമല്ലോ. പിന്നെ ഞാനെന്നാ കടുംകൈ ചെയ്തെന്നാ?''

ആലീസിന്റെ ആത്മാർത്ഥത നിറഞ്ഞ നിസ്സളങ്ക ഹൃദയം അവരും എന്നെ തുറന്നുകാട്ടാൻ ശ്രമിച്ചു. എന്നിട്ടു്, ഞാൻ പറഞ്ഞതെന്താണെന്നറിയുവാൻ ആകാംക്ഷയോടെ എന്റെ മുഖത്തേക്കു നോക്കിയിരുന്നു.

മനോഹരമായ അമ്പിളി, ധവളമായകരം നീട്ടി ആലീസിന്റെ തുടുത്ത കവിളുകളെ സസ്നേഹം തലോടിയപ്പോം അവളുടെ മുഖം പൂവ്വോപരി സുന്ദരമായി. അവളുടെ ജിജ്ഞാസാശമിപ്പിക്കുവാൻ വേണ്ടി, ഞാൻ പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു:—

''എങ്കിലും, ആ മാത്യുവിനെ നിരാശക്കടലിൽ തള്ളിയിട്ടു് നീ വേറെ വള്ളം കയറിയില്ലെ? അതിന്റെ കാരണം മാത്രം നീയെന്നോടു് ഇതുവരെ പറഞ്ഞിട്ടില്ലല്ലോ.''

ആലീസിന്റെ മുഖത്തെ ഭാവഭേദങ്ങം എന്താണെന്നു് സസൂക്ഷ്മം വീക്ഷിച്ചുകൊണ്ടാണു് ഞാനത്രയും പറഞ്ഞതു്. താരുണ്യം തഴകിയുണർത്തിയ ശേഷം ആദ്യമായി പരിചയിച്ചു് സ്നേഹിക്കുന്നവരെ വിട്ടു് മറ്റു വല്ലവരെയും കല്യാണം കഴിക്കേണ്ടിവരുന്നവർക്കു്, കാലം വളരെക്കഴിഞ്ഞാലും, പഴയ ആളിന്റെ പേരുകേൾക്കുമ്പോം രക്തസമ്മർദ്ദം വർദ്ധിക്കും, ഹൃദയമിടിപ്പു താളം തെറ്റിക്കും, എന്നൊക്കെ കേട്ടിട്ടുണ്ടു്! എന്റെ വാക്കുകം ആലീസിൽ എന്തു പ്രതികരണമാണുളവാക്കുന്നതെന്നായിരുന്നു എന്റെ നോട്ടം.

ആലീസിന്റെ മുഖത്തു് യാതൊരു ഭാവഭേദവുമുണ്ടായില്ല,

''ഓ! അതാണോ, ഇത്ര വലിയ കാര്യമായിക്കരുതിവച്ചു്, പുകച്ചുകൊണ്ടിരുന്നതു്?''— അവരും അലക്ഷ്യമായ ഒരു പുഞ്ചിരിയോടെ ചോദിച്ചു.

''ഉം? എന്താ, അതത്ര നിസ്സാരമാണോ? നിങ്ങം തമ്മിൽ പ്രേമത്തിലാണെന്നും, മാതാപിതാക്കന്മാരുടെ അനുവാദത്തോടെ കല്യാണം നടക്കാൻ പോകുന്നുവെന്നും നാട്ടിലൊക്കെ പരസ്യമായതാണു്. എന്നിട്ടു്, ആരുമാരും നിർബന്ധിക്കാതെ ഒരു സുപ്രഭാതത്തിൽ നീയതിൽനിന്നു് പിന്മാറിയതെന്തുകൊണ്ടാണു്?''

''എന്റെ സിസിലീ, ആ കഥ ആരംഭം മുതൽ നിനക്കു കേൾക്കാൻ ഇഷ്ടമാണെങ്കിൽ ഞാൻ പറയാം.''

ആലീസിന്റെ ആത്മകഥ കേൾക്കുവാൻ ഞാൻ കൗതുകം പ്രകടിപ്പിച്ചു. അഴകേറിയ അവളുടെ നയനങ്ങൾക്കു് തോരണം തൂക്കുവാനെന്നവണ്ണം മുന്നോട്ടിറങ്ങിക്കിടന്ന അളകങ്ങളെ പിന്നോട്ടു തടവിനീക്കിക്കൊണ്ടു് ആലീസ് പറഞ്ഞുതുടങ്ങി:—

''മാത്യുവിനെ ചിലപ്പോഴൊക്കെ

പള്ളിയിൽവച്ചു കണ്ടിട്ടുണ്ടായിരുന്നു ഞാൻ. ആരാണെന്നും ഏതാണെന്നുമൊന്നും അറിഞ്ഞുകൂടായിരുന്നു. അന്നൊരു ശനിയാഴ്ചദിവസം പള്ളിയിലെ സൊഡാലിറിമീറിംഗ്രം കഴിഞ്ഞു് ഞാൻ വീട്ടിലേക്കു പോകുകയായിരുന്നു. പള്ളിവിട്ടപ്പഴെ, സൊഡാലിറിക്കാരിൽ ഒരു കൂട്ടർ ഇരച്ചോടിക്കഴിഞ്ഞു. പിന്നെയൊരു കൂട്ടരുണ്ടല്ലോ, ഉച്ചകഴിയുന്നതുവരെ അച്ചന്റെ മുറിയുടെ വാതുക്കൽ ചുറ്റിപ്പറ്റിക്കൂടുന്നവർ! ഇവ രണ്ടിലുംപെടാത്ത ഞാൻ വീട്ടിലേക്കു തിരിച്ചതു തനിച്ചായിപ്പോയി!''

''തനിച്ചായതുകൊണ്ടെന്താ, വല്ല.....!'' അല്പം ആശങ്കയോടെ ഞാൻ കടന്നുപോദിച്ചു.

ആലീസു് തുടർന്നു:—

''തനിച്ചായതുകൊണ്ടു് ഒന്നും പറ്റിയെന്നല്ല! ഞാൻ വീട്ടിലേക്കു നടന്നു്, ആ വളവു് തിരിഞ്ഞു് ഇറക്കമിറങ്ങി, പുളിഞ്ചിമാവിന്റെ ചുവട്ടിലെത്തിയപ്പോൾ മാത്യു ഇങ്ങോട്ടു വരുന്നു. 'എന്താ, തനിച്ചായിപ്പോയതിന്നു്?' എന്നു് അയാൾ പരിചയഭാവത്തിൽ എന്നോടു ചോദിച്ചു. തേട്ടോ സിസിലീ, പ്രായപൂർത്തിയായ സ്ത്രീകളെ കാണുമ്പോഴും, അവരുമായി സംസാരിക്കുമ്പോഴും നമ്മുടെ നാട്ടിൻപുറത്തെ ചില പെറ്റപ്പക്കാർ കാണിക്കാറുള്ള ''വെപ്രാള'' ങ്ങളൊന്നും അയാളെ കാണിച്ചിരുന്നില്ല,''

''അ! അപ്പോൾ, അയാൾ ഒരു നല്ലയാളായിരുന്നല്ലോ. പിന്നെ?''

''അല്ലെന്നാരുപറഞ്ഞു. അ! എന്നിട്ടു്, പറയുന്നതു കേൾക്കു, സിസിലീ, അങ്ങനെ പലപ്പോഴായി വഴിയിൽ പലേടത്തും വച്ചു് യാദൃശ്ചികമായി കണ്ടു സംസാരിച്ചു പരിചയപ്പെട്ടു. ഒടുവിൽ എനിക്കു മനസ്സിലായി, പുള്ളിക്കാരനു് എന്റെമേൽ അല്പം നോട്ടമുണ്ടെന്നു്.''

''ഓ! നിനക്കു് അങ്ങോട്ടു് നോട്ടമൊന്നുമില്ലായിരുന്നെന്നു തോന്നും നിന്റെ വർത്തമാനം കേട്ടാൽ! കള്ളിപ്പെണ്ണേ!''— തുടുത്തു് ചെറിയ ഒരടി കൊടുത്തുകൊണ്ടു് ഞാൻ ആലീസിനെ കളിയാക്കി.

''അതു പറയാം. എന്റെ ദൈവവിളി തിരഞ്ഞെടുക്കേണ്ട ഒരു ഘട്ടത്തിൽ അങ്ങനെയൊരാഹ്വാനമുണ്ടായപ്പോൾ ഞാനും അതേപ്പറ്റി ആലോചിച്ചു. സാമ്പത്തികനില നോക്കിയാൽ മാത്യുവിന്റെ വീട്ടുകാർ നമുക്കു യോജിച്ച വരാണു്. നല്ല പാരമ്പര്യമുള്ള പഴയ കുടുംബവും, അങ്ങനെ ആകപ്പാടെ തരക്കേടില്ലെന്നു് എനിക്കും തോന്നി. പിന്നിട്ടു്, കാണുമ്പോഴെല്ലാം മാത്യു വർത്തമാനങ്ങൾക്കിടയിൽ, വിവാഹം ഉറപ്പിക്കുന്നതിനെപ്പറ്റി സൂചിപ്പിച്ചുതുടങ്ങി.''

''അങ്ങനെ എന്റെ ആലീസും ആ പ്രേമസാഗരത്തിലേക്കു് എടുത്തുചാടി! അല്ലേ?''—ഞാൻ അവളെ കളിയാക്കിച്ചിരിച്ചു.

''ങ്ഹും! എടീ, പതുക്കെ!! മറ്റുള്ളവരുടെ ഉറക്കത്തിനു് ഞാൻ മൂലം ശല്യമുണ്ടായാൽ അവരെന്നെപ്പറ്റി എന്തു വിചാരിക്കും! നിനക്കിതു വല്യ ചിരിയും ബഹളവുമാണെങ്കിൽ ഞാൻ ഇനി പറയുന്നില്ല.''

ആലീസു് അല്പമൊന്നു മടിച്ചിരുന്നു.

''എടീ, നീയിവിടെ വരുകയും വർത്തമാനം പറഞ്ഞു ചിരിക്കുകയും മറ്റും ചെയ്യുന്നതിൽ ഇവിടെയുള്ളവർക്കൊക്കെ സന്തോഷമേയുള്ളൂ. ആരും നിന്നെപ്പറ്റി ഒന്നും വിചാരിക്കയില്ല. പറഞ്ഞോളൂ ആ കഥ.''

ഞാൻ ആലീസിനു പ്രോത്സാഹനം നൽകി. അവൾ കഥാകഥനം തുടർന്നു:—

''അ! എന്നാലെ, സിസിലി പറയുമ്പോലെയ്ക്കു് ഞാൻ അതിലേക്കെങ്ങും എടുത്തുചാടിയുമറ്റുമില്ല. കേട്ടോ! അതുകൊണ്ടല്ലെ സുരക്ഷിതമായി ഇങ്ങെ കടന്നുപോന്നതു്. ങ്ഹ്! അ! എന്നിട്ടു്! കല്യാണം ഉറപ്പിക്കാൻ മാത്യു അങ്ങനെ നിർബന്ധം തുടങ്ങിയപ്പോൾ ഞാൻ അമ്മച്ചിയോടും അക്കാര്യം പറഞ്ഞു. ചുറ്റുപാടുകാരറിഞ്ഞതിൽ വീട്ടുകാർക്കും വിസമ്മതമുണ്ടായിരുന്നില്ല. ഓ! എന്നാലും അയാളെ എന്തെല്ലാമാണു് പ്രതിജ്ഞചെയ്തെന്നോ? എന്നെ വളരെയേറെ സ്നേഹിക്കുന്നുണ്ടെന്നും എന്നെയല്ലാതെ മറ്റാരേയും ഈ ജന്മത്തിൽ, വിവാഹം കഴിക്കുകയില്ലെന്നും മറ്റും പല വൃഥാ ഉറപ്പിച്ചുപറഞ്ഞു. ഈ, സ്നേഹവുംകൊണ്ടു നടക്കുന്ന കൂട്ടരെല്ലാം അങ്ങനെയായിരിക്കും; അല്ലേ? എന്റെ സിസിലീ, എന്താണു ചെയ്യേണ്ടതെന്നു് എനിക്കൊരു രൂപവുമുണ്ടായിരുന്നില്ല.

''ഏതായാലും അന്നു രാത്രി ഞാൻ ദിവ്യാംബികയേറ്റു് ഹൃദയം തുറന്നു് പ്രാർത്ഥിച്ചു. എന്റെ ഭാവിയെ കാത്തുകൊള്ളണേയെന്നു്. ദൈവിളിയിലേക്കുള്ള മാർഗ്ഗത്തിൽ എന്റെ കാലടികൾ തെറ്റാതെ നയിക്കണേന്നു്! പിറേന്നു് ഒരു ശനിയാഴ്ചയായിരുന്നു. അന്നു് ദിവ്യകാരുണ്യം സ്വീകരിച്ചു്, ആ ദിവ്യബലി പ്രത്യേക നിയോഗപ്രകാരം കാഴ്ചവച്ചു് വിമലാംബികയോടു് വീണ്ടും പ്രാർത്ഥിച്ചു.

''സൊഡലിറിമീറിംഗ്രം അപേക്ഷയുമെല്ലാം കഴിഞ്ഞു് പതിവുപോലെ ഞാൻ വീട്ടിലേക്കു തിരിച്ചു. ആ ഇറക്കമിറങ്ങി വളവിലെത്തിയപ്പോൾ എവിടെനിന്നോ മാത്യുവും എത്തി എന്റെ കൂട്ടത്തിൽ. വർത്തമാനങ്ങൾക്കിടയിൽ പലതും പറഞ്ഞു കേട്ടുകൊണ്ടുനടന്നു. അയാൾ വീണ്ടും കല്യാണക്കാര്യം ഉന്നയിച്ചു. അയാൾക്കെന്നോടുള്ള പ്രേമാധിക്യവും മറ്റും ആവർത്തിച്ചു പറഞ്ഞു. പെട്ടെന്നു് എന്റെ മനസ്സിൽ ഒരാശയം മൊട്ടിട്ടു വിരിഞ്ഞു. ഞാൻ മാത്യുവിനോടു ചോദിച്ചു:—

''എന്നെയിത്രയധികം സ്നേഹിക്കാനും മറ്റാരെയും വിവാഹം കഴിക്കയില്ലെന്നു തീരുമാനിക്കാനുമെന്താണു കാരണം?''

''അല്പമൊന്നാലോചിച്ചുനിന്നിട്ടു് മാത്യു എന്റെ മുഖത്തുനോക്കിപ്പറഞ്ഞു:—

''ആലീസിന്റെ ആ സുന്ദരമായ നുണക്കുഴികളും, തിരമാലപോലെ മനോഹരമായ തലമുടിയും, കയിൽനാദംപോലെയുള്ള പാട്ടും ആണു് എന്നെ വശീകരിച്ചുകളഞ്ഞതു്. എനിക്കതു മറക്കാൻ സാദ്ധ്യമല്ല.'

''അതു് പറഞ്ഞപ്പോഴത്തെ മാത്യുവിന്റെ ഹൃദയം ആനന്ദംകൊണ്ടലയടിക്കുന്നതായി അയാളുടെ പ്രകാശിക്കുന്ന മുഖം സ്പഷ്ടമാക്കി.

''സ്ത്രീധനവും മറ്റും എത്രമാത്രം വേണം?'—ഞാൻ വീണ്ടും മാത്യുവിനോടു് ചോദിച്ചു. അതിനും അയാൾ മറുപടി പറഞ്ഞു:—

''മൂവായിരം രൂപയും ഇരുപതുപവന്റെ സ്വർണ്ണവും തരാമെന്നു പറഞ്ഞുവന്ന ഒരു കല്യാണം ഞാനുപേക്ഷിച്ചതിനു് അപ്പച്ചൻ എന്നെ വഴക്കുപറഞ്ഞു. എങ്കിലും രണ്ടായിരവും ഒരു പത്തുപവനുമെങ്കിലുമുണ്ടെങ്കിൽ കല്യാണം നടത്താം.'

''എന്റെ സിസിലീ, അതുകേട്ടു് ഞാനൊന്നുംമിണ്ടാതെ കുറേക്കുടി നടന്നു. മാത്യു എന്റെ കൂട്ടത്തിലും. അവിടെ വഴിയരുകിൽ ഒരു വലിയ ആലു് നില്പുണ്ടായിരുന്നു. ദിവാകരന്റെ ഉഗ്രകിരണങ്ങളേറ്റു് വലയുന്നവർക്കു്, പ്രതിഫലംകൂടാതെ തുണയും തണലുമേകിക്കൊണ്ടു നിന്ന ഉദാരദയാലുവായ ആലു്. ഞാൻ അതിന്റെ കീഴിലെത്തിയപ്പോഴേ, എവിടെന്നോ സ്നേഹപൂവ്വം ഓടിയെത്തിയ ഒരു മന്ദമാരുതൻ, എന്റെ ചൂടേറിയ ഹൃദയത്തിനും മനസ്സിനും അല്പം തണുപ്പനൽകിയെന്നു തോന്നുന്നു. ഞാൻ ഒരു നിമിഷം അവിടെനിന്നു.

''എന്താ, ഒന്നും മിണ്ടാത്തതു്?'—മാത്യു എന്നോടു ചോദിച്ചു. ഞാൻ അതിനിങ്ങനെ മറുപടി നൽകി:—

''എന്റെ മാത്യു, ഞാൻ നിമിത്തം ആയിരം രൂപയും പത്തുപവന്റെ സ്വർണ്ണവും മാത്യു നഷ്ടപ്പെടുത്തരുതു്. പുറമെ മാതാപിതാക്കളുടെ വഴക്കുപറച്ചിലും ഏല്ക്കുകയും! അതെല്ലാം എന്തിനു വേണ്ടിയാണു്? അല്പകാലംകൊണ്ടു നശിച്ചുപോകുന്ന എന്റെ നശ്വരശരീരം ചുരുളൻമുടിക്കും വേണ്ടി!! എന്റെ ചുരുളൻമുടി, വേണമെങ്കിൽ ഞാൻ മുറിച്ചുതന്നേക്കാം, എന്നാലും മാത്യു ആ വലിയ ത്യാഗം ചെയ്യുകുടാ! ദയവായി എന്നെ മറന്നേക്കുക. സ്നേഹിതാ, എന്നോടു് പരിഭവിക്കല്ലേ!'

''ശാന്തമായി ഇത്രയും പറഞ്ഞിട്ടു് ഞാൻ വീട്ടിലേക്കു നടന്നു. അപ്പോഴും ആ ആലു് മർമ്മരശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് ഒരു കൊച്ചിളംകാറ്റു് ഇളക്കിവിട്ടു. അങ്ങനെയാണു സിസിലീ, ഞാൻ ആ പ്രേമാത്മനെ പരിത്യജിച്ചതു്.''

''ഓ! നീ ഇടയ്ക്കുവച്ചു്, ''കാലുമാറി'' മാത്യുവിനെ ഉപേക്ഷിച്ചിട്ടു്, അയാൾക്കെന്നാ വേറെ പെണ്ണുകിട്ടിയിട്ടില്ലായിരിക്കും!'' ഞാൻ ആലീസിനോടു തമാശയായി പറഞ്ഞു.

''അയാൾക്കു വേറെ കല്യാണം കഴിച്ചു് സുഖമായി കുടുംബജീവിതം നയി

സന്താൾമിഷൻ മുന്നോട്ട്

(ജേക്കബ് കൊച്ചാലുംമൂവടൻ)

കൽക്കട്ടായുടെ വടക്കുള്ള സന്താൾമിഷൻ കേരളീയർക്ക് സുപരിചിതമാണ്. മിഷൻ പ്രവർത്തനത്തിനു വിഘാതമായി നൂറായിരം വിലങ്ങുതടികൾ ഉണ്ടായിട്ടും സന്താൾമിഷൻ അനുദിനം പുരോഗമിച്ചുവരുന്നു. അവിടത്തെ സ്ഥിതി സംക്ഷിപ്തമായി ഇതിൽ വായിക്കാം.

ഇൻഡ്യയുടെ വടക്കുകിഴക്ക് കൽക്കട്ടായിൽ നിന്നും ഉദ്ദേശം 150 മൈൽ വടക്ക്, ബീഹാർസംസ്ഥാനത്തിലെ സന്താൾ പർഗാനാസ്, പൂർണയ എന്നീ ഡിസ്ട്രിക്ടുകൾ മാത്രമായിരുന്ന സന്താൾമിഷന്റെ ഭാഗങ്ങൾ. എന്നാൽ ഡുംകാ ശുപതയിൽ മേൽപ്പറഞ്ഞ രണ്ടു ഡിസ്ട്രിക്ടുകൾക്കു പുറമേ, പശ്ചിമബംഗാളിലെ മാൽഡാ, ഡിനാജ്പൂർ ഡിസ്ട്രിക്ടുകളും, ബീർഭും ഡിസ്ട്രിക്ടിന്റെ രംപൂർഹാട്ട് സബ്ഡിവിഷനും ഉൾപ്പെടുന്നു. ഇപ്പോൾ സന്താൾമിഷന്റെ ആകെ വിസ്തീർണ്ണം 14,603 ച. മൈൽ; ജനസംഖ്യ 72 ലക്ഷം: അവരിൽ കത്തോലിക്കർ 3,000.

ഗാഗാനദി സന്താൾ മിഷന്റെ മദ്ധ്യത്തുകൂടി പ്രവഹിക്കുന്നു. രാജ്മഹാൾ മലകൾ ഇവിടെയാണ്. വടക്കേ അതിർത്തി നീപ്പാൾരാജ്യം; പൂർവ്വപാകിസ്ഥാൻ കിഴക്കേ അതിർത്തിയും. മഴ നന്നായി ലഭിക്കുന്നതുകൊണ്ട് ഇവിടം താരതമ്യേന ഫലഭൂയിഷ്ഠമാണ്. വടക്കേ ഇൻഡ്യയിലുള്ള മറ്റു പല സ്ഥലങ്ങളെയുമപേക്ഷിച്ചു, ഉഷ്ണക്കുറവും നല്ല കാലാവസ്ഥയും ഇവിടെ അനുഭവപ്പെടുന്നു.

ജനങ്ങളിൽ ഭൂരിഭാഗവും സന്താളികളാണ് എന്നറിയപ്പെടുന്ന ആദിവാസിവർഗ്ഗക്കാരാണ്. ഒരിക്കൽ അവർക്ക് സ്വന്തം വസ്തുവകകളും ഉണ്ടായിരുന്നെങ്കിലും കാലക്രമത്തിൽ ജന്മികളും അവരുടെ തട്ടിയെടുത്തു. അങ്ങനെ നൂറ്റാണ്ടുകളായി ജന്മികളുടെകീഴിൽ അടിമകളേപ്പോലെ അവർ ജീവിച്ചുവന്നു, എന്നാൽ ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തങ്ങളുടെ അവകാശങ്ങൾ അവർ വീണ്ടെടുത്തു. ഇപ്പോൾ അവരുടെ അവകാശസംരക്ഷണത്തിനും മറ്റുമായി ഗവൺമെന്റ് പല നിയമങ്ങളും നടപ്പാക്കിയിട്ടുണ്ട്. സന്താളികളിൽ ഭൂരിഭാഗവും കൃഷിക്കാരാണ്. പ്രധാന ഭക്ഷണധാന്യവും (കേരളത്തിലേതുപോലെ) നെല്ലുതന്നെ.

സന്താളിയാണ് സംസാരഭാഷ. പ്രത്യേകമായ അക്ഷരമാല ഇല്ലാത്തതുകൊണ്ട് ഇംഗ്ലീഷ് അക്ഷരങ്ങളാണ് ഉപയോഗിക്കുക. മിഷനറിമാരാണ് ഈ ഭാഷയിൽ ആദ്യം പ്രസിദ്ധീകരണങ്ങളും ആരംഭിച്ചത്. വേദോപദേശം, പുതിയ നിയമം, പ്രാർത്ഥനപ്പുസ്തകങ്ങൾ എന്നിവയുടെ പുറമേ രണ്ടു മാസികകളും ഈ ഭാഷയിൽ ഇപ്പോഴും ഉണ്ട്. സ്കൂളുകളിലെ അദ്ധ്യയനഭാഷയാകട്ടെ ഹിന്ദിയും.

നിരക്ഷരരും ദരിദ്രരുമായ അവർ ക്രിസ്തുനാഥന്റെ ദിവ്യരക്ഷാമാർഗ്ഗങ്ങൾ കാണാതെ കഴിയുകയായിരുന്നു. ചില പ്രോട്ടസ്റ്റന്റുമിഷനറിമാർ, ദശാബ്ദങ്ങൾക്കുമുമ്പ് ഇവിടെ സുവിശേഷം പ്രസംഗിച്ചുതുടങ്ങിയെങ്കിലും വേണ്ടത്ര വേരുന്നിയില്ല. അങ്ങനെ, ആദ്ധ്യാത്മികവും സാമൂഹ്യവുമായ പുരോഗതിയില്ലാതെ അധഃപതനത്തിന്റെ അടിവാരത്തിൽ കിടന്നിരുന്ന ഇന്നാട്ടുകാർക്ക് 'മുക്തിസന്ദേശം' ആദ്യം എത്തിച്ചതു് 1925-ൽ ഡി ബോനൊ എന്ന ഈശോസഭാവൈദികനാണ്. അന്ന് ഇവിടെ ഉണ്ടായിരുന്ന എൺപതു കത്തോലിക്കർ, 1925 നു മുൻപു് ചില മിഷനറിമാർ നടത്തിയ പര്യടനങ്ങളുടെ നേട്ടമായിരുന്നു. പള്ളിയോ താമസസ്ഥലമോ ഇല്ലാതെ, ആദ്യം ഒരു മരത്തിൻചുവട്ടിലും പിന്നീട് ഒരു ചൊറക്കുടിലിലും താമസിച്ച് ഡി ബോനൊ അച്ചൻ പ്രേഷിതവേല തുടങ്ങി.

വിസ്തൃതമായ ഈ പ്രദേശത്തു് പല കത്തോലിക്കരും ഇടവകപ്പള്ളിയിൽനിന്നും 40-ം, 50-ം മൈൽ ദൂരത്തിലാണു വസിക്കുക. അവർക്കു വഴിത്തിൽ ഒന്നരണ്ടു പ്രാവശ്യത്തിൽകൂടുതൽ വൈദികനെ സന്ദർശിക്കുന്നതിനോ ദിവ്യബലിയിൽ സംബന്ധിക്കുന്നതിനോ കൂദാശകൾ സ്വീകരിക്കുന്നതിനോ കഴിയുന്നില്ല. ഓരോ മിഷനറിക്കും, വിവിധ ചുമതലകളുള്ളതിനാൽ, വഴിത്തിൽ ഒരു പ്രാവശ്യമായിരിക്കും വിദൂരത്തിൽ വസിക്കുന്ന കത്തോലിക്കരെ സന്ദർശിക്കുവാൻ സാധിക്കുക. കത്തോലിക്കരെ സംരക്ഷിക്കുന്നതിൽ ഇതുപോലെ അധികം പ്രയാസങ്ങളുള്ളപ്പോൾ അകത്തോലിക്കരുമായി സമ്പർക്കം പുലർത്തുന്നതിനും അവർക്കു രക്ഷയുടെ സന്ദേശങ്ങൾ നൽകുന്നതിനും ഉള്ള പ്രയാസങ്ങൾ പ്രത്യേകം എടുത്തു പറയേണ്ടതില്ലല്ലൊ'

—0—

കണമെന്നാണ് എന്റെ ആശ.''—ആലീസിന്റെ മറുപടി.

''അതേ. നിന്റെയാഗ്രഹത്തിന്റെ ആദ്യഭാഗം നിറവേറി. പക്ഷേ.....!'' ഞാൻ അർദ്ധോക്തിയിൽ വിരമിച്ചു.

''അതെന്താ, ''പക്ഷേ?'' മഴവൻ കേൾക്കട്ടെ ''

''അതോ? ചുരുളൻമുടിയും നണക്കുഴിയുമുള്ള ഒരു പെണ്ണിനെ അയാൾ വിവാഹം ചെയ്യ. രൂപയും പത്തുനാലായിരം കൊണ്ടുവന്നെന്നാണ് പറയുന്നതു്. പക്ഷേ, ആദ്യപ്രസവത്തെ തുടർന്നുണ്ടായ രോഗം അവളുടെ സൗന്ദര്യമെല്ലാം ഊറ്റിയെടുത്തുകളഞ്ഞു! അവളുടെ മുഖത്തെ ബ്ലൗസും അയവായിപ്പോയി! അതോടെ, മാതൃത്വത്തിനു് ഭാര്യയോടുണ്ടായിരുന്ന സ്നേഹവും തീരെ അസ്തമിച്ചു. അവൾ പറയുന്നതും ഏടുക്കുന്നതുമെല്ലാം എപ്പഴും അയാൾക്കു കുറവായി!, സദാ, വഴക്കും വയ്യാവേലിയും തന്നെ! പറഞ്ഞുസമ്മതിച്ചതിൽ ഏഴുണ്ടു് അരപ്പവൻ കുറച്ചേ കൊണ്ടുവന്നുള്ളുവെന്നു പറഞ്ഞു് ഇപ്പഴും അപ്പനും അമ്മയും അവളുടെ തലയിൽ തീ കോരിയിടുകയാണ്! ഭാര്യയെ സംബന്ധിച്ചു് മാതാപിതാക്കന്മാരുടെ മുമ്പിൽ തികച്ചും നിസ്സഹായനാണയാൾ..... ഹാ! ഏതായാലും ആലീസു് രക്ഷപ്പെട്ടു, കേട്ടോ?''—

ആലീസിന്റെ കൈത്തണ്ടിൽ ഒന്നു തട്ടിയിട്ടു് ചിരിച്ചുകൊണ്ടു ഞാൻ പറഞ്ഞു.

''ഞാൻ സ്വയം രക്ഷപ്പെട്ടതല്ല. വിമലാംബിക എന്നെ രക്ഷപ്പെടുത്തിയതാണെന്നു് എനിക്കു തോന്നുന്നു.'' ഭിത്തിയിൽ തൂക്കിയിരുന്ന മരിയാംബികയുടെ മനോഹര ചിത്രത്തിലേക്കു്, കൃതജ്ഞതാനിർഭരമായി നോക്കിക്കൊണ്ടു് ആലീസു് മറുപടി പറഞ്ഞു.

'ഓ! ഈ പെണ്ണുങ്ങളുടെയൊരു കാര്യം! ഇനി നാളെ പറയാമെടീ,''—അങ്ങേമുറിയിൽ നിന്നു് അമ്മയങ്ങനെ സ്നേഹപൂർവ്വം പറഞ്ഞതു് ആ നിശയുടെ പ്രശാന്തതയിൽ വന്നു് ഞങ്ങളുടെ കാതുകളിൽ എത്തി. ഭിത്തിയിലിരുന്ന നാഴികമണി ഒരു മുന്നറിയിപ്പുനൽകി മണി ഒന്നായെന്നു്. വേഗം വിളക്കണച്ചു് ഞങ്ങൾ കയറിക്കിടന്നു.

PRAKASH

Electric Dry Cleaners And Dyers

K. K. ROAD, KOTTAYAM-1. Phone: 2705.

Branches: ERNAKULAM, COCHIN: & ELOOR.

We Specialise in:-

* Sarees * Sharkskin * Terylene * Silks * Nylon
* KASAVU KAVANIES * Woollens etc. etc.

ENTRUST YOUR VALUABLE GARMENTS
with **PRAKASH** and get **NULOOK**

Statement about ownership and other particulars about newspaper (A. K. C. C. Bulletin)

FORM IV
(See Rule 8)

1	Place of Publication	Kottayam
2	Periodicity of its publication	Monthly
3	Printer's Name	K. C. Zacharias Kandathiparambil
	Nationality	Indian
	Address	A K C C Office, Nagampadom, Kottayam
4	Publisher's Name	see 3 above
	Nationality	
	Address	
5	Editor's Name	see 3 above
	Nationality	
	Address	
6	Names and addresses of individuals who own the newspaper and partners or shareholders holding more than one percent of the total capital.	The Committee All Kerala Catholic Congress.

1) K. C. Zacharias hereby declare that the particulars given above are true to the best of my knowledge and belief.

Date 24-3-1964

Signature of Publisher K. C. Zacharias
(Sd)

TRICHUR LEATHER WORKS

KOTTAYAM

All kinds of leather goods are available

at cheaper rates

Edited printed and published for the working Committee of the All Kerala Catholic Congress by Zacharias Kandathiparambil, at Deepika press Kottayam.